# പതിനഞ്ചാം കേരള നിയമസഭ

# മൂന്നാം സമ്മേളനം

2021 നവംബർ 3, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--312]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| മുഖ്യമന്ത്രി | : 5347 മുതൽ 5461 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 5462 മുതൽ 5553 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 5554 മുതൽ 5571 വരെ |
| തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി | : 5572 മുതൽ 5658 വരെ |

## എയർ ആംബുലൻസ് സംവിധാനം

5347 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയ്ക്ക് വേണ്ടി ഹെലികോപ്റ്റർ വാടകയ്ക്കെടുക്കുന്ന നടപടിയ്ക്ക് പകരം എയർ ആംബുലൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## സിവിൽ സർവ്വീസസ് പരീക്ഷയ്ക്ക് വേണ്ടി മികച്ച പരിശീലനം

5348 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസരംഗത്ത് രാജ്യത്ത് ഒന്നാമതായ കേരളീയർ സിവിൽ സർവ്വീസ് പോലുള്ള മത്സരപരീക്ഷകളിൽ അടുത്ത കാലത്തായി മികവ് പുലർത്തുന്നുവെന്നും സിവിൽ സർവ്വീസ് ബാലികേറാമലയാണെന്ന ധാരണ മാറ്റിക്കൊണ്ടിരിക്കുകയാണെന്നും കരുതുന്നുണ്ടോ;

(ബി) എങ്കിൽ കഴിഞ്ഞ വർഷം സിവിൽ സർവ്വീസ് ഫലത്തിൽ ആദ്യത്തെ നൂറിൽ എത്രപേർ മലയാളികളായിരുന്നുവെന്നും ആയത് ഈ വർഷം എത്രയാണെന്നും വ്യക്തമാക്കാമോ; ഇതിൽ പെൺകുട്ടികളുടെ മികവ് എടുത്തുപറയേണ്ടതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ സിവിൽ സർവ്വീസിന് മികച്ച പരിശീലനം നൽകുന്ന എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാന സർക്കാരിന്റെ കീഴിൽ തിരുവനന്തപുരത്ത് മികച്ച രീതിയിൽ

പ്രവർത്തിക്കുന്ന സിവിൽ സർവ്വീസ് അക്കാഡമിയുടെ മാതൃകയിൽ ജില്ലാ കേന്ദ്രങ്ങളിൽ പരിശീലനത്തിനായി നിലവിലുള്ള സൗകര്യങ്ങൾ സുസജ്ജമാക്കിയാൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരടക്കം കൂടുതൽ പേർക്ക് സിവിൽ സർവ്വീസ് നേടാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ മേൽപ്പറഞ്ഞ ലക്ഷ്യത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## പൊതു പരിപാടികൾക്കുള്ള മാനദണ്ഡം

5349 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊവിഡ് 19-ന്റെ പശ്ചാത്തലത്തിൽ നിലവിൽ പൊതു പരിപാടികൾക്ക് എത്ര പേർക്ക് പങ്കെടുക്കാമെന്നും പങ്കെടുക്കുന്നവർക്ക് രണ്ട് ഡോസ് വാക്സിൻ എടുക്കണമെന്ന് നിർബന്ധമുണ്ടോയെന്നും വിശദമാക്കാമോ?

## ദുരന്തനിവാരണ പ്ലാനുകൾ

5350 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലുള്ള എത്ര വകുപ്പുകളിൽ കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരമുള്ള ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടെന്നുള്ളതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെങ്കിലും വകുപ്പുകളിൽ ഇനിയും പ്ലാൻ തയ്യാറാക്കാൻ ഉണ്ടോ; വ്യക്തമാക്കുമോ?

## വകുപ്പുകൾ തമ്മിലുള്ള വ്യവഹാരങ്ങൾ

5351 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകൾ തമ്മിലുള്ള തർക്കത്തിന് കോടതിയെ സമീപിക്കുക വഴി സംസ്ഥാന ഖജനാവിന് ഭീമമായ സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ സർക്കാർ നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) വിവിധ വകുപ്പുകൾ തമ്മിലുള്ള വ്യവഹാരങ്ങൾ കാരണം പദ്ധതികളുടെ നടത്തിപ്പ് വൈകുന്നതും ഉപേക്ഷിക്കേണ്ടി വരുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും അറിയിക്കുമോ?

## പിറവം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

5352 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇനി ഭരണാനുമതി നൽകുവാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നറിയിയ്ക്കാമോ?

## കോതമംഗലം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി

5353 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(ബി) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം വകുപ്പുകൾ മുഖേന എന്തെല്ലാമാണെന്നും ഓരോ വകുപ്പിലും എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും വകുപ്പ് തിരിച്ച് തുക സഹിതം വ്യക്തമാക്കാമോ;

(സി) റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ ഓരോ വകുപ്പിലും നടപ്പിലാക്കി വരുന്നവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത എല്ലാ പ്രവൃത്തികളും അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സർക്കാർ/സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ ഔദ്യോഗിക പരിപാടി

5354 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഔദ്യോഗിക പരിപാടികളിൽ ആരെയൊക്കെ പങ്കെടുപ്പിക്കണമെന്ന്/ക്ഷണിക്കണമെന്ന് ഉത്തരവുകൾ നിലിവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്ന ഔദ്യോഗിക പരിപാടികളിൽ പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ.യെ കൂടാതെ തൊട്ടടുത്ത മണ്ഡലത്തിലെ എം.എൽ.എ.യെ കൂടി നിർബന്ധമായും ക്ഷണിക്കണമെന്ന് നിർദ്ദേശിക്കുന്ന ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) തൊട്ടടുത്ത മണ്ഡത്തിലെ എം.എൽ.എ.യെ പരിപാടിയിലേക്ക് ക്ഷണിച്ചിട്ടില്ല എന്ന കാരണത്താൽ അപ്രകാരം ക്ഷണിക്കാതിരുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുക്കുന്നതിന് ഉത്തരവുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## സെക്രട്ടേറിയറ്റിൽ പഞ്ചിങ് പുനരാരംഭിക്കൽ

5355 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാരണം സെക്രട്ടേറിയറ്റിൽ നിർത്തി വെച്ചിരുന്ന പഞ്ചിങ് പുനരാരംഭിച്ചിട്ടുണ്ടോയെന്ന് അറിയിയ്ക്കാമോ;

(ബി) സെക്രട്ടറിയറ്റ് ഓഫീസ് മാന്വൽ ചാപ്റ്റർ 24 പ്രകാരമാണോ പഞ്ചിങ് സമയം ക്രമീകരിച്ചിട്ടുള്ളതെന്ന് അറിയിയ്ക്കാമോ;

(സി) പ്രസ്തുത മാന്വൽ പ്രകാരം സെക്രട്ടറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ ഹാജർ സമയം എത്ര മണി മുതൽ എത്ര മണിവരെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) സെക്രട്ടേറിയറ്റിനു പുറമെ മറ്റേതെല്ലാം വകുപ്പുകളിലാണ് നിലവിൽ പഞ്ചിങ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിയ്ക്കാമോ?

## <u>പീഡന പരാതികൾക്കായുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റി</u>

5356 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീഡന പരാതികൾ കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ആഫീസുകളിൽ രൂപീകരിച്ചിട്ടുള്ള ഇന്റേണൽ കംപ്ലെയിന്റ്സ് കമ്മിറ്റികൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത്തരം കമ്മിറ്റികൾക്ക് ശിക്ഷാ നടപടികൾ സ്വീകരിക്കുവാനുള്ള അധികാരമുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## <u>മരണാനന്തര പെൻഷൻ നോമിനി</u>

5357 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ നിന്നും വിരമിക്കുന്ന അവിവാഹിതരുടെ മരണാനന്തര പെൻഷൻ നോമിനിയായി ആരെയൊക്കെ നിശ്ചയിക്കാൻ കഴിയും; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച സർവീസ് ചട്ടങ്ങൾ ഏതെല്ലാമാണെന്ന് പറയാമോ; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നത് പരിഗണനയിൽ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ഡി) ചട്ടങ്ങളിൽ പറയുന്നവർ ഇല്ലാത്തപക്ഷം സഹോദരിയുടെ മകൻ/മകളെ മരണാനന്തര പെൻഷൻ നോമിനിയായി പരിഗണിക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

## <u>ഫയൽ മൂവ്മെന്റ് സംവിധാനത്തിലെ തട്ടുകൾ കുറയ്ക്കാൻ നടപടി</u>

5358 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ഫയൽ മൂവ്മെന്റ് സംവിധാനത്തിലെ തട്ടുകൾ കുറയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ;

(ബി) കോവിഡ് കാരണം കെട്ടിക്കിടക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഫയൽ അദാലത്തുകൾ നടത്താൻ ആവശ്യമായ നടപടികൾ

സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കാമോ?

**<u>ജീവനക്കാരുടെ പുനർവിന്യാസം</u>**

5359 **ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആഫീസുകളിലെ അധിക തസ്തികകൾ കണ്ടെത്തി പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കാലാവധി അവസാനിച്ച കേന്ദ്രപദ്ധതികളിലെ ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>പൊതുഭരണ വകുപ്പിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ</u>**

5360 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ എത്ര അംഗീകൃത തസ്തികകളുണ്ടെന്ന് വ്യക്തമാക്കാമോ; ഗ്രേഡ്-2, ഗ്രേഡ്-1, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ് എന്നിങ്ങനെ തരം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ഗ്രേഡിലും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും ഒഴിവുകൾ നിലവിൽവന്ന തീയതിയും പ്രസ്തുത ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നൽകിയ തീയതിയും തരം തിരിച്ച് നൽകുമോ;

(സി) മേൽപ്പറഞ്ഞ ഒഴിവുകളിൽ എൻട്രി കേഡറായ ഗ്രേഡ്-2-ലെ ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തീയതികൾ അറിയിക്കുമോ;

(ഡി) കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയുടെ നിലവിലുള്ള ഗ്രഡേഷൻ ലിസ്റ്റ് നൽകാമോ; പ്രസ്തുത ഗ്രഡേഷൻ ലിസ്റ്റിലെ എത്രാമത്തെ ക്രമനമ്പർ വരെയുള്ളവർക്കാണ് കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-1 ലേക്ക് പ്രോമോഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത തസ്തികയിൽ സ്ഥാനക്കയറ്റം നൽകുന്നതിലെ കാലതാമസം മൂലം എൻട്രി കേഡറിൽ ഒഴിവുകൾ സൃഷ്ടിക്കപ്പെടുന്നതിന് താമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**<u>ജാതി സെൻസസ്</u>**

5361 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/അർദ്ധ സർക്കാർ/എയ്ഡഡ് മേഖലകളിലെ ജീവനക്കാരുടെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച കണക്കുകൾ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സെൻസസിനൊപ്പം ജാതി സെൻസസ് എടുക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാർ നിലപാട് എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള സെൻസസ് എടുക്കുന്നത് സംബന്ധിച്ച WP (C) 19937/2009 നമ്പർ ഹൈക്കോടതി വിധി നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>പൊതുഭരണ സെക്രട്ടേറിയറ്റിലെ ഓഫീസ് അറ്റൻഡന്റ് തസ്തിക</u>**

5362 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ സെക്രട്ടേറിയറ്റിലെ ഇരുന്നൂറ്റി ഇരുപത് ഓഫീസ് അറ്റൻഡന്റ് തസ്തികകൾ നിർത്തലാക്കി ഉത്തരാവായിട്ടുണ്ടോ; എങ്കിൽ ഈ തസ്തികകൾ നിർത്തലാക്കുന്നതിനുണ്ടായ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ നിർത്തലാക്കുന്നതിന് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ച സമിതിയിൽ ആരെല്ലാം ഉണ്ടായിരുന്നെന്ന് വ്യക്തമാക്കാമോ; സമിതി റിപ്പോർട്ട് ലഭ്യമാക്കുമോ;

(ഡി) പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇവരുടെ നിയമനരീതി വ്യക്തമാക്കുമോ?

**<u>സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന താല്ക്കാലിക ജീവനക്കാർ</u>**

5363 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്തിരുന്ന എത്ര താല്ക്കാലിക, ദിവസ വേതന ജീവനക്കാരെയാണ് ഇതു വരെ പിരിച്ചുവിട്ടിട്ടുള്ളത്; വകുപ്പ് തിരിച്ച് എണ്ണം വ്യക്തമാക്കാമോ?

**<u>വിവരാവകാശ നിയമത്തിലെ വകുപ്പ് 26 പ്രകാരമുള്ള പ്രവർത്തനങ്ങൾ</u>**

5364 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമത്തിലെ വകുപ്പ് 26 (1) (എ) പ്രകാരം 2016-17 മുതൽ 2020-21 വരെ എന്തെല്ലാം വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിയമത്തിലെ വകുപ്പ് 26 (1) (ഡി) പ്രകാരം 2016-17 മുതൽ 2020-21 വരെ ഉദ്യോഗസ്ഥർക്ക് ഏതെല്ലാം ദിവസങ്ങളിൽ എവിടെയെല്ലാം വച്ച് പരിശീലനം നൽകിയെന്ന് വ്യക്തമാക്കാമോ;

(സി) വിവരാവകാശ നിയമത്തിലെ വകുപ്പ് 26 (2) പ്രകാരം പ്രസ്തുത നിയമവുമായി ബന്ധപ്പെട്ട ഗൈഡ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഗൈഡ് ഏതെല്ലാം വർഷങ്ങളിൽ പുതുക്കി പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

**<u>സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾ</u>**

5365 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ തുക എത്രയെന്നും ഏത് ഹെഡ് ഓഫ് അക്കൗണ്ട് പ്രകാരമാണ് കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി പ്രസ്തുത തുക വകയിരുത്തുന്നതെന്നും വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ എത്ര പരാതികളും അപ്പീലുകളും തീർപ്പാക്കാൻ ബാക്കിയുണ്ടെന്ന് അറിയിക്കാമോ?

## സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക

5366 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിവരാവകാശ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ചെലവഴിച്ച തുകയുടെ ഓഡിറ്റ് ചെയ്ത കണക്ക് വ്യക്തമാക്കാമോ?

## നോളജ് ഇക്കോണമി മിഷൻ

5367 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോളജ് ഇക്കോണമി മിഷൻ എന്ന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും അഭ്യസ്തവിദ്യരായ ചെറുപ്പക്കാരിലേയ്ക്ക് പദ്ധതി എത്തിക്കുന്നതിനും കൂടുതൽ പ്രചാരണ പരിപാടികൾ സ്വീകരിക്കുമോ?

## ഷൊർണ്ണൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

5368 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതികളുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## നാദാപുരം മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

5369 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതി പ്രകാരം നടപ്പിലാക്കിയ

പ്രവൃത്തികൾ വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## പ്രകൃതിദുരന്ത ബാധിത മേഖലകളിൽ റീ ബിൽഡ് കേരള പദ്ധതി

5370 **ശ്രീ പി സി വിഷ്ണുനാഥ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയം, ഉരുൾപൊട്ടൽ അടക്കമുള്ള പ്രകൃതിദുരന്ത ബാധിത മേഖലകളിൽ നിന്നും ജനങ്ങളെ മാറ്റിപാർപ്പിക്കാൻ റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(ബി) പ്രളയം തടയാൻ റൂം ഫോർ റിവർ അടക്കമുള്ള പദ്ധതികൾ റീ ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

## അടിയന്തര സാഹചര്യങ്ങളിലെ മുന്നറിയിപ്പ് സന്ദേശങ്ങൾ

5371 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തര സാഹചര്യങ്ങളിൽ ജനങ്ങളിലേക്ക് മുന്നറിയിപ്പ് സന്ദേശങ്ങൾ എത്തിക്കുന്നതിനായി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ സംവിധാനത്തിലൂടെ 2021 ഒക്ടോബർ 14 മുതൽ 17 വരെ സംസ്ഥാനത്ത് ഉണ്ടായ കനത്ത മഴയെയും ഉരുൾപ്പൊട്ടലിനെയും സംബന്ധിച്ച എന്തൊക്കെ മുന്നറിയിപ്പ് സന്ദേശങ്ങൾ ഏതൊക്കെ പ്രദേശങ്ങളിൽ ഏതൊക്കെ മാർഗ്ഗങ്ങളിലൂടെ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## പരിസ്ഥിതിലോലപ്രദേശമായ കൂട്ടിക്കലിന്റെ സംരക്ഷണം

5372 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടിക്കൽ പഞ്ചായത്തിലെ കൊടുങ്ങ, വല്യേന്ത പാറമടകൾ പ്രവർത്തിക്കുന്നത് പരിസ്ഥിതിലോലപ്രദേശത്താണെന്നും ഇവയുടെ പ്രവർത്തനം നിരോധിക്കണമെന്നും കാട്ടി ജൈവവൈവിധ്യബോർഡ് റിപ്പോർട്ട് നൽകിയിരുന്നോ; എങ്കിൽ ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പശ്ചിമഘട്ടത്തിലെ ഏറ്റവും പരിസ്ഥിതിലോലവും ജൈവവൈവിധ്യമുള്ളതും സംരക്ഷിക്കപ്പെടേണ്ടതുമായ പ്രദേശമാണ് കൂട്ടിക്കൽ എന്ന് പ്രസ്തുത റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ?

## പ്രകൃതി ദുരന്തങ്ങൾ നേരിടാനുള്ള നടപടി

5373 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷമാകുമ്പോൾ സംസ്ഥാനത്ത് അടിക്കടി ഉണ്ടാകുന്ന ദുരന്തങ്ങളുടെ കാരണങ്ങളെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പ്രകൃതിക്ഷോഭമടക്കം ഉള്ള ദുരന്തങ്ങൾ കൈകാര്യം ചെയ്യുന്നതിന് ദീർഘകാല പദ്ധതികൾ ശാസ്ത്രീയമായി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രകൃതിവിഭവങ്ങളുടെ അനാവശ്യ ചൂഷണങ്ങളും പരിസ്ഥിതിക്ക് കോട്ടം വരുത്തുന്ന കയ്യേറ്റങ്ങളും ഇത്തരം ദുരന്തങ്ങൾക്ക് കാരണം ആകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ശക്തവും ശാസ്ത്രീയവുമായി തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പ്രകൃതിക്ഷോഭങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ

5374 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാവുന്നത് സംബന്ധിച്ച് 2021 ഒക്ടോബർ 14 മുതൽ 16 വരെയുള്ള തീയതികളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന എന്തെങ്കിലും മുന്നറിയിപ്പുകൾ നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലേക്ക് ഏത് രീതിയിലുള്ള മുന്നറിയിപ്പുകളാണ് നൽകിയത് എന്നതിന്റെ വിശദാംശം നൽകുമോ?

## തീരദേശ നിയന്ത്രണ മേഖലയിലെ വീട് നിർമ്മാണം

5375 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ നിയന്ത്രണ മേഖലയിലുൾപ്പെടുന്നവർക്ക് വീട് നിർമ്മിക്കുന്നതിനായി നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മേഖലയിൽ ഭൂമിയുണ്ട് എന്ന കാരണത്താൽ വേറെ ഭൂമിയില്ലാത്തവർക്ക് ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നില്ല എന്നത് പരിഗണിച്ച് പ്രസ്തുത മേഖലയിൽ ഉൾപ്പെടുന്നവർക്ക് വീട് നിർമ്മിക്കാൻ അനുമതി നൽകുന്നതിനുള്ള നടപടി വേഗത്തിലാക്കാൻ തയ്യാറാവുമോയെന്ന് വ്യക്തമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്ത്

5376 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമത്തിൽ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി മുൻപ് കായൽ ദ്വീപ് എന്ന വിഭാഗത്തിലാണോ ഉൾപ്പെട്ടിരുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) നാല് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന രാമന്തളി ഗ്രാമപഞ്ചായത്തിനെ

കായൽ ദ്വീപ് വിഭാഗത്തിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എന്ന് വിശദമാക്കാമോ?

### മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് യഥാസമയം നല്കാൻ നടപടി

5377 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.യിൽ ജോലി ചെയ്തുവരവേ രോഗ ബാധിതരായ ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് യഥാസമയം നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ എത്ര പേർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് നൽകാനുണ്ട്; വിശദാംശം നൽകാമോ;

(സി) ഇതിൽ മാരക രോഗങ്ങൾക്ക് ചികിത്സ തേടുന്ന ജീവനക്കാർക്കും വിരമിച്ചവർക്കും യഥാസമയം പ്രസ്തുത തുക അനുവദിക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

### കെ.എ.എസ്. സംബന്ധിച്ച കേസുകൾ

5378 **ശ്രീ. പി. നന്ദകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്.-മായി ബന്ധപ്പെട്ട് വിവിധ കോടതികളിലായി സർക്കാർ/ചീഫ് സെക്രട്ടറി എതിർ കക്ഷിയായ എത്ര കേസുകൾ നിലവിലുണ്ട്; പ്രസ്തുത കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കെ.എ.എസ്.-മായി ബന്ധപ്പെട്ട് വിവിധ കോടതികൾ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും വിധിന്യായം കെ.എ.എസ്. അഡ്വൈസിനെയും നിയമനത്തെയും ബാധിക്കുമോ; വ്യക്തമാക്കുമോ?

### കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നിയമനം

5379 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വന്നിട്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് വിവിധ വകുപ്പുകളിൽ നിന്നും ആകെ എത്ര ഒഴിവുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) കെ.എ.എസ്.-ലേക്ക് നീക്കി വച്ച രണ്ടാം ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾ മൂന്ന് ഘട്ടമായി മാത്രമേ നികത്തുകയുള്ളൂ എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയോ വിവിധ ജീവനക്കാരുടെ സംഘടനകൾക്ക് മുഖ്യമന്ത്രി ഉറപ്പ് നൽകുകയോ ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) കെ.എ.എസ്.-മായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 05.01.2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിന്റെയും കെ.എ.എസുമായി ബന്ധപ്പെട്ട് വിവിധ സർവ്വീസ് സംഘടനകളുമായി മുഖ്യമന്ത്രി നടത്തിയ 13.01.2017-ലെ മീറ്റിംഗിന്റെ മിനുട്സിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) 05.01.2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിനും 13.01.2017-ലെ മീറ്റിംഗിൽ സർവ്വീസ് സംഘടനകൾക്ക് മുഖ്യമന്ത്രി നല്കിയ ഉറപ്പിനും വിധേയമായിട്ടാണോ കെ.എ.എസ്. നിയമന നടപടികൾ പുരോഗമിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) അല്ലായെങ്കിൽ 13.01.2017-ലെ മീറ്റിംഗിൽ സർവ്വീസ് സംഘടനകൾക്ക് മുഖ്യമന്ത്രി നല്കിയ ഉറപ്പ് പാലിക്കാൻ നിർദ്ദേശം നല്കുമോയെന്ന് വ്യക്തമാക്കാമോ?

## കെ.എ.എസ്. നിയമനം

5380 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിനായി നാളിതുവരെ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്ത ആകെ ഒഴിവുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) നിലവിൽ റിപ്പോർട്ട് ചെയ്തത് കൂടാതെ ഇനിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; ആയതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) 186/2019, 187/2019, 188/2019 എന്നീ കാറ്റഗറി നമ്പർ പ്രകാരമുള്ള പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്ന് ആകെ എത്ര പേരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) 05.01.2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിനും മുഖ്യമന്ത്രിയുടെ 13.01.2017-ലെ ഉറപ്പിനും വിധേയമായി ആകെ ഒഴിവുകളുടെ മൂന്നിലൊന്ന് നിയമനങ്ങളാണോ പ്രസ്തുത റാങ്ക് ലിസ്റ്റുകളിൽ നിന്ന് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

## കെ.എ.എസ്. നിയമനം

5381 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വന്നിട്ടുള്ള കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് വിവിധ വകുപ്പുകളിൽ നിന്നും ആകെ എത്ര ഒഴിവുകളാണ് കണ്ടെത്തിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) കെ.എ.എസിലേക്ക് നീക്കി വച്ച രണ്ടാം ഗസറ്റഡ് തസ്തികകളിലെ ഒഴിവുകൾ മൂന്ന് ഘട്ടമായി മാത്രമേ നികത്തുകയുള്ളൂ എന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയോ വിവിധ ജീവനക്കാരുടെ സംഘടനകൾക്ക് മുഖ്യമന്ത്രി ഉറപ്പു നല്കുകയോ ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) കെ.എ.എസുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ച 05.01.2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിന്റെയും കെ.എ.എസുമായി ബന്ധപ്പെട്ട് വിവിധ സർവ്വീസ് സംഘടനകളുമായി ബഹു.മുഖ്യമന്ത്രി നടത്തിയ 13.01.2017-ലെ മീറ്റിംഗിന്റെ മിനുട്സിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) 05.01.2015-ലെ G.O(MS) No. 01/2015/GAD ഉത്തരവിനും 13.01.2017-ലെ മുഖ്യമന്ത്രിയുടെ ഉറപ്പിനും വിധേയമായിട്ടാണോ കെ.എ.എസ്. നിയമന നടപടികൾ

പുരോഗമിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഇ) അല്ലായെങ്കിൽ 13.01.2017-ലെ മീറ്റിംഗിൽ സർവ്വീസ് സംഘടനകൾക്ക് മുഖ്യമന്ത്രി നല്കിയ ഉറപ്പ് പാലിക്കാൻ നിർദ്ദേശം നല്കുമോയെന്ന് വ്യക്തമാക്കാമോ?

## കെ.എ.എസ്. നിയമനം

5382 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്ന് ഘട്ടമായി മാത്രമേ മുഴുവൻ ഒഴിവുകൾ നികത്തി കെ.എ.എസ്. നടപ്പിലാക്കുകയുള്ളൂ എന്ന നിലപാടിൽ മാറ്റം വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ നടന്നിട്ടുള്ള കെ.എ.എസ്. സെലക്ഷനായി എത്ര ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിലെ നിയമനം

5383 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ഗ്രേഡ് 2 തസ്തികയിലേക്കുള്ള നിയമനത്തിനായി പി.എസ്.സി. നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിലാണെന്നും നിയമന നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(സി) ഓരോ ജില്ലയിലും പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ വീതമാണ് ഉള്ളതെന്ന് പറയാമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) 2021-2022 വർഷത്തിൽ പ്രസ്തുത തസ്തികയിൽ ഉണ്ടാവുമെന്ന് കരുതുന്ന പ്രതീക്ഷിത ഒഴിവുകൾ എത്രയെന്ന് വകുപ്പ്/ജില്ല തിരിച്ച് വിശദാംശങ്ങൾ നൽകാമോ?

## ഉയർന്ന തസ്തികകളിലേക്ക് പി.എസ്.സി. നിയമനം

5384 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ മാതൃകയിൽ കേരള പി.എസ്.സി. മുഖേന ഡെപ്യൂട്ടി സെക്രട്ടറി റാങ്ക് മുതൽ മുകളിലേക്കുള്ള തസ്തികകളിൽ നേരിട്ട് നിയമനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

## മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, ഓവർസിയർ, ട്രേസർ തസ്തികകളുടെ യോഗ്യത

5385 **ശ്രീ വി കെ പ്രശാന്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തി വരുന്ന വിവിധ വകുപ്പുകളിലെ മൂന്നാം

ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, ഓവർസിയർ, ട്രേസർ തസ്തികകളിലേക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ വകുപ്പുകളിലെ മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ, ഓവർസിയർ, ട്രേസർ തസ്തികകളുടെ അംഗീകൃത അംഗബലം എത്ര; വിശദമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരിൽ ഡിപ്ലോമ, ബി.ടെക്., എം.ടെക്. ബിരുദമുള്ള എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ?

## <u>തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് ഒഴിവുകൾ</u>

5386 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് മലയാളം മീഡിയം എത്ര ഒഴിവുകളാണ് ബന്ധപ്പെട്ട വകുപ്പ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) 20.10.2020-ൽ പ്രസിദ്ധീകരിച്ച തിരുവനന്തപുരം ജില്ല എച്ച്.എസ്.എ. ഫിസിക്കൽ സയൻസ് മലയാളം മീഡിയം (കാറ്റഗറി നമ്പർ 227/2016) റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ നിലവിലുണ്ടായിട്ടും പ്രസ്തുത തസ്തികയിലേക്ക് നിയമന ശിപാർശ നൽകിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത തസ്തികയിലെ നിയമന ശിപാർശയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള കേസുകളോ പരാതികളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് എത്രയും വേഗം തീർപ്പ് കൽപ്പിച്ച് നിയമന ശിപാർശ നൽകുവാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. നിയമനം</u>

5387 **<u>ശ്രീ . പി . ഉബൈദുള്ള</u> :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 516/2019 പ്രകാരം എൽ.പി.എസ്.എ. തസ്തികയിലേയ്ക്ക് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നവരുടെ എണ്ണം നിശ്ചയിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഓരോ ജില്ലക്കും പ്രത്യേക മാനദണ്ഡങ്ങൾ ഉണ്ടായിരുന്നോ; വിശദാംശം നൽകുമോ;

(ബി) മലപ്പുറം ജില്ലയിലെ ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയപ്പോൾ നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത വിജ്ഞാപനപ്രകാരം 14 ജില്ലകളിലും തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിന്റെ മുഖ്യ പട്ടികയിൽ ഉൾപെട്ടവരുടെ എണ്ണവും ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിച്ച ഒഴിവുകളും കണക്കാക്കിയ തീയതിയും ജില്ല തിരിച്ച് വിശദീകരിക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ എൽ.പി.എസ്.എ. തസ്തികയിലേയ്ക്കുള്ള നിയമന നടപടികൾ ത്വരിതപ്പെടുത്തുവാൻ നിർദേശം നൽകുമോ?

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രമോഷൻ

5388 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷം സർവ്വീസ് പൂർത്തിയായതും വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് പ്രമോഷൻ നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ വിശദമാക്കാമോ; ഇല്ലെങ്കിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലേക്ക് പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) ലാസ്റ്റ് ഗ്രേഡ് വിഭാഗത്തെ ക്ലറിക്കൽ തസ്തികകൾ ഉൾപ്പെടുന്ന സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ക്ലറിക്കൽ തസ്തികയിൽ ഉള്ളവർക്ക് വകുപ്പുതല പരീക്ഷ നടത്തി പ്രമോഷൻ നൽകുന്ന അതേ മാതൃകയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും വകുപ്പുതല പരീക്ഷ നടത്തി ക്ലറിക്കൽ തസ്തികയിലേക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ക്ലറിക്കൽ തസ്തികയിലെ ആകെ ഒഴിവുകളിൽ പത്ത് ശതമാനം മാത്രമേ പ്രമോഷൻ നൽകാവൂ എന്ന വ്യവസ്ഥ കാരണം പ്രസ്തുത ജീവനക്കാർ അതേ തസ്തികയിൽ തന്നെ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് നൽകുന്ന പത്ത് ശതമാനം പ്രമോഷൻ വർദ്ധിപ്പിക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുമോ;

(ഇ) ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് സമയബന്ധിതമായി റേഷ്യോ പ്രമോഷൻ നൽകാൻ നടപടി സ്വീകരിക്കുമോ?

## സർക്കാർ ഉത്തരവുകൾ മലയാളത്തിലാക്കാൻ നടപടി

5389 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. ടി.സിദ്ദിഖ്**
**ശ്രീ. സജീവ് ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഭാഷ മാതൃഭാഷയാക്കുന്നതിന്റെ ഭാഗമായി ഫയലുകൾ മലയാളത്തിൽ പരിശോധിക്കണമെന്ന നിർദ്ദേശം വിവിധ വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കോവിഡ് നിയന്ത്രണങ്ങളും ഇളവുകളും സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സാധാരണ ജനങ്ങൾക്ക് ആവശ്യമായ സർക്കാർ ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത് ഭരണഭാഷ മാതൃഭാഷയാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത്തരത്തിൽ ഉത്തരവ്

പുറപ്പെടുവിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ നിർദേശങ്ങൾക്ക് വിരുദ്ധമായി ഇംഗ്ലീഷിൽ ഉത്തരവ് പുറപ്പെടുവിക്കുന്ന സാഹചര്യത്തിൽ ആയത് നിരുത്സാഹപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സ്റ്റാർട്ടപ്പുകളുടെ പ്രോത്സാഹനം

5390 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(ബി) കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്റ്റാർട്ടപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) വിദേശ ഓർഡറുകൾ ലഭിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് പ്രത്യേക സഹായം ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനാവശ്യമായ അനുമതികൾക്കായി ഏകജാലക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഇ) സ്റ്റാർട്ടപ്പ് സംരംഭകർക്ക് ആവശ്യമായ അനുമതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്നതിനായി പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കുമോ?

## വർക്കല മണ്ഡലത്തിലെ കെ-ഫൈ പദ്ധതി

5391 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഫൈ പദ്ധതി പ്രകാരം വർക്കല മണ്ഡലത്തിൽ എവിടെയെല്ലാം സൗജന്യ വൈ-ഫൈ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ നിയോജകമണ്ഡലത്തിലെ ടെക്നോപാർക്കിന്റെ പ്രവർത്തനം

5392 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ ടെക്നോപാർക്കിന്റെ നിലവിലെ പ്രവർത്തനം വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പ്രവർത്തിക്കുന്ന ടെക്നോപാർക്കിൽ നിലവിൽ ഏതൊക്കെ കമ്പനികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ടെക്നോപാർക്കിന്റെ വികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

## മാറനല്ലൂർ പഞ്ചായത്തിലെ മിനി ഐ.ടി. പാർക്ക്

5393 **ശ്രീ ഐ ബി സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജക മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിൽ മിനി ഐ.ടി. പാർക്ക് സ്ഥാപിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പാർക്ക് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>പ്രളയവും ഉരുൾപൊട്ടലും മൂലം വീട് നഷ്ടപ്പെട്ടവരുടെ പുനഃരധിവാസം</u>**

5394 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ. എ . പി . അനിൽ കുമാർ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയം, ഉരുൾപൊട്ടൽ, മണ്ണൊലിപ്പ് എന്നിവയാൽ വീട് നഷ്ടപ്പെട്ടവരെ പുനഃരധിവസിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; പ്രസ്തുത നടപടികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രളയ ഭീഷണി നേരിടുന്ന പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ വസിച്ചിരുന്നവരെ ഇതിനോടകം പുനഃരധിവസിപ്പിച്ചിട്ടുണ്ടോ; ഇക്കാര്യത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) 2018 -ലെയും 2019 -ലെയും പ്രളയത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനഃരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>ഉജ്ജീവന വായ്പാ പദ്ധതി</u>**

5395 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ലെ പ്രളയത്തിൽ സർക്കാർ പ്രളയബാധിതമായി പ്രഖ്യാപിച്ച വില്ലേജുകളിലെ കർഷകരും സൂക്ഷ്മ ചെറുകിട ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനം നടത്തിപ്പുകാരും, ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് ഉജ്ജീവനം വായ്പാ പദ്ധതി പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം നൽകുന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര ആളുകൾക്ക് സഹായം നൽകിയിട്ടുണ്ടെന്ന് കാർഷിക, വ്യവസായ മേഖലകൾ തരംതിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം നൽകുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ തകർന്ന ഗതാഗത, വൈദ്യുതി വിതരണ സംവിധാനങ്ങളുടെ പുന:സ്ഥാപനം

5396 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കനത്ത മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടലിലും മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും തകർന്ന ഗതാഗത-വൈദ്യുതി വിതരണ സംവിധാനങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ തകർന്ന റോഡുകളും പാലങ്ങളും സംരക്ഷണഭിത്തികളും പുന:നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ജപ്തി ഭീഷണി നേരിടുന്നവരെ സഹായിക്കാൻ പദ്ധതി

5397 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരക രോഗങ്ങളുടെ ചികിത്സയ്ക്കായി കിടപ്പാടം പണയപ്പെടുത്തി ജപ്തി ഭീഷണി നേരിടുന്നവരെ സഹായിക്കാൻ ഏതെങ്കിലും പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

## തിരൂർ മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

5398 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും അവ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ദുരന്ത നിവാരണ ഇൻഷ്വറൻസ്

5399 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭങ്ങൾ മൂലം ഉള്ള ദുരന്തസാധ്യത കൂടിയ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വിവിധതരം ദുരന്തങ്ങളുടെ അനന്തരഫലങ്ങളെ നേരിടുന്നതിന് പര്യാപ്തമായ രീതിയിൽ ദുരന്ത നിവാരണ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമോ; വിശദാംശം നൽകുമോ?

## ഏവിയേഷൻ കോഴ്സുകൾ തുടങ്ങാൻ നടപടി

5400 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദ്ദേശീയ തലത്തിൽ തൊഴിൽ സാധ്യതയുള്ള ഏവിയേഷൻ കോഴ്സുകൾക്കായി പുതിയ പഠന കേന്ദ്രങ്ങളും സ്ഥാപനങ്ങളും തുടങ്ങാൻ നടപടിയുണ്ടാകുമോ;

(ബി) പ്രസ്തുത കോഴ്സുകൾ തുടങ്ങുന്നതിന് ഏതെങ്കിലും ഏജൻസി മുന്നോട്ടുവന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നല്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## <u>ലൈറ്റ് മെട്രോ പദ്ധതി</u>

5401 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി ലൈറ്റ് മെട്രോ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതി നടപ്പാക്കുന്നതിന് ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; പദ്ധതിക്കാവശ്യമായ തുകയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ മെട്രോ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(സി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ഡി.പി.ആർ. അംഗീകരിച്ചിട്ടുണ്ടോ; തിരുവനന്തപുരത്ത് ടെക്നോപാർക്കിനെ ലൈറ്റ് മെട്രോയുമായി ബന്ധിപ്പിക്കുന്നത് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## <u>വടകര-മാഹി കനാലിന്റെ നിർമ്മാണ പ്രവൃത്തികൾ</u>

5402 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മാഹി കനാലിന്റെ രണ്ടാം റീച്ചിലെ കോട്ടപ്പള്ളി പാലത്തിന്റെയും നാലാം റീച്ചിലെ കളിയാംവെള്ളി പാലത്തിന്റെയും നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ ഡിസൈൻ ഏത് ഏജൻസിയാണ് നിർവ്വഹിക്കുന്നതെന്നും എസ്റ്റിമേറ്റ് തുക എത്രയാണെന്നും അറിയിക്കുമോ;

(സി) പാലങ്ങളുടെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) പാലങ്ങളുടെ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്

എന്നറിയിക്കാമോ?

**ദേശീയ ജലപാത വികസനം**

5403 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. ആന്റണി ജോൺ**
**ശ്രീമതി ദെലീമ**
**ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാതയുടെ വികസനത്തിന് കേന്ദ്ര ഫണ്ട് ലഭ്യമായിട്ടുണ്ടോ എന്നറിയിക്കുമോ; ഫണ്ട് ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ജലപാത വികസന പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) ഉൾനാടൻ ജലഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഇതിന്റെ പ്രചരണത്തിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ?

**കോവളം-ബേക്കൽ ദേശീയ ജലപാത**

5404 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം-ബേക്കൽ ദേശീയ ജലപാതയുടെ അലൈൻമെന്റ് ഫൈനലൈസ് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ ജലപാതയുടെ ഭാഗമായി പുതുതായി എത്ര കിലോമീറ്റർ കനാൽ നിർമ്മിക്കേണ്ടിവരും എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ജലപാത യാഥാർത്ഥ്യമാക്കാൻ എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

**വിമാനത്താവളങ്ങളിലെ ആർ.ടി.പി.സി.ആർ. ടെസ്റ്റ് നിരക്ക്**

5405 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിലേക്ക് തൊഴിലിനായി പോകുന്നവർക്ക് ആർ.ടി.പി.സി.ആർ. ടെസ്റ്റിനായി വിമാനത്താവളങ്ങളിൽ സാധാരണ നിരക്കിന്റെ 5 ഇരട്ടിയോളം അടയ്ക്കേണ്ടിവരുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

**കുടുംബശ്രീ മുഖേന പ്രവാസി സംരംഭങ്ങൾ**

5406 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് കുടുംബശ്രീ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രവാസികൾക്ക് കുടുംബശ്രീ മുഖേന സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി സർക്കാർ നിശ്ചയിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ആയത് തുടങ്ങാൻ തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

**എയർപോർട്ടിൽ ആറ് മണിക്കൂർ മുമ്പ്ആർ.റ്റി.പി.സി.ആർ. ടെസ്റ്റ്**

5407 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചില എയർലൈൻസുകൾ 48 മണിക്കൂറിനുള്ള ആർ.റ്റി.പി.സി.ആർ. ടെസ്റ്റ് ചെയ്ത് നെഗറ്റീവ് സർട്ടിഫിക്കറ്റുമായി വരുന്നവരെയും ആറ് മണിക്കൂർ മുന്നേ എയർപോർട്ടിൽ എത്താൻ നിർദ്ദേശം നൽകി വീണ്ടും ആർ.റ്റി.പി.സി.ആർ ടെസ്റ്റിന് വിധേയരാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് എയർപോർട്ട് അതോറിറ്റിക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

**ഇതര സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും മരണമടഞ്ഞ പ്രവാസികളുടെ കണക്ക്**

5408 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിയ്ക്കായി മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും പോയി കോവിഡ് മൂലം മരണപ്പെട്ട പ്രവാസികളുടെ കൃത്യമായ കണക്ക് ഉണ്ടോ; അവരുടെ കുടുംബത്തിന് ധനസഹായം പ്രഖ്യാപിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ?

**എയർപോർട്ടുകളിലെ ആർ.റ്റി.പി.സി.ആർ. ടെസ്റ്റ് തുക**

5409 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തേക്ക് പോകുന്ന പ്രവാസികൾ ഉൾപ്പെടെയുള്ളവരിൽ നിന്ന് സംസ്ഥാനത്തെ എയർപോർട്ടുകളിൽ ആർ.ടി.പി.സി.ആർ. ടെസ്റ്റിന് എത്ര തുക വീതമാണ് ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക മറ്റ് സംസ്ഥാനങ്ങളിലെ എയർപോർട്ടുകളിൽ നിന്ന് ഈടാക്കുന്ന തുകയേക്കാൾ കൂടുതലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോവിഡ് പ്രതിസന്ധിയിൽ തിരിച്ചുപോകുന്ന പ്രവാസികളിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**നോർക്ക വഴി വിദേശത്ത് ജോലി**

5410 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നോർക്ക റൂട്ട്സ് വഴി എത്ര പേരെ വിദേശത്ത് ജോലിക്ക് അയച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

**ഓവർസീസ് എംപ്ലോയീസ് കോൺഫറൻസ്**

5411 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓവർസീസ് എംപ്ലോയീസ് കോൺഫറൻസിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദേശത്ത് ജോലി ചെയ്യാൻ അവസരം ലഭിക്കുന്നവരെ അതത് രാജ്യങ്ങളിലെ ഭാഷ പഠിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**കോവിഡിനെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികൾക്ക് നാട്ടിൽ തൊഴിൽ സംരംഭങ്ങൾ**

5412 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 നെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് നിരവധി പ്രവാസികളാണ് ദിവസം തോറും കേരളത്തിലേക്ക് തിരികെ എത്തുന്നത് എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ ഒരു കണക്ക് എടുപ്പ് നടത്താൻ നോർക്ക എന്തെങ്കിലും സംവിധാനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കോവിഡ്-19 നെ തുടർന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾക്ക് നാട്ടിൽ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(സി) ഇതിനോടകം എത്ര പേർ പ്രസ്തുത സഹായം സ്വീകരിച്ച് തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

**ലോക കേരള സഭ സമ്മേളനങ്ങളിൽ ഇറ്റലിയിൽനിന്നും പങ്കെടുത്ത പ്രതിനിധികൾ**

5413 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരള സഭ സമ്മേളനങ്ങളിൽ ഇറ്റലിയിൽ നിന്ന് പ്രതിനിധിയായി അനിത പുല്ലയിൽ എന്ന വ്യക്തി പങ്കെടുത്തിരുന്നോ;

(ബി) ഇവരെ പ്രതിനിധിയായി തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദമാക്കാമോ;

(സി) പ്രസ്തുത സമ്മേളനങ്ങളിൽ ഇറ്റലിയിൽ നിന്ന് എത്ര പേരാണ് പ്രതിനിധികളായി പങ്കെടുത്തതെന്ന് അറിയിക്കുമോ; പ്രത്യേക പ്രതിനിധിയായി പങ്കെടുത്തത് ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഏതൊക്കെ സമ്മേളനങ്ങളിലാണ് അനിത പുല്ലയിൽ പങ്കെടുത്തതെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവരുടെ യാത്ര, താമസം, മറ്റ് ചെലവുകൾ എന്നിവയ്ക്ക് സർക്കാർ ഖജനാവിൽനിന്നും എത്ര തുക ചെലവായെന്ന് വ്യക്തമാക്കുമോ?

**ബ്രഹ്മോസ് എയ്റോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിൽ അജ്ഞാതൻ കയറിയ സംഭവം**

5414 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ബ്രഹ്മോസ് എയ്റോസ്പേസ് തിരുവനന്തപുരം ലിമിറ്റഡിൽ അജ്ഞാതൻ കയറിയ സംഭവത്തിൽ ജീവനക്കാരെ ദ്രോഹിക്കുന്നതായ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ അശ്രദ്ധയും ഉത്തരവാദിത്തമില്ലായ്മയും സംബന്ധിച്ച് പോലീസിന് എന്തെങ്കിലും പരാതി ലഭിച്ചിരുന്നോ എന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ തൊഴിലാളി യൂണിയനുകൾ എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## <u>ഹണിട്രാപ്പ് സംഭവം</u>

5415 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരെ കുടുക്കിയ ഹണിട്രാപ്പ് സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ സംഭവത്തിലെ പരാതിക്കാരൻ ആരാണെന്ന് വ്യക്തമാക്കാമോ;

(സി) പരാതിക്കാരനും ചേർന്നാണ് ഹണി ട്രാപ്പിന് രൂപം നൽകിയതെന്ന് തെളിയിക്കുന്ന വിവരങ്ങൾ പുറത്തു വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഈ കേസിന്റെ അന്വേഷണത്തിന് പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) എങ്കിൽ പ്രസ്തുത സംഘത്തിന്റെ അന്വേഷണത്തിലെ കണ്ടെത്തലുകൾ എന്താണെന്ന് വ്യക്തമാക്കാമോ?

## <u>ഫൊറൻസിക് സയൻസ് ലാബിൽ പരിശോധനയ്ക്ക് എത്തിച്ച സാമ്പിളുകൾ</u>

5416 **ശ്രീ .പി. കെ. ബഷീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫോറൻസിക് സയൻസ് ലാബിൽ പരിശോധനയ്ക്ക് എത്തിച്ച സാമ്പിളുകൾ ഉപയോഗശൂന്യമായി എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് എത്രത്തോളം കേസുകളെയാണ് ബാധിക്കുകയെന്ന് ബോധ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സാമ്പിളുകൾ ഉപയോഗശൂന്യമാകാൻ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇത് ഉദ്യോഗസ്ഥരുടെ വീഴ്ച മൂലമാണോ എന്ന് പരിശോധിക്കുമോ; ഇപ്രകാരം സാമ്പിളുകൾ ഉപയോഗശൂന്യമാക്കി മാറ്റുന്നതിന് ബോധപൂർവ്വമായ ശ്രമം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>പ്ലാന്റേഷൻ കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർക്കെതിരെയുള്ള പരാതി</u>

5417 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി

സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കെതിരെ ലൈംഗികപീഡന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) തൊഴിൽ സ്ഥലത്ത് ലൈംഗികമായി പീഡിപ്പിച്ചു എന്ന വകുപ്പുകൾ ചേർത്താണോ പ്രസ്തുത പരാതിയിന്മേൽ പോലീസ് അന്വേഷണം നടത്തി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുള്ളത്; പ്രസ്തുത വകുപ്പുകൾ ചേർത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് കേസ് എടുത്തതിന് ശേഷം എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ഡി) വനിതാ ജീവനക്കാരി കോട്ടയം ജില്ലാ സൂപ്രണ്ടിന് നൽകിയ പരാതി കോട്ടയം ഡി.വൈ.എസ്.പി. അന്വേഷിച്ച ശേഷമാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ് എടുത്തതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## <u>കായികപരിശീലനത്തിനായി നൽകുന്ന പെർമിറ്റുകൾ</u>

5418 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ചട്ടങ്ങൾ പ്രകാരം കൊല്ലം ജില്ലയിലെ കായികപരിശീലനത്തിനായി നാളിതുവരെ എത്ര പെർമിറ്റുകളാണ് പോലീസ് വകുപ്പിൽ നിന്നും അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പെർമിറ്റുകളുടെ കാലാവധി എത്രയെന്ന് നിജപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(സി) പെർമിറ്റുകളുടെ കാലാവധിക്കുശേഷവും കായികപരിശീലനം നടത്തുന്നവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പെർമിറ്റുകൾ ഇല്ലാതെ അനധികൃതമായി കായിക പരിശീലനം നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസുകാർ</u>

5419 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പോലീസുകാരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) മേൽപ്പറഞ്ഞവരിൽ എത്ര പേർക്കെതിരെയാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്; ഇതിൽ സർവ്വീസിൽ നിന്ന് പുറത്താക്കിയവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) നടപടി സ്വീകരിച്ചിട്ടുള്ളവയിൽ വകുപ്പുതലത്തിലും ക്രിമിനൽ നടപടിക്രമം പ്രകാരവും സ്വീകരിച്ചിട്ടുള്ള നടപടികൾ എത്ര വീതമാണ്; വിശദാംശങ്ങൾ നൽകുമോ?

## <u>കോവിഡ് വാറിയർ പുരസ്കാരം</u>

5420 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ മുന്നണിപ്പോരാളികളായ പോലീസുകാർക്ക് സംസ്ഥാന പോലീസ് മേധാവിയുടെ കോവിഡ് വാറിയർ ( Covid warrior) പുരസ്കാരം എന്ന പേരിൽ ഒരു ബാഡ്ജ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ബഡ്ജിനായി പോലീസുകാരിൽ നിന്നും 100 രൂപ ഈടാക്കിയിട്ടുണ്ടോ; അല്ലെങ്കിൽ 100 രൂപ ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ബാഡ്ജ് സൗജന്യമായാണോ നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് പ്രസ്തുത പുരസ്കാര ബാഡ്ജ് എത്ര പോലീസുകാർക്ക് വിതരണം ചെയ്തുവെന്നും ഇനി എത്ര പേർക്ക് വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്നും വിശദമാക്കുമോ;

(ഇ) പ്രസ്തുത പുരസ്കാര ബാഡ്ജിന് എത്ര രൂപ ചെലവഴിച്ചുവെന്നും പ്രസ്തുത തുക ഏത് ഇനത്തിൽ നിന്നുമാണ് ചെലവഴിച്ചത് എന്നും വ്യക്തമാക്കാമോ?

**<u>സംസ്ഥാനത്തെ പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ</u>**

5421 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം; വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) കൊല്ലം ജില്ലയിലെ ഇരവിപുരം പോലീസ് സ്റ്റേഷന് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കണമെന്ന ആവശ്യം അനുകൂലമായി പരിഗണിയ്ക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>സ്വപ്ന സുരേഷ് എന്ന വ്യക്തി ട്രിപ്പിൾ ലോക്ഡൗൺ ലംഘിച്ച് ഒളിവിൽ പോയ സംഭവം</u>**

5422 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വപ്ന സുരേഷ് എന്ന വ്യക്തി ട്രിപ്പിൾ ലോക്ഡൗൺ ലംഘിച്ച് തിരുവനന്തപുരത്ത് നിന്ന് ഒളിവിൽ പോയി കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ താമസിച്ചിരുന്നോ; വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത വ്യക്തി എവിടെയാണ് താമസിച്ചതെന്നും അവർക്ക് ഒളിത്താവളം ഒരുക്കിയത് ആരെന്നും വിശദമാക്കാമോ;

(സി) ട്രിപ്പിൾ ലോക്ഡൗൺ പ്രഖ്യാപിച്ചിരുന്ന സമയത്ത് ഇവർക്ക് ജില്ലാ അതിർത്തികൾ കടക്കാൻ സാധിച്ചതെങ്ങനെയെന്ന് വിശദമാക്കാമോ;

(ഡി) ഇവരെ സഹായിച്ച പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) തിരുവനന്തപുരത്ത് നിന്ന് ഒളിവിൽ പോയ ഇവർ എന്നാണ് കേരളം വിട്ട് ബാംഗ്ലൂരിലേക്ക് പോയതെന്ന് അറിയിക്കുമോ;

(എഫ്) ഒളിവിൽ കഴിയുന്ന സമയത്ത് ഇവരുടെ ശബ്ദസന്ദേശം എങ്ങനെയാണ് പുറത്തുവന്നതെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത ശബ്ദസന്ദേശം പുറത്തുവിട്ടയാൾക്ക് ഇത് എങ്ങനെ കിട്ടിയെന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ജി) സ്വപ്ന സുരേഷ് എന്ന വ്യക്തി എവിടെവച്ചാണ് ഈ ശബ്ദ സന്ദേശം റെക്കോഡ് ചെയ്തതെന്നും ആർക്കാണ് ഇത് കൈമാറിയതെന്നും വ്യക്തമാക്കാമോ?

## അടിവാരം പോലീസ് സ്റ്റേഷൻ ആരംഭിക്കൽ

5423 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ ജനസംഖ്യാനുപാതികമായി വിഭജിച്ച് അടിവാരം കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## പോലീസിന്റെ പരിശീലന പരിപാടി

5424 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിന്റെ പരിശീലന പരിപാടിയുടെ ഭാഗമായി ഡിസാസ്റ്റർ മാനേജ്മെന്റ് മൊഡ്യൂൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) നിലവിൽ പോലീസ് സേനയുടെ ഭാഗമായിരിക്കുന്നവർക്കും ഡിസാസ്റ്റർ മാനേജ്മെന്റിൽ പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കല്ലമ്പലം ജംഗ്ഷനിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നത്

5425 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലമ്പലം ജംഗ്ഷനിൽ ഗതാഗത നിയന്ത്രണത്തിനായി സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി പോലീസ് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(ബി) ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളുടെ വിശദാംശങ്ങൾ

5426 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ പോലീസ് സ്റ്റേഷനുകളുടെ എണ്ണം എത്ര; ഇവയിൽ എത്ര സ്റ്റേഷനുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ശിശു സൗഹൃദ കേന്ദ്രം കൂടി ഉൾപ്പെടുന്ന എത്ര പോലീസ് സ്റ്റേഷനുകളുണ്ട്; ഇവയിലൂടെ കുട്ടികൾക്ക് പോലീസിന്റെ മഹത്വം മനസ്സിലാക്കാനുള്ള എന്തൊക്കെ അവസരങ്ങളാണ് നടപ്പാക്കി വരുന്നത്; വ്യക്തമാക്കുമോ;

(സി) ഗെയിം അടക്കമുള്ള ഓൺലൈൻ ചതിക്കുഴികളിൽ കുടുങ്ങുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം കുട്ടികൾക്കായി ഡിജിറ്റൽ ഡീ അഡിക്ഷൻ കേന്ദ്രങ്ങൾ നിലവിൽ ശിശു സൗഹൃദ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകൾ മുഖേന തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഇ) അഗതികൾക്ക് എല്ലാ ദിവസവും സൗജന്യ ഭക്ഷണം നൽകുന്നതോ, മത്സരപരീക്ഷകൾക്ക് പരിശീലനം നൽകുന്നതോ, പൊതു വായനശാലകൾ നടത്തുന്നതോ ആയിട്ടുള്ള പോലീസ് സ്റ്റേഷനുകളെ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

## കൊടകര കുഴൽപ്പണക്കേസ്സിന്റെ അന്വേഷണം

5427 **ശ്രീ .പി. കെ. ബഷീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര കുഴൽപ്പണക്കേസ്സിന്റെ അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കേസിൽ പ്രതികളായവരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) കുഴൽപ്പണത്തിന്റെ ഉറവിടം കണ്ടെത്താനായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

## ദേശീയപാതയിൽ കക്കൂസ് മാലിന്യങ്ങൾ തള്ളുന്നുവെന്ന പരാതി

5428 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളുടെ വിവിധ ഭാഗങ്ങളിൽ വ്യാപകമായി കക്കൂസ് മാലിന്യങ്ങൾ തള്ളുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയപാത 544-ൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട തലോർ ബി.ആർ.ഡി.യ്ക്ക് എതിർവശത്തായി നിരന്തരം കക്കൂസ് മാലിന്യങ്ങൾ തള്ളുന്നത് സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും പോലീസിൽ നൽകിയ പരാതിയിന്മേൽ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ;

(സി) പാതയോരങ്ങളിലും മറ്റും കക്കൂസ് മാലിന്യം ഉൾപ്പെടെയുള്ളവ തള്ളുന്ന ക്രിമിനലുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും നിലവിലുള്ള നാമമാത്രമായ പിഴശിക്ഷ വർദ്ധിപ്പിച്ച് ജയിൽ ശിക്ഷ ഉൾപ്പെടെ ഉറപ്പ് വരുത്തുന്നതിനുമാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**സംസ്ഥാന പോലീസ് സേനയിലെ വനിത പ്രാതിനിധ്യം**

5429 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയിലെ ആകെ അംഗബലം എത്രയെന്ന് വ്യക്തമാക്കാമോ; ആയതിൽ വനിത പ്രാതിനിധ്യം എത്രയെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ പോലീസ് സേനയിൽ വനിത പ്രാതിനിധ്യം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം സർക്കാർ മുമ്പാകെയുണ്ടോ; എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്മേൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) സംസ്ഥാന പോലീസ് സേനയിൽ എത്ര ഐ.പി.എസ്. തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; അതിൽ കേഡർ, നോൺ കേഡർ തസ്തികകൾ എത്രയെന്ന് അറിയിക്കാമോ;

(ഡി) കഴിഞ്ഞ 10 വർഷം സംസ്ഥാനത്തെ പോലീസ് സേനയിൽ ഐ.പി.എസ്. കൺഫർ ചെയ്ത ഉദ്യോഗസ്ഥരുടെ എണ്ണം അവരുടെ പേര് വിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

**ഇറ്റലിയിൽ നിന്നുള്ള വ്യക്തിയുടെ പോലീസ് ആസ്ഥാന സന്ദർശനം**

5430 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറ്റലിയിൽ നിന്നുള്ള അനിത പുല്ലയിൽ എന്ന വ്യക്തി പോലീസ് ആസ്ഥാനത്ത് വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പ്രാവശ്യം വന്നിരുന്നുവെന്നും പ്രസ്തുത വ്യക്തിയുടെ സന്ദർശനം ഏതൊക്കെ തീയതികളിൽ ആയിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) അന്നത്തെ ഡി.ജി.പി.-യുമായി ഇവർ കൂടിക്കാഴ്ച നടത്തിയിരുന്നോ;

(സി) പ്രസ്തുത വ്യക്തി ഏതെങ്കിലും പരാതികൾ സമർപ്പിച്ചിരുന്നോ എന്നും എങ്കിൽ പ്രസ്തുത പരാതികൾ ഏതൊക്കെയെന്നും പരാതികളിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വിശദമാക്കാമോ?

**ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ**

5431 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലേയ്ക്ക് നടക്കുന്ന വിവിധ റിക്രൂട്ട്മെന്റുകളിൽ ഉദ്യോഗാർത്ഥികൾക്കായി നടത്തുന്ന പോലീസ് വെരിഫിക്കേഷനുകളിൽ മാസ്ക്

ധരിക്കാത്തതിന് പെറ്റി അടച്ചവരെയും അദാലത്തുകളിൽ പെറ്റി അടച്ച് കേസ് തീർപ്പാക്കിയവരെയും നിലവിൽ കേസിൽ ഉൾപ്പെട്ടിട്ടുള്ളവരോടൊപ്പം കാൻഡിഡേറ്റ്സ് ക്ലിയറൻസിന് വിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെറ്റി കേസിൽപ്പെട്ടവരെയും കേസ് തീർപ്പാക്കിയവരെയും കാൻഡിഡേറ്റ്സ് ക്ലിയറൻസിന് വിടണമെന്നുള്ള സർക്കാർ ഉത്തരവോ, കോടതി ഉത്തരവുകളോ നിലവിലുണ്ടോ; എങ്കിൽ ഉത്തരവുകളുടെ പകർപ്പുകൾ നൽകാമോ;

(സി) കേസുകൾ അവസാനിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളുടെ വെരിഫിക്കേഷൻ കാൻഡിഡേറ്റ്സ് ക്ലിയറൻസിന് വിടുന്നതുമൂലം ഉദ്യോഗാർത്ഥികൾ ട്രെയിനിംഗിന് പ്രവേശിക്കുന്നതിന് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതുമൂലം ആദ്യ ബാച്ചിൽ പോകാൻ അർഹരായവർക്ക് അവസരം നഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പെറ്റി കേസുകൾ അവസാനിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളിൽ കേസ് തീർപ്പാക്കിയ ജഡ്ജ്മെന്റ്, എ.പി.പി.യുടെ ലീഗൽ ഒപ്പിനീയൻസ് സർട്ടിഫിക്കറ്റ്, വൂണ്ട് സർട്ടിഫിക്കറ്റ് എന്നിവ കൈവശമുള്ളവരുടെ വെരിഫിക്കേഷൻ നടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

## <u>സംസ്ഥാന ഫൊറൻസിക് ലാബിൽ എത്തിച്ച സാമ്പിളുകൾ</u>

5432 **ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . പി . ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫോറൻസിക് ലാബിൽ പരിശോധനയ്ക്കായി എത്തുന്ന സാമ്പിളുകൾ നശിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇത്തരം സാമ്പിളുകളിൽ പോക്സോ കേസ്സുകളുമായി ബന്ധപ്പെട്ട സാമ്പിളുകൾ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സാമ്പിളുകൾ ഉപയോഗശൂന്യമാകുന്നത് കോടതിയിൽ നിലവിലുള്ള കേസ്സുകളെ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ടോ; എങ്കിൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>തിരുവനന്തപുരം പേരൂർക്കടയിൽ പ്രസവിച്ച കുഞ്ഞിനെ വീട്ടുകാർ എടുത്തുമാറ്റി എന്ന പരാതി</u>

5433 **ശ്രീ എം വിൻസെൻറ്**
**ശ്രീമതി കെ.കെ.രമ**
**ശ്രീ സി ആർ മഹേഷ്**
**ശ്രീ പി സി വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കടയിൽ പ്രസവിച്ച കുഞ്ഞിനെ വീട്ടുകാർ എടുത്തുമാറ്റി ശിശുക്ഷേമ സമിതിയെ ഏല്പിച്ചു എന്ന് കാണിച്ച് യുവതി സമർപ്പിച്ച പരാതി മുഖ്യമന്ത്രിക്ക് ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത പരാതിയിൽ സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഈ പരാതിയിൽ സർക്കാർ അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ അന്വേഷണത്തിലെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഈ പരാതിയിൽ കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കേസിന്റെ വിശദവിവരങ്ങളും സ്വീകരിച്ച നടപടിയും വ്യക്തമാക്കാമോ?

## സ്ത്രീധന പീഡനങ്ങൾ തടയുന്നതിനുള്ള നടപടി

5434 **ശ്രീ. എ . പി . അനിൽ കുമാർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന പീഡനങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട്, പന്തലിങ്ങലിൽ മകൾക്കെതിരെയുണ്ടായ സ്ത്രീധന പീഡനത്തിൽ മനംനൊന്ത് മൂസ്സക്കുട്ടി എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സംഭവത്തിൽ കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## വനിതകൾക്ക് നേരെയുള്ള അക്രമം, പീഡനം എന്നിവ സംബന്ധിച്ച കണക്കുകൾ

5435 **ശ്രീ . പി . ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്ക് നേരെയുള്ള അക്രമം, പീഡനം എന്നിവ സംബന്ധിച്ച് 2020 മുതൽ 2021 സെപ്റ്റംബർ 30 വരെ മുഖ്യമന്ത്രിയ്ക്കും പോലീസിനും എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളിൽ എത്ര എണ്ണം തീർപ്പാക്കിയിട്ടുണ്ട്; എത്ര പരാതികളിൽ തുടർ അന്വേഷണം നടന്ന് വരുന്നുണ്ടെന്നും വിശദീകരിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് എത്ര വനിതകൾ ആത്മഹത്യ ചെയ്തിട്ടുണ്ട്; കണക്കുകൾ വിശദമാക്കാമോ;

(സി) വനിതകൾക്കിടയിലുള്ള ആത്മഹത്യ വർധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവയുടെ പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്നത് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ്

5436 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഗോൾഡ് പാലസ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത നിക്ഷേപ തട്ടിപ്പ് നടത്തിയവരുടെ സ്വത്തുക്കൾ കൈമാറുന്നത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തട്ടിപ്പുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) മേൽപ്പറഞ്ഞ തട്ടിപ്പിനിരയായവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിക്കുന്ന നടപടികളുടെ വിശദാംശം നല്കാമോ?

## സദാചാര പോലീസ്

5437 **ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സദാചാര പോലീസ് പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എവിടെയെല്ലാം സാദാചാര പോലീസിന്റെ ആക്രമണം ഉണ്ടായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സാദാചാര ഗുണ്ടകളെ നിയന്ത്രിച്ച് പ്രസ്തുത സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

## ഭീകരവാദ പ്രവർത്തനം തടയുന്നതിന് കേന്ദ്ര ഫണ്ട്

5438 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ സംസ്ഥാനത്ത് ഭീകരവാദ പ്രവർത്തനം തടയുന്നതിന് കേന്ദ്ര ഫണ്ടായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ ഇതിനോടകം ചെലവഴിച്ചിട്ടുള്ള തുക എത്ര; ഇതിന്റെ വരവുചെലവുകൾ ഏതൊക്കെ വകുപ്പുകളാണ് കൈകാര്യം ചെയ്യുന്നത്; വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ പണം ചെലവഴിക്കുന്നതിന് എന്തൊക്കെ മാർഗനിർദേശങ്ങളാണ് കേന്ദ്രസർക്കാർ നൽകിയിട്ടുള്ളതെന്നതിന്റെ വിശദാംശങ്ങൾ നൽകുമോ?

## പീഡനക്കേസ് ഒതുക്കിത്തീർക്കാൻ പോലീസ് മധ്യസ്ഥത

5439 **ശ്രീ. പി. ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ പീഡനക്കേസ് ഒതുക്കിത്തീർക്കാൻ പോലീസ് മധ്യസ്ഥതയിൽ പത്തുലക്ഷം രൂപ പ്രതിയിൽ നിന്നും വാങ്ങി സംഭവത്തിലെ ഇരയ്ക്ക് നൽകാൻ ശ്രമിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസ് ഒതുക്കി തീർക്കാൻ പോലീസ് അഞ്ച് ലക്ഷം രൂപ വിലയിട്ടതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നിലപാട് സ്വീകരിച്ചവർക്കെതിരെ എന്തു വകുപ്പു തല നടപടി സ്വീകരിക്കാൻ ആണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ് അന്വേഷണം തുടർന്നും നോർത്ത് പോലീസ് സ്റ്റേഷന് തന്നെയാണോ ഏൽപ്പിക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കുമോ?

## വർക്കല, അയിരൂർ പോലീസ് സ്റ്റേഷനുകളിൽ നിലവിലുള്ള ഒഴിവുകൾ

5440 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജക മണ്ഡലത്തിലെ വർക്കല, അയിരൂർ പോലീസ് സ്റ്റേഷനുകളിൽ അനുവദിക്കപ്പെട്ട തസ്തികകളിലെല്ലാം ഉദ്യോഗസ്ഥർ നിലവിലുണ്ടോ;

(ബി) ഒഴിവ് നിലവിലുണ്ടെങ്കിൽ ടൂറിസം മേഖല ഉൾപ്പെടുന്ന പ്രസ്തുത സ്റ്റേഷനുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ പീഡനക്കേസ് ഒതുക്കിത്തീർക്കാൻ ശ്രമിച്ചതിനെതിരെയുള്ള പരാതി

5441 **ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ . ഐ .സി .ബാലകൃഷ്ണൻ**
**ശ്രീ . സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ പീഡനക്കേസ് ഒതുക്കിത്തീർക്കാൻ പോലീസ് മധ്യസ്ഥതയിൽ പത്തുലക്ഷം രൂപ പ്രതിയിൽ നിന്നും വാങ്ങി ഇരയ്ക്ക് നൽകാൻ ശ്രമിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) കേസ് ഒതുക്കിത്തീർക്കാൻ അഞ്ചു മക്കൾക്ക് പോലീസ് അഞ്ച് ലക്ഷം രൂപ വിലയിട്ടതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നിലപാട് സ്വീകരിച്ചവർക്കെതിരെ എന്തെല്ലാം വകുപ്പുതല നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ് അന്വേഷണം തുടർന്നും നോർത്ത് പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് തന്നെയാണോ നല്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## മാവൂർ ഗ്വാളിയർ റയൺസിന്റെ ഭൂമിയിലെ കൈയ്യേടക്കൽ

5442 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്വാളിയർ റയൺസിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലെ ഉപേക്ഷിക്കപ്പെട്ട കെട്ടിടങ്ങളും കാടുകയറിയ സ്ഥലങ്ങളും വന്യമൃഗങ്ങളും സാമൂഹ്യ വിരുദ്ധരും

കയ്യടക്കിയതുകാരണം കൃഷിക്കാർക്കും പൊതു സമൂഹത്തിനുമുണ്ടാവുന്ന പ്രയാസങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇതു സംബന്ധിച്ച് പോലീസ് എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

## പരപ്പനങ്ങാടി കോടതി സമുച്ചയം

5443 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി കോടതി സമുച്ചയ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് വേണ്ടിയുള്ള സി.4/276/2018/ ആഭ്യന്തര ഫയലിൽ അനുകൂല നടപടി സ്വീകരിക്കുമോ;

(ബി) ഈ പ്രവൃത്തിക്ക് അനുമതി നൽകുന്നതിന് ഹൈക്കോടതി രണ്ട് പ്രാവശ്യം സർക്കാരിന് കത്ത് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്ഥല സൗകര്യമില്ലാത്തതിനാൽ പല കോടതികളും ആരംഭിക്കാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## കരുനാഗപ്പള്ളി കോടതി സമുച്ചയ നിർമ്മാണം

5444 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ കരുനാഗപ്പള്ളി കോടതി സമുച്ചയ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## ഹൈക്കോടതി 14.09.2021 ൽ ഡബ്ല്യൂ.പി.(സി) 14305/2021 ന് നൽകിയ അന്തിമ വിധിന്യായം

5445 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് അതിക്രമവുമായി ബന്ധപ്പെട്ട് ഹൈക്കോടതി 14.09.2021 ൽ ഡബ്ല്യൂ.പി.(സി) 14305/2021 എന്ന അന്യായത്തിൽ നൽകിയ അന്തിമ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിധിന്യായത്തിൽ പരാമർശിക്കുന്നതും മനുഷ്യാവകാശ ലംഘനം, സ്വകാര്യത നിയമ ലംഘനം എന്നിവ പോലീസിനെതിരെ ആരോപിച്ച് ഡി.ജി.പി ക്ക് സമർപ്പിച്ചതുമായ പരാതിയിന്മേൽ എ.ഐ.ആർ 2017 എസ്.സി 4161, എ.ഐ.ആർ 1997 എസ്.സി 568 എന്നീ അന്യായങ്ങളിൽ സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത നടപടികൾ എത്ര ദിവസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

## പറവൂരിലെ നിർദ്ദിഷ്ട കുടുംബകോടതി

5446 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂരിൽ കുടുംബകോടതി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കാമോ;

(ബി) പരവൂരിൽ കുടുംബകോടതിക്കായി കെട്ടിടം കണ്ടെത്തിയിട്ടുണ്ടോ; ആയത് സംബന്ധിച്ച് ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

**<u>വടക്കാഞ്ചേരി കോടതി കെട്ടിടം</u>**

5447 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ തലപ്പിള്ളി താലൂക്ക് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന പഴയ കോടതി കെട്ടിടം പൊളിച്ചുമാറ്റി ആധുനികരീതിയിലുള്ള കോടതി സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ;

(ബി) വടക്കാഞ്ചേരി കോടതിയിൽ ഹൈക്കോടതി പ്രയോറിറ്റി പ്രകാരം അനുവദിച്ചിട്ടുള്ള സബ് കോടതിയും എം എ സി റ്റി കോടതിയും കുടുംബകോടതിയും അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ?

**<u>കൊണ്ടോട്ടിയിൽ പുതിയ ഫയർ സ്റ്റേഷൻ</u>**

5448 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കുന്നതിന് മുൻഗണന പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) കൊണ്ടോട്ടി കേന്ദ്രമായി ഒരു ഫയർ സ്റ്റേഷൻ നിർമ്മിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം</u>**

5449 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുവാദം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുള്ള പ്രൊപ്പോസലിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് വേണ്ടി ബഡ്ജറ്റിൽ ഇരുപത് ശതമാനം തുക നീക്കിവെച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തികരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

## തിരൂരങ്ങാടി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

5450 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## കാസർഗോഡ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണം

5451 **ശ്രീ എൻ എ നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷൻ കെട്ടിടം എത്ര വർഷം പഴക്കമുള്ളതാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടവും അതിനടുത്ത് ജീവനക്കാർ താമസിക്കുന്ന കെട്ടിടവും ജീർണ്ണാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പുതിയ കെട്ടിടം പണിയുന്നതിന് തീരുമാനമായിട്ടുണ്ടോ; പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ജീവനക്കാരുടെ അപര്യാപ്തതയടക്കം മറ്റേതെല്ലാം പോരായ്മകളാണ് കാസർഗോഡ് ഫയർസ്റ്റേഷനിൽ ഇപ്പോൾ ഉള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പോരായ്മകൾ പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## വിചാരണ തടവുകാരുടെ ശിക്ഷാ കാലാവധി

5452 **ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം പിന്നിട്ട എത്ര വിചാരണ തടവുകാർ സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) യു.എ.പി.എ. ചുമത്തപ്പെട്ട എത്രപേർ ഇത്തരത്തിൽ വിചാരണത്തടവുകാരായി കഴിയുന്നുണ്ട്; വ്യക്തമാക്കുമോ;

(സി) ലഭിച്ചേക്കാവുന്ന ശിക്ഷാ കാലാവധിയേക്കാൾ കൂടുതൽ കാലം വിചാരണത്തടവുകാരായി ജയിലുകളിൽ കഴിയേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ജയിൽ പരിഷ്കരണ റിപ്പോർട്ട്

5453 **ശ്രീ ഐ ബി സതീഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിട്ട. ഡി.ജി.പി. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്. സർക്കാരിന് സമർപ്പിച്ച ജയിൽ പരിഷ്കരണ റിപ്പോർട്ടിൽ മൂന്ന് സെൻട്രൽ ജയിൽ കേന്ദ്രീകരിച്ച് നൂറ്

അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർ വീതമുള്ള റിസർവ്വ് സേന രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയത് പരിഗണനയിലുണ്ടോ;

(ബി) ഒരു സബ് ഡിവിഷനിൽ ഒരു ജയിൽ ഉണ്ടാകണമെന്ന് പ്രസ്തുത റിപ്പോർട്ട് ശുപാർശ ചെയ്തിരുന്നോ; ഉണ്ടെങ്കിൽ കാട്ടാക്കട ഡിവിഷൻ പരിധിയിൽ ഒരു ജയിൽ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

**<u>കാസർഗോഡ് ജില്ലാ ജയിൽ സ്ഥാപിക്കാൻ ഭൂമി</u>**

5454 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ ജില്ലാ ജയിൽ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്ഥലം വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള നടപടികൾ ഏതുവരെയായി; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത ജയിൽ സ്ഥാപിക്കുന്നതിനായി എത്ര തുക വേണ്ടിവരും; ആയതിന് തുക കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**<u>മറ്റ് ജില്ലകളിൽ തടവിൽ കഴിയുന്ന വയനാട് ജില്ലക്കാർ</u>**

5455 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലക്കാരായ എത്ര ശിക്ഷാ തടവുകാർ കേരളത്തിലെ മറ്റ് ജില്ലകളിലെ ജയിലുകളിൽ തടവിൽ കഴിയുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട എത്ര തടവുകാർ ഉണ്ട് എന്ന് അറിയിക്കുമോ;

(സി) ശിക്ഷാ തടവുകാരെ പാർപ്പിക്കാൻ വയനാട് ജില്ലയിൽ ജയിൽ ഇല്ലാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് പരിഹരിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കുമോ?

**<u>ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിലെ കോച്ചിംഗ് സെന്ററുകൾ</u>**

5456 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പി.എസ്.സി./യു.പി.എസ്.സി. പരീക്ഷകളുടെ കോച്ചിംഗ് നൽകുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവിടെ പരിശീലനം നേടിയ എത്ര വിദ്യാർത്ഥികൾ സിവിൽ സർവ്വീസ്/കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷകളിൽ ഇതേവരെ വിജയികളായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ആവശ്യമായ സ്ഥലങ്ങളിൽ കൂടുതൽ സബ്സെന്ററുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

## കേന്ദ്രീയ വിദ്യാലയ മാതൃകയിൽ സ്കൂളുകൾ ആരംഭിക്കാൻ നടപടി

5457 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയത്തിന് കീഴിലുള്ള മൗലാന ആസാദ് എഡ്യൂക്കേഷൻ ഫൗണ്ടേഷൻ സംസ്ഥാനത്ത് ഏതെങ്കിലും സ്ഥലങ്ങൾ കേന്ദ്രീയ വിദ്യാലയ മാതൃകയിൽ സ്കൂളുകൾ ആരംഭിക്കുന്നതിന് അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് അറിയിപ്പുകളോ റിപ്പോർട്ടുകളോ സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) മൗലാനാ ആസാദ് ഫൗണ്ടേഷന്റെ മേയ് 2017 ലെ കമ്മിറ്റി ഓൺ ദ എസ്റ്റാബിഷ്മെന്റ് ഓഫ് എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ഫോർ എഡ്യൂക്കേഷണലി ബാക്ക് വേർഡ് മൈനോരിറ്റീസ് റിപ്പോർട്ടിൽ മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ (പട്ടിക 31, പേജ് 52) കേന്ദ്രീയ വിദ്യാലയ മാതൃകയിൽ സ്കൂൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിച്ചിരുന്നോ; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടത് ആരാണെന്ന് അറിയിക്കാമോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭിച്ച അറിയിപ്പുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) ഇത്തരം സ്കൂളുകൾ ആരംഭിക്കുന്നതിന് എത്ര സ്ഥലമാണ് വേണ്ടതെന്നും കെട്ടിടം അടക്കമുള്ള ഭൗതിക സാഹചര്യങ്ങളുടെ നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത് ആരാണെന്നും ഇതിനാവശ്യമായ അനുമതികൾക്കായി ആരെയാണ് സമീപിക്കേണ്ടതെന്നും വിശദമാക്കാമോ?

## ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

5458 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ മാനദണ്ഡങ്ങളും അപേക്ഷ മാതൃകയും ലഭ്യമാക്കാമോ?

## ബഡ്സ് നിയമം 2019

5459 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് നിയമം 2019 സംസ്ഥാനത്ത് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ധനകാര്യ സ്ഥാപനങ്ങൾ/വ്യക്തികൾ പൊതുജനങ്ങളെ കബളിപ്പിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ പ്രസ്തുത നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ;

(സി) പ്രസ്തുത നിയമത്തിലെ സെക്ഷൻ 38 അനുസരിച്ച് സംസ്ഥാനം ചട്ടങ്ങൾ

രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ പ്രസ്തുത ചട്ടങ്ങൾ എന്നത്തേക്ക് രൂപീകരിക്കുമെന്ന് അറിയിക്കാമോ?

## കേന്ദ്ര കാർഷിക ബില്ലിലെ വ്യവസ്ഥകൾ

5460 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പാസ്സാക്കിയ കാർഷികോത്പന്നങ്ങളുടെ വ്യാപാരം-വാണിജ്യം (പ്രോത്സാഹനവും സംവിധാനമൊരുക്കലും) ബിൽ, 2020, വിലസ്ഥിരതയും കൃഷി സേവനങ്ങളും സംബന്ധിച്ച കർഷകരുടെ കരാറുകൾ (ശാക്തീകരണവും സംരക്ഷണവും) ബിൽ-2020, അവശ്യവസ്തുക്കളുടെ ഭേദഗതി ആക്റ്റ്, 2020 എന്നിവയിലെ വ്യവസ്ഥകളെ കുറിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത ബില്ലുകൾ പ്രാബല്യത്തിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ കർഷകർക്ക് ഉണ്ടായേക്കാവുന്ന പ്രതിസന്ധികളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

## കർണ്ണാടകയിലേയ്ക്കുള്ള യാത്രാ നിയന്ത്രണങ്ങൾ

5461 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള-കർണാടക അതിർത്തിയായ തലപ്പാടിയിൽ കോവിഡിന്റെ പേരിൽ കർണ്ണാടക സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ മൂലം മംഗലാപുരം നഗരത്തിലേക്ക് കേരളീയർക്ക് പ്രത്യേകിച്ച് മഞ്ചേശ്വരം, കാസർകോട് താലൂക്കുകളിലെ ജനങ്ങൾക്ക് പോകാൻ കഴിയാത്തതിനാൽ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർണാടകയിലെ മംഗലാപുരം നഗരത്തെ ചികിത്സ, വിദ്യാഭ്യാസം, വ്യാപാരം, തൊഴിൽ തുടങ്ങിയ ആവശ്യങ്ങൾക്ക് ആശ്രയിക്കുന്ന ആളുകളുടെ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കുന്ന കർണാടക സർക്കാരിന്റെ നയം പിൻവലിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) കേരളത്തിലെ ജനങ്ങൾ നേരിടുന്ന പ്രയാസം കർണാടക സർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ഇ) കേന്ദ്ര സർക്കാറുമായി ബന്ധപ്പെട്ട് കർണാടകയിലേയ്ക്കുള്ള യാത്രാ നിയന്ത്രണങ്ങൾ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## മണലൂർ ഫാമിലി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം

5462 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ ഫാമിലി ഹെൽത്ത് സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനായി നിലവിലെ പഴയ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ഡി) അനുമതി വൈകുന്നതുമൂലം തദ്ദേശസ്വയംഭരണ വകുപ്പിന് പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കാനും കരാറുകാരന് സൈറ്റ് കൈമാറാനും കഴിയാത്ത സ്ഥിതിയുള്ളതിനാൽ ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>അവയവ ദാതാക്കൾക്കായി പദ്ധതികൾ</u>

5463 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവ ദാതാക്കൾക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് അറിയിക്കാമോ;

(ബി) വിലയേറിയ മരുന്നുകൾ അവയവ ദാതാക്കൾക്ക് ആജീവനാന്തം വേണ്ടി വരുന്നതിനാൽ ഈ മരുന്നുകൾ സൗജന്യമായി നൽകുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) കരൾ ദാതാക്കൾക്ക് പ്രത്യേക പരിഗണന നൽകി അവയവ ദാതാക്കൾക്കായി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>ചിറ്റൂർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ</u>

5464 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖാന്തരം 2016 ജൂൺ മുതൽ 2021 സെപ്റ്റംബർ വരെയുള്ള കാലയളവിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോന്നിനും വകയിരുത്തിയ തുക എത്രയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) നിർമ്മാണം പുരോഗമിക്കുന്ന പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ഡി) നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും ആയത് ത്വരിതപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

## സാന്ത്വനം ചികിത്സാ പദ്ധതി

5465 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാന്ത്വനം ചികിത്സാ പദ്ധതിയിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പി.എച്ച്.സി. തലത്തിലേക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(സി) പദ്ധതിയിൽ നിലവിൽ എത്ര രോഗികൾക്ക് പരിചരണം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

## എന്റെ ക്ഷയരോഗമുക്ത കേരളം പദ്ധതി

5466 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ഓടെ ക്ഷയരോഗ നിവാരണം എന്ന ലക്ഷ്യത്തിലെത്താൻ നടപ്പിലാക്കുന്ന 'എന്റെ ക്ഷയരോഗമുക്ത കേരളം' പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ;

(ബി) ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾക്ക് കോവിഡ് രോഗവ്യാപനം പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ക്ഷയരോഗ ബാധിതരെ കണ്ടെത്തി ആവശ്യമായ ചികിത്സാ സൗകര്യങ്ങൾ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മൃതസഞ്ജീവനി പദ്ധതി

5467 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവം ലഭിക്കാനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്രയാണെന്നും അതിൽ വൃക്ക, കരൾ എന്നിവ ലഭിക്കാനായി രജിസ്റ്റർ ചെയ്തവരുടെ എണ്ണം തരം തിരിച്ചും വ്യക്തമാക്കാമോ;

(ബി) മൃതസഞ്ജീവനി പദ്ധതി വഴി നാളിതുവരെ നൽകിയത് എത്ര അവയവങ്ങളാണെന്നും അതുവഴി എത്ര പേരുടെ ജീവൻ നിലനിർത്താൻ സാധിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇടനിലക്കാർ അവയവക്കച്ചവടത്തിന്റെ മറവിൽ ലക്ഷങ്ങളുടെ ഇടപാട് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര പേർക്കെതിരെ/എത്ര സംഘടനകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഇ) അവയവദാനം സുതാര്യമാക്കുന്നതിനായി കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ് പ്ലാന്റ് ഓർഗനൈസേഷൻ (കെസോട്ടോ) എന്ന പേരിൽ സൊസൈറ്റി

രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ വിപുലീകരണം

5468 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗത്തിന് ചികിത്സ നൽകുന്ന സ്വകാര്യമേഖലയിലെ ആശുപത്രികളെ കൂടി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ സ്വകാര്യ ആശുപത്രിയിൽ നിന്നും ചികിത്സ ലഭിക്കുന്ന ഏതെല്ലാം രോഗങ്ങൾക്കാണ് പ്രസ്തുത പദ്ധതി മുഖേന ആനുകൂല്യങ്ങൾ നൽകി വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## മൃതസഞ്ജീവനി പദ്ധതി

5469 **ശ്രീ എ. സി. മൊയ്തീൻ**
**ശ്രീ. എച്ച്. സലാം**
**ശ്രീ ഡി കെ മുരളി**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള മൃതസഞ്ജീവനി പദ്ധതിയുടെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) അവയവദാന പ്രവർത്തനങ്ങൾ സുതാര്യവും വേഗത്തി ലുമാക്കുന്നതിന് കേരള സ്റ്റേറ്റ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ(കെസോട്ടോ) എന്ന പേരിൽ സൊസൈറ്റി രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) അനധികൃത അവയവദാന പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും ഇതു സംബന്ധിച്ച് ഈ സർക്കാർ നടത്തിയ നിയമവ്യവഹാരങ്ങൾ എന്തെല്ലാമാണെന്നും അറിയിക്കാമോ?

## ഇ-ഹെൽത്ത് പദ്ധതിയുടെ പ്രവർത്തന പുരോഗതി

5470 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ഹെൽത്ത് പദ്ധതി സംസ്ഥാനത്ത് ആരോഗ്യ മേഖലയിലുണ്ടാക്കിയ മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ബി) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും കടലാസ് രഹിതമായി പ്രവർത്തിക്കുന്ന ആശുപത്രികൾ സജ്ജീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(സി) വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി ആരോഗ്യ മേഖലയിൽ മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ ടെലി മെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ ;

(ഇ) ടെലി മെഡിസിൻ സംവിധാനം വിപുലീകരിക്കുന്നതിനും ശക്തി പ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ?

## ആലത്തൂർ മണ്ഡലത്തിലെ ഹെൽത്ത് സെന്ററുകളുടെ നവീകരണം

5471 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ വിവിധ ഹെൽത്ത് സെന്ററുകളുടെ നവീകരണത്തിനായി നടത്തുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) ആലത്തൂർ താലൂക്കാശുപത്രിയിൽ ആരോഗ്യവകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

## നിലമ്പൂർ മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി

5472 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കാമോ; മണ്ഡലത്തിലെ കൂടുതൽ ആശുപത്രികളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇ-ഹെൽത്ത് പദ്ധതിയിൽ ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; പദ്ധതിക്കായി മണ്ഡലത്തിൽ ഇതുവരെ ചെലവഴിച്ച തുക എത്രയെന്നും ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്നും അറിയിക്കാമോ; തുക അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്താണെന്ന് അറിയിക്കാമോ;

(സി) ഇ-ഹെൽത്ത് പദ്ധതിയുടെ ഭാഗമായി ആരോഗ്യ വകുപ്പ് മണ്ഡലത്തിൽ നടത്തിയ ഒരുക്കങ്ങളും നടപടികളും വ്യക്തമാക്കാമോ; ഇ-ഹെൽത്ത് രജിസ്ട്രേഷൻ ക്യാമ്പുകൾ, കുടുംബാരോഗ്യ സർവ്വേ തുടങ്ങിയവ മണ്ഡലത്തിൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിച്ച്, സർക്കാർ ആശുപത്രികളിലെ ഒ.പി. ടിക്കറ്റ് വീട്ടിലിരുന്ന് ബുക്ക് ചെയ്യുന്നതടക്കമുള്ള സേവനങ്ങൾ രോഗികൾക്ക് ലഭ്യമാക്കാനാകുമെന്ന് അറിയിക്കാമോ?

## ഇരവിപുരം മണ്ഡലത്തിൽ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ

5473 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-

ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ഇരവിപുരം നിയോജകമണ്ഡലത്തിൽ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കാമോ; പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിയ്ക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ?

## സ്മാർട്ട് കിച്ചൻ പദ്ധതി

5474 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കാൻ തീരുമാനിച്ച സ്മാർട്ട് കിച്ചൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ?

## കുണ്ടറ മണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ പദ്ധതികൾ

5475 **ശ്രീ പി സി വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ നിലവിൽ പ്രവർത്തനം നടന്നുവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

## ആർദ്രം പദ്ധതി

5476 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

## ട്രോമ കെയർ സംവിധാനമുള്ള ആശുപത്രികളിൽ ന്യൂറോ ഡോക്ടർമാരുടെ സേവനം

5477 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രോമ കെയർ സംവിധാനമുള്ള ഏതെല്ലാം ആശുപത്രികളിലാണ് ന്യൂറോ ഡോക്ടർമാരുടെ സേവനം ലഭ്യമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ട്രോമ കെയർ സംവിധാനമുള്ള എല്ലാ ആശുപത്രികളിലും ന്യൂറോ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജനറൽ ആശുപത്രികളിൽ കാർഡിയാക് ഒ.പി. ആരംഭിക്കുന്നതിന് നടപടി

സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**പ്രാഥമിക ആരോഗ്യകേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്ന നടപടി**

5478 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ കടലുണ്ടി നഗരം പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ശിപാർശകൾ വകുപ്പുതലത്തിൽ നിലവിലുണ്ടോ; ഇല്ലെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ വകുപ്പിന് നിർദ്ദേശം നൽകാമോ?

**കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിലെ ജീവനക്കാർ**

5479 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ ഡോക്ടർമാരടക്കം എത്ര ജീവനക്കാരെയാണ് നിയമിച്ചിട്ടുള്ളതെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രി കോവിഡ് ആശുപത്രിയായി പ്രവർത്തിക്കുന്നത് നിർത്തിയ സാഹചര്യത്തിൽ ഈ ജീവനക്കാരെ മറ്റുസ്ഥലങ്ങളിലേക്ക് മാറ്റാൻ ആലോചനയുണ്ടോ; എങ്കിൽ എവിടങ്ങളിലേക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അറ്റകുറ്റപ്പണി തീർന്നാൽ ഉടനെ ഒ.പി. വിഭാഗം പ്രവർത്തിക്കാനും അതിനാവശ്യമായ ജീവനക്കാരെ നിലനിർത്താനും നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ;

(ഡി) ഒ.പി വിഭാഗത്തിനു എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ആവശ്യമുള്ളത്? ഇത് കാസർകോട് മെഡിക്കൽ കോളേജിൽ ഇപ്പോൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

**പ്രാഥമികാരോഗ്യ പരിചരണം**

5480 **ശ്രീ. എം. എം. മണി**
**ശ്രീ. എച്ച്. സലാം**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗര പ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ പരിചരണം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

5481 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആശുപത്രിയിൽ എന്തൊക്കെ സജ്ജീകരണങ്ങളാണ് നാളിതുവരെ ഒരുക്കിയിട്ടുള്ളതെന്നും ഇനി എന്തൊക്കെ സജ്ജീകരണങ്ങളാണ് ഒരുക്കാനുള്ളതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## തിരൂരങ്ങാടി താലൂക്ക് ആശുപത്രി

5482 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയുടെ കാഷ്വാലിറ്റി ബ്ലോക്കിന്റെ കെട്ടിട നിർമ്മാണത്തിനായി പതിനാല് കോടി രൂപ അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തിയുടെ നിർവഹണ ഏജൻസി ഏതാണെന്ന് വിശദമാക്കാമോ?

## ചുനക്കര സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം

5483 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ചുനക്കര സാമൂഹ്യാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നര കോടി രൂപ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് സി.എച്ച്.സി. കോമ്പൗണ്ടിൽ നിൽക്കുന്ന ഉപയോഗശൂന്യമായ വാട്ടർ ടാങ്ക് പൊളിച്ചു നീക്കാൻ കെ.ഡബ്ല്യൂ.എ. യുടെ അനുമതി ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ടാങ്ക് നീക്കം ചെയ്യുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## പെരുവള്ളൂർ സി.എച്ച്.സി.

5484 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ സി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമാക്കിയതിനെ തുടർന്ന് നടത്തിയ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളും പശ്ചാത്തല സൗകര്യങ്ങളും എന്തെല്ലാമാണെന്ന്

വ്യക്തമാക്കാമോ;

(സി) കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ ഭാഗമായി വരാവുന്ന പുതുക്കിയ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

**<u>വൈപ്പിൻ മണ്ഡലത്തിൽ നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്ന ആശുപത്രികൾ</u>**

5485 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികൾ പ്രകാരം നിർമ്മാണപ്രവൃത്തികൾ നടന്നുവരുന്ന ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിർവഹണ ഏജൻസികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വിശദമാക്കാമോ?

**<u>വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിന് നടപടി</u>**

5486 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഹോമിയോ ഡിസ്പെൻസറി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സന്നദ്ധത അറിയിച്ചുകൊണ്ടുള്ള അപേക്ഷ പരിഗണിച്ച് അടിയന്തരമായി വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>നൂറനാട് ലെപ്രസി സാനറ്റോറിയം</u>**

5487 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് ലെപ്രസി സാനറ്റോറിയത്തിലെ നബാർഡ് പ്രവൃത്തിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഫിനാൻഷ്യൽ സാങ്ഷൻ അടിയന്തരമായി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>കൂത്തുപറമ്പ് മണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ</u>**

5488 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പുല്ലൂക്കര, കടവത്തൂർ, കല്ലിക്കണ്ടി, വടക്കെപൊയിലൂർ എന്നിവിടങ്ങളിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമല്ലാത്തത് കാരണം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളും ആരോഗ്യവകുപ്പും സ്വീകരിച്ച നടപടികളും ആയതിന്റെ പുരോഗതിയും വിശദമാക്കുമോ;

(സി) കുത്തുപറമ്പ് മണ്ഡലത്തിലെ ആദിവാസി മേഖലയായ നരിക്കോട്ടു മലയിലെ പാവങ്ങളുടെ ഏക ആശ്രയമായ നരിക്കോട്ടു മല കുടുംബക്ഷേമ ഉപകേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

## നല്ലൂർനാട് ട്രൈബൽ ഹോസ്പിറ്റലിൽ കാൻസർ ചികിത്സ

5489 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടിയിലെ നല്ലൂർനാട് ട്രൈബൽ ഹോസ്പിറ്റലിൽ നിലവിൽ എത്ര കാൻസർ രോഗികൾ ചികിത്സ തേടുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) കാൻസർ ചികിത്സക്കായി പ്രസ്തുത സ്ഥാപനത്തിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

## തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

5490 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിന് നൽകിയ പ്രൊപ്പോസലിന് അനുമതി നൽകിയോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വിശദമാക്കാമോ?

## ഇറവങ്കര പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് നടപടി

5491 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ ഇറവങ്കര പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം നാളിതുവരെയും ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ വ്യക്തമാക്കാമോ; ടി തടസ്സങ്ങൾ ഒഴിവാക്കി നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ; വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ തുക അനുവദിച്ചിട്ടും നിർമ്മാണം ആരംഭിക്കുവൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഇ) പ്രസ്തുത നിർമ്മാണം അടിയന്തരമായി ആരംഭിക്കുവാൻ ആവശ്യമായ നടപടി

സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## മലപ്പുറം താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ

5492 **ശ്രീ . പി . ഉബൈദുള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ;

(ബി) മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തികയുൾപ്പെടെ ആവശ്യമായ ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) കാരുണ്യ ഫാർമസി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവ സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

## ഭക്ഷ്യസുരക്ഷ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

5493 **ശ്രീ ജി എസ് ജയലാൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവസ്തുക്കളുടെ നിർമ്മാണം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയിൽ ഏർപ്പെട്ടിരിക്കുന്നവർ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമമനുസരിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ഭക്ഷ്യവസ്തുക്കളിൽ ഹാനികരമായ രാസവസ്തുക്കൾ കലർത്തൽ, മായം ചേർക്കൽ എന്നിവ തടഞ്ഞ് സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പ് വരുത്തുന്നതിന് ഭക്ഷ്യസുരക്ഷ വിഭാഗം നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഭക്ഷ്യസുരക്ഷ വിഭാഗത്തിന്റെ പ്രവർത്തനം ശക്തവും സജീവവുമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

## ഡയാലിസിസ് സെന്ററുകൾ

5494 **ശ്രീ . ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവയിൽ സർക്കാർ, സ്വകാര്യ ആശുപത്രികളുമായി ചേർന്നുള്ളവ, സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവ എന്നിവ തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സെൻററുകളുടെ രജിസ്ട്രേഷൻ, സജ്ജീകരണങ്ങളുടെ പരിശോധന, ഡയാലിസിസ് ചെയ്യുന്നതിനുള്ള നിരക്കുകളുടെ ഏകീകരണം എന്നിവയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശം നിലവിലുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സൗജന്യ ഡയാലിസിസ് ചെയ്യുന്നതിന് സർക്കാർ തലത്തിൽ സൗകര്യം ഏർപ്പെടുത്തുകയോ ആയതിന് സൗകര്യമില്ലാത്ത സാഹചര്യത്തിൽ സ്വകാര്യ

ആശുപത്രികളിൽ ഡയാലിസിസ് ചെയ്യുന്നതിന് ധന സഹായം നൽകുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കൽ

5495 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൻസർ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## സൗജന്യമരുന്ന് വിതരണം

5496 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യമരുന്ന് വിതരണത്തിൽ വന്നുചേർന്നിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ വിതരണത്തിനാവശ്യമായ അളവിലുള്ള മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല എന്ന പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നിനുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഗുണനിലവാരമുള്ള മരുന്നുകൾ യഥാസമയം സൗജന്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;വ്യക്തമാക്കാമോ?

## ആത്മഹത്യ പ്രവണത തടയാൻ നടപടി

5497 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആത്മഹത്യ പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 2021-ൽ നാളിതുവരെ സംസ്ഥാനത്ത് എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നതിന്റെ കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ; വർദ്ധിച്ചുവരുന്ന ആത്മഹത്യ പ്രവണതയെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

## മറവിരോഗം നിയന്ത്രിക്കുന്നതിന് പദ്ധതി

5498 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മറവിരോഗം ബാധിക്കുന്നവരുടെ എണ്ണം ക്രമാതീതമായി ഉയരുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത രോഗം നിയന്ത്രിക്കുന്നതിന് പര്യാപ്തമായ രീതിയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) രോഗികൾക്ക് വേണ്ടത്ര പരിചരണം നൽകുന്നതിന് നിലവിൽ ആശുപത്രികളിൽഉള്ള സംവിധാനം പര്യാപ്തമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആശുപത്രികളിൽ മെമ്മറി ക്ലിനിക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഡയാലിസിസ് ചികിൽസാ സഹായ പദ്ധതികൾ**

5499 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് ചെയ്യുന്ന രോഗികൾക്ക് കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി കൂടാതെ വേറെ ചികിൽസ സഹായ പദ്ധതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ജീവിതകാലം മുഴുവൻ ഡയാലിസിസ് ചെയ്യേണ്ടിവരുന്നവർക്ക് നിലവിലുള്ള ചികിത്സ സഹായ പദ്ധതികൾ കൂടാതെ പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

**കാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ**

5500 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ തുക മറ്റു സാമൂഹ്യ പെൻഷനുകളുടെ തുകയ്ക്കൊപ്പം അതത് മാസങ്ങളിൽ തന്നെ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ അതത് പ്രദേശങ്ങളിലെ സർക്കാർ ഡോക്ടർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കാൻസർ രോഗികൾക്കുള്ള സമാശ്വാസ പെൻഷൻ തുടർന്നും അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാത്ത് ലാബിന്റെ പ്രവർത്തനം**

5501 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര കാത്ത് ലാബുകളാണ് പ്രവൃത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. സ്ഥാപിച്ച കാത്ത് ലാബ് നിലവിൽ പ്രവൃത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രവൃത്തിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കാത്ത് ലാബുകൾ പ്രവൃത്തിക്കാത്തത് കാരണം ചികിത്സാ പരിശോധന മുടങ്ങിയ രോഗികളുടെ എണ്ണം എത്രയെന്നും രോഗികൾക്ക് കാത്ത് ലാബ് സൗകര്യം ലഭിക്കുന്നതിന് നിലവിൽ എത്ര കാലതാമസ്സം വരുന്നുവെന്നും വിശദമാക്കാമോ;

(ഡി) കാത്ത് ലാബ് സൗകര്യത്തിനായി ആറു മാസം കഴിഞ്ഞുള്ള തീയതികൾ നിശ്ചയിച്ചു നൽകുന്നത് രോഗികളുടെ ജീവൻ അപകടത്തിലാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കാത്ത് ലാബുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിച്ച് യഥാസമയം ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ?

**<u>പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിന് ഭൂമിയേറ്റെടുക്കൽ</u>**

5502 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 ലെ ബജറ്റിൽ ഉൾപ്പെടുത്തി കൊല്ലം പാരിപ്പള്ളി ഗവണ്മെന്റ് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് ഇതിനകം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) 2021 - 2022 ലെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയിട്ടുള്ള കൊല്ലം പാരിപ്പള്ളി ഗവൺമെന്റ് മെഡിക്കൽ കോളേജിനായി സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

**<u>സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയുടെ പുനർനാമകരണം</u>**

5503 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിർവചനപ്രകാരം ആരോഗ്യ വകുപ്പിലെ സീനിയർ ഗ്രേഡ് ഡെന്റൽ ഹൈജീനിസ്റ്റ് തസ്തികയുടെ പേര് പുനർനാമകരണം ചെയ്യാൻ അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) ഇവർക്ക് ജില്ലാ തലത്തിൽ സൂപ്പർവൈസറി തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) തസ്തിക പുനർനാമകരണം ചെയ്യുന്നതിനും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>സർവ്വീസ് ബുക്കുകൾ തിരികെ അയക്കുവാൻ നടപടി</u>**

5504 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ടാറ്റാ കോവിഡ് ആശുപത്രിയിൽ തെക്കൻ ജില്ലകളിൽ നിന്നും സീനിയർ നേഴ്സിംഗ് ഓഫീസർ, നേഴ്സിംഗ് ഓഫീസർ ഗ്രേഡ് I എന്നീ തസ്തികകളിൽ ജോലി ചെയ്തു തിരികെപ്പോയ ഉദ്യോഗസ്ഥരുടെ സർവ്വീസ് ബുക്കുകൾ നാളിതുവരെയും ബന്ധപ്പെട്ട ഓഫീസുകളിലേക്ക് തിരികെ അയച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റാമ്പ് വാങ്ങാൻ സർക്കാരിൽനിന്നും തുക ലഭ്യമല്ലാത്തതിനാലാണ് സർവ്വീസ് ബുക്കുകൾ തപാൽ വഴി തിരികെ അയക്കുവാൻ കഴിയാത്തതെന്ന് ബന്ധപ്പെട്ട സെക്ഷനുകളിലെ ഉദ്യോഗസ്ഥർ പറഞ്ഞതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിക്കുമോ;

(സി) അടിയന്തരമായി പ്രസ്തുത സർവ്വീസ് ബുക്കുകൾ തിരികെ അയക്കുവാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ?

**<u>സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ</u>**

5505 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ ഏതെല്ലാമാണെന്ന് ആശുപത്രി തിരിച്ച് വ്യക്തമാക്കാമോ;

(ബി) ആവശ്യത്തിന് ജീവനക്കാരില്ലാത്തത് കാരണം പല ആശുപത്രികളുടെയും പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

**<u>ഇടുക്കി ജില്ലയിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നിയമനം</u>**

5506 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ പഠന വൈകല്യ പരിശോധനയ്ക്കും മന:ശാസ്ത്ര പരിശോധനയ്ക്കും ചികിത്സയ്ക്കുമായി ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താലൂക്ക് ആശുപത്രിയിലും മെഡിക്കൽ കോളേജിലും ക്ലിനിക്കൽ സൈക്കോളജിസ്റ്റ് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ആരോഗ്യവകുപ്പിൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകൾ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിലവിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലും എത്ര ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് അറിയിക്കാമോ; ഈ ഒഴിവുകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>ഒപ്റ്റോമെട്രിസ്റ്റുകളുടെ അധിക തസ്തിക സൃഷ്ടിക്കൽ</u>**

5507 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന് കീഴിൽ അന്ധതാ നിവാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ എത്ര വിഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത വിഷൻ സെന്ററുകളിൽ പ്രാഥമിക നേത്ര പരിശോധകരായ

ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമാണോ; എങ്കിൽ ഓരോ വിഷൻ സെന്ററിലുമുള്ള പ്രസ്തുത ജീവനക്കാരുടെ എണ്ണം അറിയിക്കാമോ;

(ബി) ഒപ്റ്റോമെട്രിസ്റ്റുകളുടെ സേവനം ലഭ്യമല്ലാത്ത വിഷൻ സെന്ററുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; രോഗികളുടെ വർദ്ധനവിനനുസരിച്ച് ആവശ്യമായ ഒപ്റ്റോമെട്രിക് അസിസ്റ്റന്റുമാരുടെ അധിക തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ഡയാലിസിസ് ടെക്നീഷ്യൻ തസ്തിക</u>**

5508 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റുകളുണ്ടെന്നും ആയത് പ്രവർത്തിപ്പിക്കുന്നതിന് എത്ര ടെക്നീഷ്യൻ തസ്തികകളാണ് നിലവിലുള്ളതെന്നും അറിയിക്കുമോ;

(ബി) ആരോഗ്യവകുപ്പിനുകീഴിൽ എത്ര സ്ഥിരം ഡയാലിസിസ് ടെക്നീഷ്യന്മാരും എത്ര താൽക്കാലിക ഡയാലിസിസ് ടെക്നീഷ്യന്മാരും ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഡയാലിസിസ് ടെക്നീഷ്യൻ തസ്തികയിലേക്കുള്ള അടിസ്ഥാനയോഗ്യത എന്താണെന്നും പ്രസ്തുത യോഗ്യത ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ?

**<u>റേഡിയോഗ്രാഫറുടെ സ്ഥിരം തസ്തിക</u>**

5509 **ശ്രീ . ഐ .സി .ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിനുകീഴിൽ എക്സ്റേ, സിടി സ്കാൻ, മാമോഗ്രാം തുടങ്ങിയ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി റേഡിയോഗ്രാഫറുടെ സ്ഥിരം തസ്തികകൾ ഇല്ലാത്ത എത്ര ആശുപത്രികളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉപകരണങ്ങൾ ഉള്ള എല്ലാ ആശുപത്രികളിലും റേഡിയോഗ്രാഫർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഡയാലിസിസ് രോഗികൾക്കുള്ള സഹായങ്ങൾ</u>**

5510 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയാലിസിസ് രോഗികൾക്ക് സർക്കാരിൽ നിന്നും സഹായങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) കാരുണ്യാ ഫണ്ടിൽ നിന്നും ഡയാലിസിസ് രോഗികൾക്ക് ചികിത്സാ ചെലവിനും മറ്റുമായി ധനസഹായം നൽകാറുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്നും അതിനുള്ള നടപടിക്രമങ്ങളും വിശദമാക്കാമോ?

**<u>മഴക്കാലജന്യ രോഗങ്ങൾ പടരാതിരിക്കാൻ മുൻകരുതൽ</u>**

5511 **ശ്രീ. കെ. ജെ. മാക്സി**

**ശ്രീ എം മുകേഷ്**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴക്കാലജന്യ രോഗങ്ങൾ പടരാതിരിക്കാനും രോഗബാധിതർക്ക് മികച്ച ചികിത്സ ഉറപ്പുവരുത്തുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മഴക്കാലത്ത് പടർന്ന് പിടിക്കുന്ന രോഗങ്ങളെ ഫലപ്രദമായി നേരിടുന്നതിന്റെ ഭാഗമായി മരുന്നുകളുടെ ലഭ്യത, ഗുണനിലവാരം, ന്യായവില എന്നിവ ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ മുന്നൊരുക്കങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ആർ.സി.സി.യിലെ ശമ്പള പരിഷ്കരണം

5512 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.യിൽ ആറാം കേന്ദ്ര ശമ്പള കമ്മിഷൻ ശിപാർശ പ്രകാരം ശമ്പള പരിഷ്കരണം നടത്തിയത് എന്നാണെന്നും എത്ര തുകയാണ് ഈ ഇനത്തിൽ ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) മുൻ കാലങ്ങളിൽ ക്രമവിരുദ്ധമായി ശമ്പളം നിർണ്ണയിച്ചതുമൂലം അധികമായി നൽകിയ തുക ജീവനക്കാരിൽ നിന്നും തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഈ ഇനത്തിൽ എത്ര തുകയാണ് തിരികെ ലഭിച്ചതെന്നും, ബാക്കി തുക എങ്ങനെയാണ് ഈടാക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഏഴാം കേന്ദ്ര ശമ്പള കമ്മിഷൻ ശിപാർശകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ എന്ന് മുതൽ ജീവനക്കാർക്ക് ലഭ്യമായി തുടങ്ങുമെന്ന് വ്യക്തമാക്കുമോ;

(ഡി) ശമ്പള പരിഷ്കരണ ഉത്തരവ് 26.02.2021-ൽ ഇറങ്ങിയിട്ടും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) 12.08.2021-ലെ സർക്കാർ കത്ത് നം. ഹെൽത്ത്-എഫ്. ഡബ്ല്യൂ./65/2018 ഹെൽത്ത്-പാർട്ട്(2) ന്റെ വെളിച്ചത്തിൽ ക്രമവിരുദ്ധമായ ശമ്പള നിർണ്ണയത്തിലൂടെ ഏതെല്ലാം വിഭാഗത്തിലെ എത്ര ജീവനക്കാരാണ് ശമ്പളം കൈപ്പറ്റിവരുന്നതെന്ന് അറിയിക്കുമോ?

## ഡോക്ടർമാരുടെ സ്ഥലമാറ്റത്തിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

5513 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ ഡോക്ടർമാരുടെ സ്ഥലമാറ്റത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മൂന്ന് വർഷത്തിൽ കൂടുതൽ കാലം ഒരേ സ്ഥലത്തുതന്നെ ജോലി ചെയ്യുന്ന ഡോക്ടർമാർ ഉണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

## മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർക്ക്

5514 **ഡോ സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മെഡിക്കൽ ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള പാർക്ക് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാർക്കിന്റെ പ്രവർത്തനം വിശദമാക്കാമോ?

## കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ് കെട്ടിടങ്ങൾ

5515 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവ. ആശുപത്രികളിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി നിലവിലുള്ള പൊതുമാനദണ്ഡങ്ങൾ അറിയിക്കുമോ;

(ബി) പേവാർഡ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ആശുപത്രി അധികൃതരുടെയോ അനുമതി വാങ്ങുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ അടൂർ ജനറൽ ആശുപത്രിയിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടവുമായി ബന്ധപ്പെട്ട് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനവുമായോ ആശുപത്രി അധികൃതരുമായോ ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) അടൂർ ജനറൽ ആശുപത്രി വികസനത്തിനായി വിഭാവനം ചെയ്തിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യു.എസ്. കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പേവാർഡ് പൊളിച്ച്മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

## ആരോഗ്യ പ്രവർത്തകർക്ക് ട്രെയിനിംഗ്

5516 **ശ്രീ . എൻ . ഷംസുദ്ദീൻ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും വിവിധ ചികിത്സകൾക്കായി എത്തുന്ന സാധാരണക്കാരായ രോഗികളോട് ദയാപൂർവ്വവും മാനുഷികപരവുമായി മാത്രം ഇടപെടുന്നതിനുള്ള ട്രെയിനിംഗ് ആരോഗ്യപ്രവർത്തകർക്ക് ലഭ്യമാക്കാനും നിർദ്ദേശിക്കുമോ;വ്യക്തമാക്കാമോ?

## ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പുനർനിർമ്മാണം

5517 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഇവയുടെ പുനർനിർമ്മാണത്തിന് കേന്ദ്രസംസ്ഥാന വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ നിർമ്മിക്കുവാൻ ചുമതലപ്പെടുത്തിയ ഏജൻസികളുടെ വിശദവിവരം ലഭ്യമാക്കുമോ; നിർമ്മാണം അടിയന്തരമായി ആരംഭിക്കുമോ?

**<u>ക്യാൻസർ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷ</u>**

5518 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ താലൂക്ക്, കോട്ടുവള്ളി വില്ലേജ്, നോർത്ത് പറവൂർ പി.ഒ., പെരുവാരം, ഞാറക്കാട്ടു റോഡ്, കറുകയിൽ വീട്ടിൽ ശ്രീമതി സരള കെ.എൻ. ക്യാൻസർ രോഗത്തിന് ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' പദ്ധതിയിൽ 01.01.2019-ന് സമർപ്പിച്ച അപേക്ഷ പ്രകാരം തുക അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത തുക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ MH4 (NDIS)7311/9/ആ.വ.ഡ. നമ്പർ ഫയലിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

**<u>കോളേജ് വിദ്യാർത്ഥികൾക്ക് വാക്സിൻ നൽകൽ</u>**

5519 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ രണ്ടാം ഡോസ് കോവിഡ് വാക്സിൻ സ്വീകരിക്കുന്നതിന് നിഷ്കർശിച്ചിട്ടുള്ള എൺപത്തിനാല് ദിവസത്തെ ഇടവേള എന്നതിൽ നിന്നും കോളേജ് വിദ്യാർത്ഥികൾക്ക് ഇളവ് നൽകി ആയത് സ്വീകരിക്കുന്നതിനും അതിനോടൊപ്പം വാക്സിൻ സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

**<u>ഇരിക്കൂർ മണ്ഡലത്തിൽ കോവിഡ് വാക്സിൻ സ്വീകരിച്ചവർ</u>**

5520 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ നാളിതുവരെ കോവിഷീൽഡ്, കോവാക്സിൻ എന്നിവയുടെ

ഫസ്റ്റ് ഡോസും സെക്കന്റ് ഡോസും എടുത്തവരുടെ എണ്ണം എത്ര വീതമാണെന്ന് വിശദമാക്കാമോ?

**<u>കുട്ടികൾക്ക് കോവിഡ് വാക്സിൻ</u>**

5521 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മൂന്നാം തരംഗം ഏറ്റവും ഗുരുതരമായി ബാധിക്കുന്നത് കുട്ടികളെയാണ് എന്ന അനുമാനത്തിന്റെ അടിസ്ഥാനത്തിലും സ്കൂളുകളും കോളേജുകളും തുറക്കുവാൻ തീരുമാനിച്ചിട്ടുള്ള പശ്ചാത്തലത്തിലും കുട്ടികൾക്ക് വാക്സിൻ നൽകുന്നത് സംബന്ധിച്ച് പ്രത്യേക കർമ്മ പരിപാടി ആസൂത്രണം ചെയ്യുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

**<u>കോളേജ് വിദ്യാർത്ഥികൾക്കുള്ള കോവിഡ് വാക്സിൻ</u>**

5522 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിലെ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് രണ്ട് ഡോസ് വാക്സിൻ നിർബന്ധമായതിനാൽ അത്തരം വിദ്യാർത്ഥികൾക്കുള്ള കോവിഷീൽഡ് വാക്സിന്റെ ദൈർഘ്യം 84 ദിവസത്തിൽ നിന്ന് കുറയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>കോവിഡ് ബ്രിഗേഡ് ജീവനക്കാർ</u>**

5523 **ഡോ. എം.കെ . മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.എച്ച്.എം. സംസ്ഥാന ഡയറക്ടറുടെ 29.09.2021 തീയതിയിലെ ഉത്തരവ് പ്രകാരം പിരിച്ചുവിടപ്പെട്ട കോവിഡ് ബ്രിഗേഡ് ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ചും ആശുപത്രി തിരിച്ചും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച ശേഷവും കോവിഡ് ബ്രിഗേഡായി തുടരുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ചും ആശുപത്രി തിരിച്ചും ലഭ്യമാക്കുമോ?

**<u>കോവിഡ് ബാധിച്ച് മരിച്ചവർക്ക് സഹായധനം</u>**

5524 **ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് സംസ്ഥാനത്തിന് പുറത്ത് എത്രപേർ ചികിത്സ തേടിയിട്ടുണ്ടെന്നും ഇതിൽ എത്രപേർ മരിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്ക് സഹായധനം നൽകുമോ എന്ന് വ്യക്തമാക്കാമോ;

(ബി) കോവിഡ് ബാധിച്ച് വിദേശ രാജ്യങ്ങളിൽ മരിച്ച കേരളീയരുടെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവരുടെ കുടുംബത്തിന് സഹായധനം നൽകുമോ;

(സി) ഒരു വീട്ടിൽത്തന്നെ കോവിഡ് ബാധിച്ച് അച്ഛനും അമ്മയും മരിച്ച എത്ര കുടുംബങ്ങൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവർക്ക് നൽകുന്ന സഹായധനത്തെക്കുറിച്ചുള്ള വിശദാംശം നൽകാമോ?

## അംഗപരിമിതർക്ക് കോവിഡ് വാക്സിൻ

5525 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗപരിമിതർക്കും യാത്രാവൈകല്യം ഉള്ളവർക്കും പ്രത്യേക പരിഗണന അർഹിക്കുന്നവർക്കും വീട്ടിലെത്തി കോവിഡ് വാക്സിൻ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കോവിഡ് മൂന്നാം തരംഗം ലഘൂകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ

5526 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രോഗവ്യാപനത്തിന്റെ മൂന്നാം തരംഗത്തിന്റെ പ്രത്യാഘാതം ലഘൂകരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്കായി വാക്സിനേഷൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സാർവത്രികമാക്കുന്നതിനും പദ്ധതികൾ ഉണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വാക്സിനേഷൻ പൂർത്തിയാക്കാൻ എത്ര ഡോസ് വാക്സിൻ ഇനിയും ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) അലർജിയും മറ്റ് അസുഖവുമുള്ളവർക്ക് വാക്സിനേഷനായി പ്രത്യേക സംവിധാനമുള്ള ആശുപത്രികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

## കോവിഡ് മരണ പട്ടിക

5527 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ബാധിച്ച് മറുനാട്ടിൽ മരിച്ച മലയാളികളെ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരെ കോവിഡ് മരണ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കാമോ?

## സംസ്ഥാനത്തെ ലബോറട്ടറികൾ

5528 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രക്ത പരിശോധനയിലൂടെ അലർജി കണ്ടെത്താമെന്ന് പരസ്യം നടത്തിയ ലബോറട്ടറികളിൽ ഏറെയും അനധികൃതവും ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്തവയുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ലബോറട്ടറികൾക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച് .ഡി. എസ്. ലാബിലേക്കുള്ള പർച്ചേസ്**

5529 **ശ്രീ എം വിൻസെൻറ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എച്ച് .ഡി. എസ്. ലാബിലേക്കുള്ള പർച്ചേസ്, ടെൻഡർ നടപടിക്രമങ്ങൾ പാലിക്കാതെയാണ് നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ചുവർഷ കാലയളവിൽ എച്ച്.ഡി.എസ്. ലാബിലേക്ക് നടത്തിയ പർച്ചേസ് കളുടെ ടെൻഡർ നടപടി വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) കാലപ്പഴക്കവും എഗ്രിമെന്റ് കാലാവധി പൂർത്തീകരിച്ചതുമായ ലബോറട്ടറി ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനെന്ന വ്യാജേന പരിശോധന കിറ്റുകൾ വാങ്ങി കൂട്ടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ;

(സി) മെഡിക്കൽ കോളേജിലെ എ.സി.ആർ. ലാബിൽ കാലപ്പഴക്കംകൊണ്ട് കമ്പനികൾ പുറംതള്ളിയ ലബോറട്ടറി ഉപകരണം വാങ്ങി സ്ഥാപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) കാലാവധി കഴിഞ്ഞ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചതിന് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**സ്കാനറുകളും എക്സ്റേ മെഷീനുകളും കേടു വരുത്തുന്നതായ ആക്ഷേപം**

5530 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും സ്കാനറുകളും എക്സ്റേ മെഷീനുകളും തകരാറിലാക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ എക്സ്റേ, സ്കാനിംഗ് എന്നിവക്കായി രോഗികളെ സ്വകാര്യ ലാബുകളിലേക്ക് അയക്കുന്ന പ്രവണത വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇത്തരം ഉപകരണങ്ങളുടെ സംരക്ഷണത്തിനായി ആശുപത്രി അധികൃതർ ഒരുക്കിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

**ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്ത ക്ലിനിക്കൽ ലാബുകൾ**

5531 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം രജിസ്റ്റർ ചെയ്യാത്ത ക്ലിനിക്കൽ ലാബുകൾ രക്തപരിശോധനയിലൂടെ അലർജി കണ്ടെത്താമെന്ന പരസ്യം നൽകി തട്ടിപ്പ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നടത്തുന്ന അലർജി ടെസ്റ്റിന്റെ ആധികാരികത സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ**

5532 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത ഉപകേന്ദ്രങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള ഏതെങ്കിലും പദ്ധതി പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് പുതിയ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ തുടങ്ങുന്നത് പരിഗണനയിൽ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) മഞ്ചേശ്വരം താലൂക്കിൽ സ്വന്തമായി കെട്ടിടമില്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ടോ; വ്യക്തമാക്കുമോ;

(എഫ്) മഞ്ചേശ്വരം താലൂക്കിൽ ശോച്യാവസ്ഥയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഉണ്ടോയെന്നും പ്രസ്തുത ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നും വിശദമാക്കുമോ?

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ**

5533 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ആരോഗ്യവകുപ്പിനുകീഴിലെ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഏതൊക്കയാണെന്നും ഇവയെല്ലാം പ്രവർത്തനസജ്ജമാണോയെന്നും വിശദമാക്കാമോ;

(ബി) പ്രവർത്തന സജ്ജമല്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്നും ഇവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതികളുണ്ടോയെന്നും വിശദമാക്കാമോ?

**കോവിഡ് പശ്ചാത്തലത്തിൽ വിദേശ മെഡിക്കൽപഠനം**

5534 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ ഇന്ത്യക്ക് പുറത്ത് പഠനം നടത്തിവന്നിരുന്ന

മെഡിക്കൽ വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലായത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## ഹൗസ് സർജൻമാരുടെ സ്റ്റൈപ്പന്റ്

5535 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉത്തരവു പ്രകാരം മെഡിക്കൽ കോളജുകളിൽ ഹൗസ് സർജൻമാർക്ക് നൽകി വരുന്ന സ്റ്റൈപ്പന്റ് തുക എത്രയാണെന്ന് അറിയിക്കാമോ;

(ബി) സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നൽകി വരുന്ന ഹൗസ് സർജൻമാരുടെ സ്റ്റൈപ്പന്റ് തുക എത്രയാണ്; അറിയിക്കാമോ;

(സി) കോവിഡ് മഹാമാരി കാലത്ത് 24 മണിക്കൂറും ജോലി ചെയ്യുന്ന ഹൗസ് സർജൻമാരുടെ സ്റ്റൈപ്പന്റ് പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ ഹൗസ് സർജൻമാരുടെ സ്റ്റൈപ്പന്റ് വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ

5536 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരണം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരണം

5537 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിലെ യു.ജി.സി. അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും അലൈഡ് ഹെൽത്ത് കോഴ്സുകൾ പൂർത്തിയാക്കിയ കേരളീയരായ ഉദ്യോഗാർത്ഥികൾക്ക് സംസ്ഥാനത്ത് സർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യാനോ കേരളാ പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നേടാനോ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന തലത്തിൽ സ്റ്റേറ്റ് അലൈഡ് ആന്റ് ഹെൽത്ത് കെയർ കൗൺസിൽ രൂപീകരിക്കുന്നത് നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കൗൺസിൽ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

## സ്വകാര്യ മെഡിക്കൽ കോളേജുകൾ

5538 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില സ്വകാര്യ മെഡിക്കൽ കോളേജുകൾ ഒന്നാം വർഷത്തെ ക്ലാസ്സുകൾ അവസാനിക്കുന്നതിന് മുൻപ് രണ്ടാം വർഷത്തെ ഫീസും ഹോസ്റ്റൽ ഫീസും ആവശ്യപ്പെട്ട് വിദ്യാർത്ഥികളെ വിഷമത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒന്നാംവർഷ ക്ലാസുകൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ഒന്നാം വർഷ പരീക്ഷ 2022 ഫെബ്രുവരിയിൽ മാത്രമേ നടക്കുകയുള്ളൂവെന്നതിനാലും കോവിഡ് കാലത്തെ സാമ്പത്തിക പ്രതിസന്ധികൾ പരിഗണിച്ച് 2021 ഡിസംബർ വരെ രണ്ടാം വർഷത്തെ ഫീസ് അടയ്ക്കുന്നതിന് ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ഡോ. ജെസ്സി വർഗ്ഗീസിന് സ്റ്റൈപന്റ് അരിയർ അനുവദിക്കാൻ നടപടി

5539 **ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മെഡിക്കൽ കോളേജിൽ കോൺട്രാക്റ്റ് സീനിയർ റസിഡന്റ് എന്ന നിലയിൽ സേവനം അനുഷ്ഠിച്ച ഡോ. ജെസ്സി വർഗ്ഗീസിന് സ്റ്റൈപന്റ് അരിയർ അനുവദിക്കണമെന്ന അപേക്ഷയിൽ തുടർനടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ബഹു. മന്ത്രിയുടെ 09/08/2021 ലെ E/5349357/21/M(H,W&CD) നമ്പർ കത്തിൻമേൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വിഷയത്തിൽ മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) സ്റ്റൈപന്റ് അരിയർ എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ മെഡിക്കൽ അധ്യാപകരുടെ ഒഴിവ്

5540 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിവിധ വിഭാഗങ്ങളിൽ മെഡിക്കൽ അധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നിലവിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മെഡിക്കൽ അധ്യാപനരംഗത്തേയും പരിചരണമേഖലയെയും ഒരുപോലെ ബാധിക്കുന്ന പ്രസ്തുത പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

## ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നത് സംബന്ധിച്ച്

5541 **ശ്രീ. ആന്റണി ജോൺ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സെക്രട്ടേറിയറ്റിലെ ആയുഷ് വകുപ്പിൽ 2313134/ ആയുഷ് എ1/234ആയുഷ്/18 നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനുവേണ്ടി ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിച്ച പ്രൊപ്പോസലിന്മേൽ അധികവിവരങ്ങൾ ചോദിച്ചത് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെയായി എന്തുകൊണ്ടാണ് ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറിൽ നിന്നും അധിക വിവരങ്ങൾ ലഭ്യമാകാത്തതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ഫയലിൽ ഭാരതീയ ചികിത്സ വകുപ്പ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരങ്ങൾ അടിയന്തരമായി ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) ചെറുവട്ടൂർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജ്</u>

5542 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പരിയാരം ഗവൺമെന്റ് ആയുർവ്വേദ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയതായി ആരംഭിച്ച പി.ജി. കോഴ്സും യു.ജി. കോഴ്സുകളിലേ ക്കുള്ള കുട്ടികളുടെ വർദ്ധനവും പരിഗണിച്ച് പുതിയ അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നബാർഡിലോ കിഫ്ബിയിലോ ഉൾപ്പെടുത്തി അക്കാദമിക്ക് ബ്ലോക്ക് നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ</u>

5543 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ ചികിത്സാ വകുപ്പിനുകീഴിൽ ആയുർവേദ മെഡിക്കൽ ഓഫീസർ, സീനിയർ മെഡിക്കൽ ഓഫീസർ, ചീഫ് മെഡിക്കൽ ഓഫീസർ എന്നീ തസ്തികകളിൽ മാസങ്ങളായി ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ സ്ഥിരം ഡോക്ടർമാർ ഇല്ലാത്ത എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ എപ്രകാരം

ഉണ്ടായെന്നും വ്യക്തമാക്കാമോ;

(സി) ഭാരതീയ ചികിത്സാ വകുപ്പിൽ പ്രൊമോഷൻ നടക്കാത്തത് മൂലം എൻട്രി കേഡർ ആയ മെഡിക്കൽ ഓഫീസർ തസ്തികയിൽ ഉണ്ടാകേണ്ട ഒഴിവുകൾ മാസങ്ങളായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രൊമോഷൻ നടത്തുന്നതിനും ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത വകുപ്പിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച തസ്തികകൾ സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകൾ ഏതെല്ലാമാണെന്നും എത്രയെണ്ണമുണ്ടെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ?

## ആയുഷ് വകുപ്പിലെ പുതിയ തസ്തികകൾ

5544 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 19/02/2021 ന് ആയുഷ് വകുപ്പിന് കീഴിൽ 300 തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ ഏതൊക്കെ സ്ഥാപനങ്ങളിലേക്കാണെന്നും അവയുടെ കാറ്റഗറി, ശമ്പള സ്കെയിൽ എന്നിവ വിശദീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വെളിപ്പെടുത്താമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇപ്രകാരം ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ?

## സ്ത്രീ സുരക്ഷയ്ക്കായി നിയമ നിർമ്മാണം

5545 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സുരക്ഷയ്ക്കും പുരോഗതിക്കുമായി സംസ്ഥാനത്ത് നടത്തിവരുന്ന ക്ഷേമ-സുരക്ഷ പ്രവർത്തനങ്ങൾ രാജ്യത്തിന് തന്നെ മാതൃകാപരമാണെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള സുരക്ഷയും നിയമ പരിരക്ഷയും മുതലെടുത്തുകൊണ്ട് നിക്ഷിപ്തതാല്പര്യത്തോടെ ചില സ്ത്രീകൾ പ്രവർത്തിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സർക്കാർ സർവ്വീസിൽ സേവനം അനുഷ്ഠിക്കുന്ന സ്ത്രീകൾ ഏതെങ്കിലും വ്യക്തികൾക്ക് എതിരെ വ്യാജരേഖ ചമയ്ക്കുകയോ ഊമക്കത്തുകൾ അയക്കുകയോ ചെയ്തതായി തെളിയിക്കപ്പെട്ടാൽ അവർക്കെതിരെ ഔദ്യോഗികമായും നിയമപരമായും ഏതെല്ലാം വകുപ്പുകൾ പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) നിയമത്തിലെ പഴുതുകളടച്ച് സ്ത്രീ സുരക്ഷാ നിയമങ്ങൾ കൂടുതൽ ഗുണപ്രദവും സാമൂഹിക നന്മയും പ്രദാനം ചെയ്യും വിധം ഭേദഗതി വരുത്തുന്നതിന് നടപടികൾ

സ്വീകരിക്കുമോ ?

**കുഞ്ഞിനെ ശിശു ക്ഷേമ സമിതിയിൽ ഏല്പിച്ചുവെന്ന യുവതിയുടെ പരാതി**

5546 **ശ്രീ എം വിൻസെൻറ്**
**ശ്രീ. പി. ടി. തോമസ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പേരൂർക്കടയിൽ പ്രസവിച്ച കുഞ്ഞിനെ വീട്ടുകാർ എടുത്തുമാറ്റി ശിശുക്ഷേമ സമിതിൽ ഏല്പിച്ചു എന്ന് കാണിച്ചുകൊണ്ടുള്ള യുവതിയുടെ പരാതി ശിശു ക്ഷേമ സമിതി, കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അന്വേഷണത്തിന്റെ കണ്ടെത്തൽ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) 22-10-2020-ന് ശിശുക്ഷേമ സമിതിയിലേൽപ്പിച്ച ഇവരുടെ കുഞ്ഞിനെ മറ്റൊരാൾക്ക് ദത്ത് നൽകി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശിശുക്ഷേമസമിതിയിൽ ഏല്പിക്കുന്ന കുട്ടികളെ ദത്ത് നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

**ആരോഗ്യ കിരണം പദ്ധതി**

5547 **ശ്രീമതി യു പ്രതിഭ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ ശിശു വൈകല്യങ്ങൾ ഇല്ലാതാക്കുന്നതിനായി ആരംഭിച്ച ശിശു വികസന കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ആരോഗ്യമുള്ള ഒരു യുവതലമുറയെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച പ്രസ്തുത കേന്ദ്രത്തിന്റെ സേവനങ്ങൾ വിശദമാക്കാമോ;

(സി) ജനനം മുതൽ പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും അനുബന്ധ വൈദ്യ സേവനങ്ങളും ലഭ്യമാക്കുന്നതിനായി ആരംഭിച്ച ആരോഗ്യ കിരണം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മാവേലിക്കര മണ്ഡലത്തിലെ സ്മാർട്ട് അംഗൻവാടികൾ**

5548 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിശു വികസന പദ്ധതിയുടെ ഭാഗമായി മാവേലിക്കര മണ്ഡലത്തിൽ എത്ര അംഗൻവാടികൾ സ്മാർട്ട് അംഗൻവാടികളാക്കി ഉയർത്തിയിട്ടുണ്ടെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ സ്മാർട്ടായി ഉയർത്തുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുള്ള അംഗൻവാടികൾ പൂർണ്ണതോതിൽ സ്മാർട്ട് അംഗൻവാടികളായി പ്രവർത്തനസജ്ജമായിട്ടുണ്ടോ; ഇവയുടെ നിലവിലെ സ്ഥിതി ലഭ്യമാക്കുമോ;

(സി) ഈ മണ്ഡലത്തിലെ കൂടുതൽ അംഗൻവാടികൾ സ്മാർട്ടായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## വനിതാ ശിശു വികസന വകുപ്പ് - തസ്തിക സൃഷ്ടിക്കൽ

5549 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിനു കീഴിലുള്ള ഡിസ്ട്രിക്ട് വുമൺ വെൽഫെയർ ഓഫീസർ, എക്സ്റ്റൻഷൻ ഓഫീസർ ഓഫ് വുമൺ വെൽഫെയർ എന്നീ തസ്തികകൾ വനിതാ ശിശു വികസന വകുപ്പിലേക്ക് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## അനാഥാലയങ്ങളിലെ കുട്ടികൾക്ക് ജാതിസംവരണ ആനുകൂല്യം

5550 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിൽ വളരുന്ന കുട്ടികൾക്ക് ജാതിസംവരണത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കേണ്ട ആനുകൂല്യങ്ങളും മുൻഗണനയും നിഷേധിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ അറിയിക്കാമോ;

(ബി) ഈ വിഷയത്തിൽ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പഠനം നടത്തുന്നതിനായി സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന് മുന്നിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) അനാഥാലയങ്ങളിൽ വളരുന്ന കുട്ടികൾക്ക് ജാതിസംവരണത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങളും അർഹമായ മുൻഗണനയും ലഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

## ജന്റർ പാർക്കിലെ പദ്ധതികൾ

5551 **ശ്രീമതി യു പ്രതിഭ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജന്റർ പാർക്കിൽ വനിതാശാക്തീകരണവും ലിംഗസമത്വവും ലക്ഷ്യം വെച്ച് ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) കോഴിക്കോട് പ്രവർത്തിക്കുന്ന ജന്റർ പാർക്കിൽ വനിതാശാക്തീകരണത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്;

വിശദമാക്കാമോ;

(സി) ആധുനിക വിഷ്വൽ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി ജന്റർ മ്യൂസിയം സ്ഥാപിക്കുന്നതിന് പദ്ധതികളുണ്ടോ; വ്യക്തമാക്കാമോ?

**<u>കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾ</u>**

5552 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് കാരണം മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളുടെ കണക്ക് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവർക്ക് എന്തെല്ലാം സഹായം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്; എത്ര കുട്ടികൾക്ക് ഈ സഹായം ലഭ്യമായിട്ടുണ്ട്; ഇനി എന്തെല്ലാം സഹായം നൽകാൻ ബാക്കിയുണ്ട്; വ്യക്തമാക്കുമോ?

**<u>വനിത-ശിശു വികസന വകുപ്പിൽ ഹെൽപ്പർ തസ്തികയിൽ നിന്നുള്ള ഉദ്യോഗകയറ്റം</u>**

5553 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിത-ശിശു വികസന വകുപ്പിൽ ഹെൽപ്പർ തസ്തികയിൽ നിന്നും വർക്കറായി ഉദ്യോഗകയറ്റം ലഭിക്കുന്നതിന് 31/05/2017 തീയതി പ്രാബല്യത്തിൽ എത്ര ഐ.സി.ഡി.എസ്. പ്രൊജക്ടുളിലാണ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) സർക്കാരിന്റെ 30/04/2018 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 31/05/2017-ലെ ലിസ്റ്റ് നിലനിൽക്കവെ എത്ര ഐ.സി.ഡി.എസ്. പ്രൊജക്ടുകളിലേക്കാണ് പുതിയ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വിവരം നൽകാമോ?

**<u>സി.എഫ്.ആർ.ഡി.യുടെ പ്രവർത്തനം</u>**

5554 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട കോന്നിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ് (സി.എഫ്.ആർ.ഡി.)-നെ സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് സർക്കാർ മുമ്പാകെയുണ്ടോ;

(സി) നിലവിൽ സി.എഫ്.ആർ.ഡി.യുടെ കെട്ടിടവും സ്ഥലവും ആരുടെ ഉടമസ്ഥതയിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര ജീവനക്കാരാണ് സ്ഥിരമായും താൽക്കാലികമായും ഇവിടെ ജോലിചെയ്യുന്നതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

**<u>അഗതിമന്ദിരങ്ങൾക്കും കന്യാസ്ത്രീമഠങ്ങൾക്കും വാതിൽപ്പടി വിതരണം</u>**

5555 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗതിമന്ദിരങ്ങൾ, കന്യാസ്ത്രീമഠങ്ങൾ തുടങ്ങിയവയിലെ താമസക്കാർക്ക് പൊതുവിതരണ വകുപ്പിലെ ഉദ്യോഗസ്ഥർ ഭക്ഷ്യകിറ്റുകൾ വാതിൽപ്പടിയായി വിതരണം ചെയ്തതിന്റെ വിശദവിവരം നൽകാമോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര അഗതിമന്ദിരങ്ങൾക്കും കന്യാസ്ത്രീമഠങ്ങൾക്കും ഇത്തരത്തിൽ സൗജന്യകിറ്റ് വിതരണം നടത്തിയെന്ന് വിശദമാക്കാമോ;

(സി) അതിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ മാത്രം എത്ര അഗതിമന്ദിരങ്ങൾക്കും കന്യാസ്ത്രീമഠങ്ങൾക്കും ഇത്തരത്തിൽ സൗജന്യകിറ്റ് വിതരണം നടത്തിയെന്ന് വിശദമാക്കാമോ?

## നീലനിറത്തിലുള്ള റേഷൻ കാർഡ് കൈവശം വച്ചിരിക്കുന്ന അനർഹരെ കണ്ടെത്താൻ നടപടി

5556 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹമായി നീലനിറത്തിലുള്ള റേഷൻ കാർഡ് കൈവശം വെച്ചിരിക്കുന്നവരെ കണ്ടെത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതുവരെ ഇത്തരത്തിലുള്ള എത്ര കാർഡ് ഉടമകളെ മുൻഗണനാ പട്ടികയിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

## നിലമ്പൂർ മണ്ഡലത്തിലെ റേഷൻ കാർഡുകൾ

5557 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന് മുമ്പും ശേഷവും നിലമ്പൂർ നിയോജക മണ്ഡലത്തിലുണ്ടായിരുന്ന ആകെ റേഷൻ കാർഡുകളുടെ എണ്ണം വിവിധതരം റേഷൻ കാർഡുകളുടെ തരതിരിച്ചുള്ള എണ്ണം എന്നിവ ലഭ്യമാക്കാമോ;

(ബി) മേൽ താരതമ്യങ്ങളിൽ നിന്നും ഏതുതരം റേഷൻ കാർഡുകളിലാണ് വലിയ തോതിലുള്ള അന്തരമുണ്ടായിട്ടുള്ളതെന്നും ആയതിനുള്ള കാരണങ്ങളും വിശദമാക്കാമോ; മുൻഗണനാ വിഭാഗങ്ങളിൽ കൂടുതൽ റേഷൻകാർഡുകൾ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) അന്നപൂർണ പദ്ധതിയിൽ ഉൾപ്പെട്ട എത്ര റേഷൻ കാർഡുകളാണ് നിലമ്പൂർ നിയോജക മണ്ഡലത്തിലുള്ളതെന്ന് അറിയിക്കാമോ; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലമ്പൂർ നിയോജക മണ്ഡലത്തിൽ എത്ര വെൽഫയർ ഹോസ്റ്റലുകൾ, പട്ടിക വിഭാഗ ഹോസ്റ്റലുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കാണ് നിലവിൽ റേഷൻ ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവയുടെ പട്ടിക ലഭ്യമാക്കാമോ?

## മണ്ണാർക്കാട് മണ്ഡലത്തിലെ റേഷൻ കാർഡില്ലാത്ത ആദിവാസി കുടുംബങ്ങൾ

5558 **ശ്രീ . എൻ . ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ

വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ റേഷൻ കാർഡില്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവർക്ക് റേഷൻ കാർഡ് അനുവദിച്ച നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ഇരിക്കൂർ മണ്ഡലത്തിലെ റേഷൻ കാർഡുകൾ**

5559 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കാർഡുകളാണുള്ളതെന്നും അവയിൽ അന്ത്യോദയ അന്ന യോജന, മുൻഗണനന, മുൻഗണനേതര, മുൻഗണനേതര സബ്സിഡി എന്നിങ്ങനെ എത്രയെന്ന തരംതിരിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പട്ടികയിൽ നിന്നും നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട എത്ര റേഷൻ കാർഡ് ഉടമകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് കാർഡ് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർക്ക് മാറ്റിനൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിവരം ലഭ്യമാക്കാമോ;

(സി) അർഹരായ മുഴുവൻ അപേക്ഷകരുടെയും റേഷൻ കാർഡുകൾ ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റിനൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**ചേർത്തല താലൂക്കിലെ മുൻഗണനന റേഷൻ കാർഡുകൾ**

5560 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ റേഷൻ കാർഡ് മുൻഗണനന വിഭാഗത്തിലേക്ക് ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ആയതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയെന്ന് വിശദമാക്കാമോ?

**റേഷൻകടകൾ വഴി കുത്തരി വിതരണം ചെയ്യാൻ നടപടി**

5561 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി ഏതൊക്കെ ഇനം അരിയാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കാമോ;

(ബി) റേഷൻ കടകൾ വഴി കുത്തരി നൽകുന്ന ജില്ലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ റേഷൻ കടകൾ വഴി കുത്തരി വിതരണം ചെയ്യാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ഡി) കുത്തരി വിതരണം ചെയ്യാത്ത ജില്ലകളിൽ ആയത് നൽകുന്നതിന് നടപടികൾ

സ്വീകരിക്കാമോ ?

**<u>റേഷൻ വിതരണത്തിലെ കേന്ദ്രവിഹിതം</u>**

5562 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും വഹിക്കുന്ന ചെലവ് എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കഴിഞ്ഞ വർഷം സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള റേഷൻ ഉൽപ്പന്നങ്ങൾ ഏതൊക്കെയാണ്; ഓരോ ഇനവും എത്ര അളവുകളിലാണ് ആനുവദിക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകാമോ;

(സി) കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള റേഷൻ ഉൽപ്പന്നങ്ങളിൽ എത്ര ശതമാനം ഉൽപ്പന്നങ്ങളുടെ വിതരണമാണ് നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) എങ്കിൽ ആയത് മുഴുവനായും വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

(ഇ) നാളിതുവരെ സംസ്ഥാനത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള റേഷൻ വിഹിതത്തിൽ സംസ്ഥാനത്തിന് ലഭ്യമാക്കിയിട്ടുള്ള അളവുകളിൽ കുറവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഒരോ ഇനത്തിലും എത്ര വീതമാണ് കുറവുണ്ടായിട്ടുള്ളത്; കുറവുണ്ടായതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

**<u>അരിയുടെയും ഗോതമ്പിന്റെയും പ്രതിമാസ കണക്ക്</u>**

5563 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഓരോ മാസവും കേന്ദ്രം സംസ്ഥാനത്തിനനുവദിച്ച അരിയും ഗോതമ്പും എത്ര ടൺ വീതമാണ്; ഇതിൽ എത്ര ടൺ വീതം ഏറ്റെടുത്ത് വിതരണം ചെയ്യുകയുണ്ടായി; വിശദമാക്കാമോ;

(ബി) ഏതെല്ലാം സ്കീമിൽ ഏതെല്ലാം നിരക്കിലാണ് അരിയും ഗോതമ്പും അനുവദിച്ചതെന്നും കേന്ദ്രം നൽകുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതെങ്ങനെയെന്നും വിശദമാക്കാമോ;

(സി) അരിയുടെയും ഗോതമ്പിന്റെയും യഥാർത്ഥ ആവശ്യം പ്രതിമാസം എത്ര ടൺ വീതമാണെന്നും എന്ത് വിലയ്ക്കാണ് അവ സമാഹരിക്കുന്നതെന്നും വിശദമാക്കാമോ?

**<u>വിദ്യാലയങ്ങൾക്ക് നൽകുന്ന ചാക്കരിയുടെ അളവ്</u>**

5564 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ഉച്ചഭക്ഷണത്തിനായി വിദ്യാലയങ്ങൾക്ക് നൽകുന്ന ചാക്കരിയിൽ കുറവുണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ലഭിക്കാതിരിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ?

**<u>സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി</u>**

5565 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ റേഷൻ സാധനങ്ങൾ എത്തിച്ചു നൽകുന്നതിനായി രൂപീകരിച്ച സഞ്ചരിക്കുന്ന റേഷൻ കട പദ്ധതിയുടെ പ്രവർത്തനങ്ങൾ സർക്കാർ നിരീക്ഷിക്കുന്നുണ്ടോ;

(ബി) ഇതിന് പ്രത്യേക നിരീക്ഷണ സംവിധാനം വകുപ്പുതലത്തിൽ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

**<u>പുതുതായി ആരംഭിച്ച മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും</u>**

5566 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 ലെ സർക്കാർ പുതുതായി എത്ര മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും മാവേലി സൂപ്പർ സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും അനുവദിച്ചിട്ടുണ്ടെന്ന വിവരം ജില്ലതിരിച്ച് ലഭ്യമാക്കാമോ?

**<u>തൃക്കരിപ്പൂർ മണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ</u>**

5567 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എവിടെയൊക്കെയാണ് സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ വിലയ പറമ്പ് ദ്വീപ് പഞ്ചായത്തിലും മറ്റ് തീരദേശ ഗ്രാമങ്ങൾക്കും ഗുണപ്രദമാകുന്ന തരത്തിൽ ഒരു സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മങ്കട മണ്ഡലത്തിലെ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും</u>**

5568 **ശ്രീ . മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്; പഞ്ചായത്ത് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ; മണ്ഡലത്തിൽ എത്ര സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ മണ്ഡലത്തിൽ ഏതെങ്കിലും സ്ഥലത്ത് പുതുതായി മാവേലി സ്റ്റോറുകളോ സപ്ലൈകോ ഔട്ട്ലെറ്റുകളോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) മണ്ഡലത്തിലെ ഏതെങ്കിലും മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; കൂടുതൽ സൂപ്പർമാർക്കറ്റുകൾ

സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

**നെല്ല് സംഭരണം കാര്യക്ഷമമാക്കുവാൻ നടപടി**

5569 **ശ്രീ എ കെ എം അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കൃത്യസമയത്ത് നെല്ല് സംഭരണം നടത്താത്തതിനാൽ കർഷകർ നിരവധി പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിന് ജില്ലാതലത്തിൽ സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

**നെല്ല് സംഭരണ പദ്ധതി**

5570 **ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യായവിലയ്ക്ക് നെൽകൃഷിക്കാരിൽനിന്നും നെല്ല് ശേഖരിക്കുന്ന നെല്ല് സംഭരണ പദ്ധതി നടപ്പാക്കിയതിലൂടെ നെൽകൃഷിക്കാർക്ക് എന്തെല്ലാം നേട്ടങ്ങൾ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; നെല്ല് സംഭരണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) നെല്ലിന്റെ ഉല്പാദനവർദ്ധനവിനനുസരിച്ച് സംഭരണം നടക്കാതിരിക്കുന്നത് പ്രയാസങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

**പാലക്കാട് ജില്ലയിലെ നെല്ല് സംഭരണം**

5571 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ നടത്തിയ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ അളവ് എത്രയാണെന്നും എത്ര പേരിൽ നിന്നാണ് സംഭരിക്കുന്നതെന്നും അറിയിക്കാമോ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത ജില്ലയിൽ കഴിഞ്ഞ പത്ത് വർഷമായി നെല്ല് സംഭരണത്തിൽ വർദ്ധനവുണ്ടോ; ഓരോ വർഷവും സംഭരിച്ച നെല്ല് എത്രയാണെന്ന് വിശദമാക്കാമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തകർന്ന റോഡുകൾ നന്നാക്കാൻ നടപടി

5572 **ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ കാലവർഷം മൂലം തകരുന്നതിനാലും വിവിധ പദ്ധതികൾക്കായി റോഡ് വെട്ടിപ്പൊളിക്കുന്നതിനാലും ഗ്രാമീണ റോഡുകളിലൂടെയുള്ള യാത്ര ദുരിതപൂർണമാകുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം റോഡുകൾ പുനർനിർമ്മിക്കാൻ തദ്ദേശസ്ഥാപനങ്ങൾക്ക് പ്രത്യേകമായ ഒരു ഫണ്ട് അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ ഫണ്ട്

5573 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആശുപത്രികൾ, സ്കൂളുകൾ, കൃഷിഭവനുകൾ തുടങ്ങി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ വികസനത്തിനായി ഭൂമി അക്വയർ ചെയ്യുന്നതിന് സർക്കാർ ഫണ്ട് അനുവദിയ്ക്കുന്നത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്റ്റേഡിയം, മാർക്കറ്റുകൾ, അറവുശാലകൾ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവയുടെ വികസനത്തിന് ഭൂമി അക്വയർ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ സർക്കാർ ഫണ്ട് അനുവദിക്കുമോ; ആയതിന് സ്വീകരിയ്ക്കേണ്ട നടപടികൾ വിശദീകരിക്കാമോ?

## ലൈഫ് മിഷൻ പട്ടികയിലുൾപ്പെട്ട ഭൂരഹിതർക്ക് വീട് നിർമ്മിക്കാൻ നടപടി

5574 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പട്ടികയിൽ ഉൾപ്പെട്ട ഭൂരഹിതർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്ത അർഹരായ ഭൂരഹിതരെ കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## ആലത്തൂർ മണ്ഡലത്തിലെ ലൈഫ് ഭവന പദ്ധതി

5575 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിലെ എസ്.സി./ എസ്.ടി. വിഭാഗങ്ങൾക്ക് നാളിതുവരെ എത്ര വീടുകളാണ് അനുവദിച്ചതെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

## സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിയമനം

5576 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓവർസിയർ, അസിസ്റ്റൻറ് എഞ്ചിനീയർ തുടങ്ങിയ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ അഭാവം മൂലം നിരവധി പദ്ധതികൾ മുടങ്ങിയ അവസ്ഥയിലായതിനാൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം, കുറ്റിപ്പുറം, പൊൻമള, എടയൂർ എന്നീ പഞ്ചായത്തുകളിലെയും കോട്ടയ്ക്കൽ നഗരസഭയിലെയും കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്തിലെയും ഓവർസിയർ, അസിസ്റ്റൻറ് എഞ്ചിനീയർ എന്നീ തസ്തികകളിലെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## കുടിപ്പള്ളിക്കൂടം ആശാൻമാരുടെയും/ആശാട്ടിമാരുടേയും ഗ്രാന്റ് വർദ്ധന

5577 **ശ്രീ സി ആർ മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിപ്പള്ളിക്കൂടം ആശാൻമാരുടെയും ആശാട്ടിമാരുടെയും ഗ്രാന്റ് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

## ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിരീക്ഷണകാലം

5578 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിരീക്ഷണകാലം പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് 16.02.2011 ലെ ജി.ഒ.(പി ) നം. 44/2011/തസ്വഭവ. നമ്പർ സ്പെഷ്യൽ റൂളിൽ വ്യക്തത വരുത്തുന്നതിനായി 16.06.2017-ൽ ഇറക്കിയ ജി.ഒ.(എം.എസ്.) നം. 112/2017/തസ്വഭവ. നമ്പർ ഉത്തരവിൽ പിഴവ് സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2013-ൽ അക്കൗണ്ട് ടെസ്റ്റ് ഹയറും എം.ഒ.പി. യും പാസ്സായ വ്യക്തി 2019-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായി നിയമിതനായാൽ ടിയാന് നിരീക്ഷണകാലം പൂർത്തിയാക്കുന്നതിന് അക്കൗണ്ട് ടെസ്റ്റ് എക്സിക്യൂട്ടീവ് വിജയിക്കേണ്ടതുണ്ടോ;

(സി) സ്പെഷ്യൽ റൂളിൽ വ്യക്തത വരുത്തി 2017-ൽ ഉത്തരവ് ഇറക്കുന്നതിന് നിയമ വകുപ്പിന്റെയോ ഉദ്യോഗസ്ഥ ഭരണപരിഷ്കരണ വകുപ്പിന്റെയോ ഉപദേശം തേടിയിരുന്നോ;

(ഡി) 2018-ന് ശേഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പ്രവേശിച്ചവരുടെ നിരീക്ഷണകാലം പൂർത്തിയാക്കുന്നതിനുള്ള അപേക്ഷ, അക്കൗണ്ട് ടെസ്റ്റ് ഹയർ, എം.ഒ.പി. യോഗ്യതകൾ സ്പെഷ്യൽ റൂൾ ഇറങ്ങിയതിന് മുമ്പ് ആർജ്ജിച്ചതല്ല എന്ന കാരണത്താൽ നിരസിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## വ്യവസായ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ വാഹന പാർക്കിംഗ് ഫീസ്

5579 **ശ്രീ . എൻ . ഷംസുദ്ദീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്, 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസ് എന്നിവയിലെ വ്യവസ്ഥപ്രകാരം വാണിജ്യാവശ്യങ്ങൾക്കുവേണ്ടി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് വാഹന പാർക്കിംഗ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ടോ; ഇപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളിലെ പാർക്കിംഗ് ഏരിയകളിൽ വാഹനങ്ങളിൽ നിന്നും പാർക്കിംഗ് ഫീസ് ഈടാക്കുവാൻ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇപ്രകാരം വാഹന പാർക്കിംഗ് ഫീസ് ഈടാക്കുന്ന വൻകിട വ്യാപാരസ്ഥാപനങ്ങളും മാളുകളും സംബന്ധിച്ച് സർക്കാരിന് വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) കെ.എം.ബി.ആർ., കെ.പി.ബി.ആർ. ചട്ടങ്ങളിൽ വാഹന പാർക്കിംഗ് ഫീസ് പിരിക്കുവാൻ പാടില്ല എന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## ഗ്രാമപഞ്ചായത്തുകളിൽ സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിക്കുന്നതിന് നടപടി

5580 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ സങ്കേതം, ഐ.എൽ.ജി.എം.എസ്. എന്നീ രണ്ട് സോഫ്റ്റ്‌വെയറുകൾ ഉപയോഗിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത സോഫ്റ്റ്‌വെയറുകൾ ഏകോപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

## പ്ലാസ്റ്റിക് നിരോധന നിയമം ലംഘിക്കുന്നവർക്കെതിരെ നടപടി

5581 **ശ്രീ. ടി. പി .രാമകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് 19-ന്റെ വരവോടെ നിരോധിത പ്ലാസ്റ്റിക്കിന്റെ ഉപയോഗം വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ;

(ബി) പ്ലാസ്റ്റിക് നിരോധന നിയമം ലംഘിക്കുന്നവർക്കെതിരെ ഏതൊക്കെ തരം പിഴയാണ് ചുമത്തുന്നത് എന്ന് വ്യക്തമാക്കാമോ?

## ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിനായി ഓൺലൈൻ അപേക്ഷ

5582 **ശ്രീ. പി.വി.അൻവർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനന സർട്ടിഫിക്കറ്റിൽ കുട്ടിയുടെയോ രക്ഷിതാക്കളുടെയോ പേരിലും ഇനിഷ്യലിലുമുള്ള കൂട്ടിചേർക്കലുകൾ വരുത്തുന്നതിനും തെറ്റുകൾ

തിരുത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിന് കുഞ്ഞ് ജനിച്ച സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നേരിട്ട് എത്തി അപേക്ഷ സമർപ്പിക്കേണ്ടി വരുന്നതിനാൽ രക്ഷിതാക്കൾ നേരിടേണ്ടിവരുന്ന പ്രയാസം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) ജനന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

## <u>അൻപത് മൈക്രോണിന് താഴെയുള്ള അധിക കവറുകളുടെ ഉപയോഗം</u>

5583 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ .പി. കെ. ബഷീർ**
**ശ്രീ . പി . ഉബൈദുള്ള**
**ശ്രീ എൻ എ നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അൻപത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ നിർമ്മിക്കാനോ വില്പന നടത്താനോ പാടില്ല എന്ന നിയമം നിലനിൽക്കേ അവയുടെ ഉപയോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ ഗുരുതരമായ മാലിന്യപ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നതായ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ?

## <u>പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ നിരോധനം</u>

5584 **ശ്രീ എ കെ എം അഷ്റഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. അബ്ദുൽ ഹമീദ് പി**
**ശ്രീ . ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി ഒന്ന് മുതൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചെങ്കിലും അവയുടെ ഉപയോഗം തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനായി കർശന പരിശോധനകൾ നടത്താറുണ്ടോ; ഉണ്ടെങ്കിൽ പരിശോധനയിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്ലാസ്റ്റിക് നിരോധനം കർശനമായി നടപ്പിലാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

## <u>കെ.എ.എൽ. നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോകൾ</u>

5585 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എൽ. നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോകൾ തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരം സബ്സിഡി നൽകി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഗ്രാമീണ റോഡുകളുടെ പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്യൽ**

5586 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിൽ ആവശ്യമായ മെറ്റീരിയൽസ് സ്റ്റോക്ക് ചെയ്ത് റിപ്പോർട്ട് സമർപ്പിക്കേണ്ടതിന്റെ നടപടിക്രമങ്ങൾ അറിയിക്കാമോ;

(ബി) ഇത്തരത്തിൽ സ്റ്റോക്ക് ചെയ്യാനുള്ള സൗകര്യം പല സ്ഥലങ്ങളിലും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്റ്റോക്ക് റിപ്പോർട്ട് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രവൃത്തിയുടെ വിവിധ ഘട്ടങ്ങളിലെ ലെവൽസ് റിപ്പോർട്ട് ചെയ്യുന്നത് വഴി ഈ പ്രയാസം ഒഴിവാക്കാൻ സാധിക്കുമോയെന്ന് അറിയിക്കാമോ;

(ഡി) പ്രവൃത്തിക്ക് ആവശ്യമായ മെറ്റീരിയൽസിന്റെ അളവും ഗുണമേന്മയും ഉറപ്പ് വരുത്തുന്നതിന് നൂതന സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

**അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് നടപടി**

5587 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽ വരുന്ന അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് വർഷത്തിൽ എത്ര തവണയാണ് നടപടികൾ സ്വീകരിച്ചുവരുന്നതെന്ന് പറയാമോ; 2021 ൽ ഇതിനായി പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പരസ്യത്തിന്റെ ഭാഗമായി റോഡ് തടസ്സപ്പെടുത്തി ബോർഡുകൾ സ്ഥാപിക്കുന്നതും വഴിയോര കച്ചവടത്തിന്റെ ഭാഗമായി റോഡ് തടസ്സപ്പെടുത്തി സ്ഥിരം നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതും കേരളത്തിലെ ഏതെല്ലാം പഞ്ചായത്തുകളുടെ പരിധിയിലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ വിവരങ്ങൾ ലഭ്യമാക്കുമോ; ഈ അനധികൃത പ്രവൃത്തികൾ നീക്കം ചെയ്ത് റോഡ് യാത്ര സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) അനധികൃത ബോർഡുകളും നിർമ്മാണങ്ങളും നീക്കം ചെയ്യുന്നതിന് സർക്കാർ നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; ഇത് കർശനമായി പാലിക്കാൻ ബന്ധപ്പെട്ടവർക്ക് ഒരിക്കൽ കൂടി കർശന നിർദ്ദേശം നൽകുമോ?

**കെട്ടിട നിർമ്മാണ തൊഴിലാളി സെസ്സ്**

5588 **ശ്രീമതി കെ.കെ.രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണത്തൊഴിലാളി സെസ്സായി കെട്ടിട ഉടമകളിൽ നിന്നും നിശ്ചിത തുക ഈടാക്കുന്നുണ്ടോ; കെട്ടിട നിർമ്മാണത്തിന്റെ ഏത് ഘട്ടത്തിലാണ് തുക അടയ്ക്കുന്നത് സംബന്ധിച്ച് ഉടമകൾക്ക് അറിയിപ്പ് നൽകുന്നത്; തുക കണക്കാക്കുന്നതും ഈടാക്കുന്നതും എപ്രകാരമാണ്; ഒരോ കെട്ടിടത്തിനും ഈടാക്കുന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതു സംബന്ധിച്ച നിയമം പാസ്സാക്കിയത് എന്നാണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത നിയമം പാസ്സാക്കുന്നതിന് മുൻപ് നിർമ്മിച്ച കെട്ടിടങ്ങൾക്കും ഈ സെസ്സ് ബാധകമാണോയെന്നും അറിയിക്കാമോ;

(സി) പ്രസ്തുത തുക അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകിയിരുന്നോ; മുൻകൂർ നോട്ടീസ് നൽകാതെ കെട്ടിട ഉടമകളിൽ നിന്ന് പലിശ സഹിതം കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായോ;

(ഡി) എങ്കിൽ എന്നുമുതലുള്ള പലിശയാണ് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്; കുടിശ്ശികയായ ഓരോ വർഷത്തേക്കും ഈടാക്കുന്നത് എത്ര ശതമാനം പലിശയാണെന്നും കുടിശ്ശികയ്ക്ക് പിഴപലിശ ഈടാക്കുന്നുണ്ടോയെന്നും വിശദമാക്കാമോ;

(ഇ) കോവിഡ് കാരണം തൊഴിൽ നഷ്ടപ്പെട്ട് ദുരിതമനുഭവിക്കുന്ന സാധാരണക്കാരായ ജനങ്ങൾക്ക് സെസ്സും പലിശയും ഉടനടി അടയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ നിയമം സംബന്ധിച്ച് അറിവില്ലാത്തവർക്കും നാളിതുവരെ ഇതുമായി ബന്ധപ്പെട്ട അറിയിപ്പുകൾ ലഭിച്ചിട്ടില്ലാത്തവർക്കും പിഴ കൂടാതെ കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ക്ഷേമ പെൻഷന് പ്രായം തെളിയിക്കുന്നതിനായി ഹാജരാക്കേണ്ട രേഖകൾ

5589 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിന് പ്രായം തെളിയിക്കുന്നതിനായി നിലവിൽ എന്തെല്ലാം രേഖകൾ ആണ് സ്വീകരിക്കുന്നത്;

(ബി) സ്കൂൾ രേഖകൾ ലഭ്യമല്ലാത്തവർക്ക് വയസ്സ് തെളിയിക്കുന്നതിനായി എന്തെല്ലാം രേഖകൾ ഹാജരാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) വയസ്സ് തെളിയിക്കുന്നതിനായി ആധാർ കാർഡ്, റേഷൻ കാർഡ് തുടങ്ങിയവ പരിഗണിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ

5590 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ വി ജോയി**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കാലികമായി നവീകരിക്കുന്നതിനും ആവശ്യമായ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ജില്ലാ ആസൂത്രണ സമിതികൾ നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) വകുപ്പിന്റെ കാര്യക്ഷമതയോടെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിന് എന്തെല്ലാം ഗവേഷണ പരിപാടികൾക്കാണ് രൂപം നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) നഗരാസൂത്രണം, നഗരാധിവാസം, പൈതൃകസംരക്ഷണം, ഗതാഗത സംവിധാനം എന്നിവ സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ഇറച്ചിക്കോഴി കടകളിലെ മാലിന്യസംസ്കരണം

5591 **ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ .പി. കെ. ബഷീർ**
**പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇറച്ചിക്കോഴി കടകളിലെ മാലിന്യം സംസ്കരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ വിശദമാക്കാമോ;

(ബി) കോഴിയിറച്ചി വിൽക്കുന്നവർ തന്നെ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സാമൂഹ്യക്ഷേമ പെൻഷനുകൾ പുനരാരംഭിക്കൽ

5592 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്റ്ററിംഗ് നടക്കാത്തതുമൂലം ഏതെല്ലാം സാമൂഹ്യക്ഷേമ പെൻഷനുകളാണ് തടയപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷൻ വിതരണവും മസ്റ്ററിംഗും സംബന്ധിച്ച് യഥാസമയം അറിയിപ്പ് കൊടുക്കുന്നതിൽ വന്ന വീഴ്ചയ്ക്ക് പരിഹാരം കണ്ടെത്തുമോ; വിശദമാക്കാമോ?

## ലൈഫ് പദ്ധതിയിലെ പുതിയ അപേക്ഷകൾ

5593 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ പുതുതായി എത്ര വീടുകൾക്കാണ് അപേക്ഷ ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകൾക്ക് മുൻഗണന നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) നിബന്ധനകൾക്കനുസരിച്ച് മുൻഗണനാ പട്ടിക നിശ്ചയിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) അന്തിമ പട്ടിക എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

**<u>പ്ലാസ്റ്റിക് കവറുകളുടെ വർദ്ധിച്ച ഉപയോഗം</u>**

5594 **ഡോ. എം.കെ . മുനീർ**
**ശ്രീ എൻ എ നെല്ലിക്കുന്ന്**
**ശ്രീ . മഞ്ഞളാംകുഴി അലി**
**ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അൻപത് മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് കവറുകൾ നിർമ്മിക്കാനോ വില്പന നടത്താനോ പാടില്ലെന്ന നിയമം നിലനിൽക്കെ അവയുടെ ഉപയോഗം വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവ ഗുരുതരമായ മാലിന്യപ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

**<u>ചിറയിൻകീഴ് മണ്ഡലത്തിൽ ലൈഫ് പദ്ധതി പ്രകാരം നിർമ്മിച്ച ഭവനങ്ങൾ</u>**

5595 **ശ്രീ വി ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ 8 ഗ്രാമപഞ്ചായത്തുകളിൽ ലൈഫ് പദ്ധതി പ്രകാരം പട്ടികജാതി, മത്സ്യത്തൊഴിലാളി, ജനറൽ വിഭാഗങ്ങളിലായി നിർമ്മാണം പൂർത്തീകരിച്ച ഭവനങ്ങൾ എത്രയാണ്; നിർമ്മാണം നടന്നുവരുന്ന ഭവനങ്ങൾ എത്രയാണ്; വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഭവനരഹിതരുടെ അപേക്ഷകളിൽ പരിഹരിക്കപ്പെടാത്ത അപേക്ഷകളുടെ എണ്ണം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(സി) ഭൂരഹിതരും ഭവനരഹിതരുമായവരുടെ എത്ര അപേക്ഷകളാണ് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭിച്ചിട്ടുള്ളത്; പ്രസ്തുത വിഷയത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

**<u>ലീസ് ഭൂമിയിൽ നിന്നുമുള്ള പാറ ഖനനം</u>**

5596 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീസ് ഭൂമിയിൽ നിന്നുള്ള പാറ ഖനനത്തിന് ലൈസൻസ് നൽകുന്നത് തദ്ദേശസ്ഥാപനങ്ങൾ മുഖേനയാണോ; എങ്കിൽ നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

**<u>ലൈഫ് ഭവന പദ്ധതിയുടെ അന്തിമ ഗുണഭോക്തൃലിസ്റ്റ്</u>**

5597 **ശ്രീ . ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ലെ ലൈഫ് ഭവന പദ്ധതിയുടെ അന്തിമ ഗുണഭോക്തൃലിസ്റ്റ് പരിശോധന പൂർത്തീകരിച്ച് അംഗീകരിച്ച് നൽകുന്നതിന് സർക്കാർ തയ്യാറാകാത്തതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതി മുന്നോട്ടു കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ വെളിയങ്കോട് ഗ്രാമ പഞ്ചായത്ത് ലൈഫ് ഭവന നിർമാണ പദ്ധതിയുടെ 2020 ലെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനായി സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ നടപടി വൈകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ; അന്തിമ ഗുണഭോക്തൃലിസ്റ്റ് അടിയന്തരമായി അംഗീകരിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>മുനിസിപ്പൽ സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കുള്ള അന്തർ വകുപ്പ് മാറ്റം</u>

5598 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്യുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അന്തർ വകുപ്പ് മാറ്റത്തിന് അവസരമുള്ളപ്പോൾ മുനിസിപ്പൽ സർവീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഈ ആനുകൂല്യം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

## <u>തദ്ദേശ സ്വയംഭരണ ഏകീകൃത പൊതു സർവ്വീസ്</u>

5599 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ ഏകീകൃത പൊതു സർവ്വീസ് രൂപപ്പെടുമ്പോൾ ഗ്രാമ പഞ്ചായത്ത് ജീവനക്കാർക്ക് നഗരസഭയിലും നഗരസഭയിൽ ജോലി ചെയ്യുന്നവർക്ക് ഗ്രാമ വികസന വകുപ്പിലും ട്രാൻസ്ഫർ നേടുവാൻ കഴിയുമോ;

(ബി) ഇത്തരത്തിൽ പൊതു സർവ്വീസിനുള്ളിൽ ഉള്ള എല്ലാ വകുപ്പുകളിലെയും ജീവനക്കാർക്ക് പരസ്പരം എല്ലാ വകുപ്പുകളിലും ജോലി ചെയ്യുവാനുള്ള സാധ്യത ഉണ്ടോ;

(സി) നിലവിൽ പൊതു സർവ്വീസിൽ ഉൾപ്പെട്ട ഓരോ വകുപ്പുകളിലേയും ജോലിയുടെ സ്വഭാവം വ്യത്യസ്തമായിരിക്കെ ഏതു രീതിയിലാണ് സമാന തസ്തികകളെ ഏകോപിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ പൊതു സർവ്വീസിൽ ഉൾപ്പെട്ട എല്ലാ വകുപ്പുകളിലെയും സമാന തസ്തികകളെ ഏത് രീതിയിലാണ് വിന്യസിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## <u>ഗുരുവായൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായുള്ള ഫ്ലാറ്റുകൾ</u>

5600 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി ഫ്ലാറ്റ് നിർമ്മാണത്തിന് ഭൂമി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭൂരഹിത, ഭവനരഹിതർക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഇതുവരെ സ്വീകരിച്ച നടപടികൾ പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് ഭൂരഹിത, ഭവനരഹിതർക്കായി ലൈഫ് മിഷൻ എത്ര ഫ്ലാറ്റുകൾ നിർമ്മിച്ചുവെന്ന വിശദവിവരം അറിയിക്കാമോ?

## റിസർജന്റ് വായ്പാ പദ്ധതി

5601 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയാനന്തര പാക്കേജ്, 2019-ലെ കോവിഡ് പാക്കേജ് എന്നിവയുടെ ഭാഗമായി പ്രഖ്യാപിച്ച റിസർജന്റ് വായ്പാ പദ്ധതി പ്രകാരം കുടുംബശ്രീ വഴി എത്ര രൂപയുടെ വായ്പാ ലഭ്യത ഉറപ്പാക്കാൻ സാധിച്ചു; ഈ വായ്പകൾ പലിശരഹിതമാക്കുന്നതിനായി സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## കുറ്റ്യാടി മണ്ഡലത്തിലെ എസ്.സി. ഫണ്ട് വിനിയോഗം

5602 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ തദ്ദേശസ്ഥാപനങ്ങളിലെ 2020-21 സാമ്പത്തിക വർഷത്തെ എസ്.സി. ഫണ്ട് വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) എസ്.സി. ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള ഭവന നിർമ്മാണം

5603 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ ചെമ്മനാട് പഞ്ചായത്തിൽ പ്രീഫാബ് ടെക്നോളജി ഉപയോഗിച്ചുള്ള ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തി പാതി വഴിയിൽ നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രോജക്ട് സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ?

## വെഞ്ഞാറമൂട് മത്സ്യ മാർക്കറ്റിനോടനുബന്ധിച്ച് സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ്

5604 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നെല്ലനാട് ഗ്രാമപഞ്ചായത്തിലെ വെഞ്ഞാറമൂട് മത്സ്യ മാർക്കറ്റിനോടനുബന്ധിച്ചുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചത് ഏതു

ഫണ്ടുപയോഗിച്ചാണെന്നും ഏതു വർഷമാണ് സ്ഥാപിച്ചതെന്നും എത്ര തുകയാണ് ഇതിനായി വിനിയോഗിച്ചതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പ്ലാന്റ് എത്രനാൾ പ്രവർത്തിച്ചുവെന്നും പ്ലാന്റിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്ലാന്റിന്റെ നിർമ്മാണം സംബന്ധിച്ചും പ്രവർത്തനം നിർത്തിയത് സംബന്ധിച്ചുമുള്ള വിശദവിവരങ്ങൾ നൽകാമോ?

## <u>അരൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി</u>

5605 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ലൈഫ് പദ്ധതിയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് വീട് അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ലൈഫ് പദ്ധതി ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് പുതിയ അപേക്ഷ നൽകുവാൻ അനുമതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

## <u>തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റ് പദവി</u>

5606 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിൽ മേറ്റ് പദവിയിൽ നിയമിക്കുന്നതിനുള്ള യോഗ്യതകൾ എന്തൊക്കെയാണെന്നും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഇവരെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ആർക്കാണെന്നും വ്യക്തമാക്കുമോ;

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ മഞ്ഞപ്ര പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ മേറ്റ് തസ്തികയിൽ പ്രവർത്തിച്ചുവന്ന ശ്രീമതി ഷീബ ബിജുവിനെ ഈ പദവിയിൽ നിന്നും ഒഴിവാക്കിയതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ടിയാളെ ഈ പദവിയിൽ തിരിച്ചെടുക്കുന്നതിനായി അങ്കമാലി ബി.ഡി.ഒ., പഞ്ചായത്ത് സെക്രട്ടറി എന്നിവർക്ക് നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഈ കാര്യത്തിലുള്ള അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>എളവള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണം</u>

5607 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചതെന്നാണെന്നും കരാർ വച്ചത് എന്നാണെന്നും വ്യക്തമാക്കാമോ;

(ബി) കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടത് എന്നാണെന്നും എത്ര ശതമാനം പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിക്കാനായി എന്നും അറിയിക്കാമോ;

(സി) നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാകാത്തത്

എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## തിരുവല്ല മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതികൾ

5608 **ശ്രീ മാത്യൂ ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിൽ റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

## ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

5609 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഇരിക്കൂർ മണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പട്ടിക നൽകാമോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും ഏതെല്ലാം റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ;

(സി) പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## മണലൂർ മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

5610 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി മണലൂർ മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## കുട്ടനാട് കാവാലം പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ വീട്

5611 **ശ്രീ തോമസ് കെ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് കാവാലം ഗ്രാമപഞ്ചായത്തിൽ ചാരിറ്റി ട്രസ്റ്റ് മുഖേന വീട് അനുവദിച്ചവർക്ക് പ്രസ്തുത പദ്ധതി പാതിവഴിയിൽ ഉപേക്ഷിച്ചതിനെ തുടർന്ന് ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്കും ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട് അനുവദിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ലൈഫ് മിഷന് നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സാമ്പത്തികമായി വളരെ പിന്നാക്കം നിൽക്കുന്ന ഇവരെ സഹായിക്കുന്നതിന്

അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**കോട്ടയ്ക്കൽ മണ്ഡലത്തിലെ വട്ടപ്പറമ്പ് എസ്.സി കോളനിയിലെ റോഡ് നിർമ്മാണം**

5612 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം പഞ്ചായത്തിലെ വട്ടപ്പറമ്പ് എസ്.സി. കോളനി നിവാസികൾക്ക് മെയിൻ റോഡിൽ എത്തുവാൻ വേണ്ടി മലപ്പുറം ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ;

(ബി) നഗരസഞ്ചയ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് കൂടുതൽ ഫണ്ട് അനുവദിക്കണമെന്ന് കാണിച്ച് പഞ്ചായത്ത് അധികൃതർ ഡി.ഡി.പി. യ്ക്ക് അയച്ച കത്തിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

**മാനന്തവാടി നിയോജക മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി**

5613 **ശ്രീ ഒ . ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജക മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലെ എത്ര റോഡുകളാണ് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നത്;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതി**

5614 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ച പി.എം.ജി.എസ്.വൈ. പദ്ധതികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്കു വേണ്ടി ഗുരുവായൂർ മണ്ഡലത്തിൽ നിന്നും പദ്ധതി നിർദ്ദേശങ്ങൾ ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ചാത്തന്നൂർ മണ്ഡലത്തിലെ ലൈഫ് പദ്ധതി**

5615 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നഗരസഭ/ഗ്രാമപഞ്ചയാത്ത് അടിസ്ഥാനത്തിൽ എത്ര വീടുകൾ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു എന്നും അറിയിക്കാമോ;

(ബി) ചാത്തന്നൂർ മണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭിച്ചവരിൽ പട്ടികജാതി

വിഭാഗം എത്ര എന്നും പൊതുവിഭാഗം എത്ര എന്നും ലൈഫ് പദ്ധതി പ്രകാരം ഭൂരഹിതരായ എത്രപേർക്ക് ഭൂമി നൽകിയെന്നും വ്യക്തമാക്കാമോ;

(സി) ചാത്തന്നൂർ മണ്ഡലത്തിലെ പഞ്ചായത്തുകളിലും നഗരസഭയിലും ലൈഫ് പദ്ധതി പ്രകാരം നിലവിൽ എത്ര അപേക്ഷകർക്ക് വീടുകൾ അനുവദിക്കുവാനുണ്ടെന്നും ഇനി പരിഗണിക്കുവാനുള്ള ഭൂരഹിത ഭവനരഹിത അപേക്ഷകരുടെ എണ്ണം എത്രയെന്നും വിശദമാക്കാമോ?

## കൂരാച്ചുണ്ട് സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം

5616 **ശ്രീ. കെ.എം.സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുനൽകുന്നതിനായി ഗവൺമെന്റിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറേറ്റിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൂരാച്ചുണ്ട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി വിട്ടു കൊടുക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ?

## മണലൂർ മണ്ഡലത്തിലെ ലൈഫ് മിഷൻ പദ്ധതി

5617 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം അനുവദിച്ച വീടുകൾ എത്രയെന്നും അതിൽ പൂർത്തീകരിച്ചവ എത്രയെന്നും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) പൂർത്തീകരിക്കാൻ ബാക്കിയുള്ള വീടുകളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

## പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

5618 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് നിലവിലെ മാനദണ്ഡങ്ങളെന്തെന്ന് വിശദവിവര സഹിതം അറിയിക്കാമോ;

(ബി) പുതിയ സ്കൂൾ കെട്ടിടങ്ങളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് അപേക്ഷയിൽ അപാകതകൾ ഉള്ള പക്ഷം അവ ക്രമവത്കരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) പുതിയ സ്കൂൾ കെട്ടിടത്തിന് ഫിറ്റ്നസ് ലഭിക്കാത്തതിനാൽ കുറ്റ്യാടി മണ്ഡലത്തിലെ ആറങ്ങോട്ട് സ്കൂളിലെ അധ്യാപകർക്ക് 10 മാസമായി ശമ്പളം ലഭിക്കാത്ത അവസ്ഥ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

**ഷൊർണ്ണൂർ മണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി**

5619 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഷൊർണ്ണൂർ മണ്ഡലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വഴിയോര വിശ്രമ കേന്ദ്രങ്ങൾ എത്രയെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ നിർമ്മാണം പൂർത്തീകരിച്ചവ എത്രയെന്ന് വിശദമാക്കാമോ?

**പാലക്കാട് പുതുക്കോട് സർവ്വജന സ്കൂൾ കെട്ടിട നിർമ്മാണം**

5620 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബജറ്റിൽ പാലക്കാട് ജില്ലയിലെ പുതുക്കോട് പഞ്ചായത്തിലെ സർവ്വജന സ്കൂളിന് പ്രഖ്യാപിച്ച പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**ആരാധനാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള അനുമതി**

5621 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരാധനാലയങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകാനുള്ള അധികാരം ആർക്കാണ് നൽകിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) നടപടികൾ ലഘൂകരിക്കുന്നതിനായി ഈ വിഷയത്തിൽ സർക്കാർ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

**ലൈഫ് ഭവന പദ്ധതി**

5622 **ശ്രീ. എ . പി . അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളുടെ പട്ടിക നിലവിലുണ്ടോ;

(ബി) 2020-ൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് ഓൺലൈനായി അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും പട്ടിക ഇതുവരെ പ്രസിദ്ധീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) വെരിഫിക്കേഷൻ നടത്തുന്നതിനും പട്ടിക പ്രസിദ്ധീകരിക്കുന്നതിനും നടപടി

സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

**മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതി**

5623 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ തദ്ദേശറോഡ് പുനരുദ്ധാരണ പദ്ധതിയുടെ ഭാഗമായി പ്രവൃത്തി പൂർത്തീകരിച്ച റോഡുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളുടെ തുക അനുവദിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**കൽപറ്റ നിയോജകമണ്ഡലത്തിൽ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ**

5624 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എൽ.ജി.എം.എസ്. സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ നിലവിൽ കൽപറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ പ്രാവർത്തികമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

**വളാഞ്ചേരി സബ് ട്രഷറി നിർമ്മാണം**

5625 **പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറി നിർമ്മാണത്തിനായി ഗ്രാമ വികസന വകുപ്പിന്റെ കൈവശം ഉള്ള ഭൂമി ലഭ്യമാക്കണമെന്ന വിഷയത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) RC3/1564/2019 നമ്പർ ഫയലിൽ ഗ്രാമ വികസന കമ്മീഷണർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പരിമിതമായ സൗകര്യങ്ങളോടുകൂടി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സബ് ട്രഷറിയ്ക്കു വേണ്ടി സ്ഥലം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ**

5626 **ശ്രീ .പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിന് എവിടെയെല്ലാം സോണൽ ഓഫീസുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ ഓഫീസുകളിലായി ആകെ എത്ര ജീവനക്കാർ ഉണ്ടെന്ന് അറിയിക്കുമോ;

(സി) ഈ ഓഫീസുകളിലെല്ലാം ഓഡിറ്റ് പരിശോധന നടത്താറുണ്ടോയെന്നും എവിടെയെല്ലാമാണ് നികുതി പിരിവിലും കണക്ക് സൂക്ഷിപ്പിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുള്ളത് എന്നും വെളിപ്പെടുത്തുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാമ്പത്തിക സുതാര്യത ഉറപ്പ് വരുത്താൻ സർക്കാർ തലത്തിൽ സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ;

(ഇ) പ്ലാസ്റ്റിക് മാലിന്യ നിർമാർജനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇതിനായി വീടുകളിൽ നിന്നും പണപ്പിരിവ് നടത്തുന്നതിന് ആലോചനയുണ്ടോ; വിശദാംശം നൽകുമോ;

(എഫ്) ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ട് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## ഗ്രാമപഞ്ചായത്ത് വകുപ്പിൽ സ്പാർക്ക്

5627 **ശ്രീ. അബ്ദുൽ ഹമീദ് പി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിൽ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് സ്പാർക്ക് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും ഡയറക്ടറേറ്റ്, പെർഫോമൻസ് ഓഡിറ്റ് വിംഗ്, ജില്ലാ ഓഫീസുകൾ തുടങ്ങിയ ഓഫീസുകളിൽ ട്രാൻസ്ഫർ ആയി പോകുമ്പോൾ സ്പാർക്ക് ഉപയോഗിക്കുന്നതിലെ സാങ്കേതിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി മുഴുവൻ ജീവനക്കാർക്കും ഏകീകൃത രീതിയിൽ സ്പാർക്ക് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) തദ്ദേശ സ്വയംഭരണ പൊതുസർവ്വീസിൽ ഉൾപ്പെട്ട മുൻസിപ്പാലിറ്റി, കോർപ്പറേഷൻ, നഗരവികസനം, ഗ്രാമവികസനം എന്നീ വകുപ്പുകളിൽ സ്പാർക്ക് നിലവിലുള്ളപ്പോൾ ഗ്രാമപഞ്ചായത്തുകളിൽ മാത്രം ആയത് നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്തതും എന്നാൽ ജീവനക്കാർക്ക് ഗുണകരവുമാകുന്ന തരത്തിൽ ഗ്രാമ പഞ്ചായത്തുകളിൽ സ്പാർക്ക് നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

## തദ്ദേശ സ്ഥാപനങ്ങളിലെ മുൻ ജന പ്രതിനിധികൾക്ക് പെൻഷൻ

5628 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ ജന പ്രതിനിധികൾക്ക് പെൻഷനും ആരോഗ്യ സുരക്ഷ പദ്ധതികളും ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(സി) ഇതിനായി ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉപസമിതിയിലെ അംഗങ്ങൾ ആരൊക്കെയെന്നും പ്രവർത്തനം ഏതു ഘട്ടത്തിലാണെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദീകരിക്കുമോ?

## വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗവ. ന്യൂ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മാണം

5629 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തികവർഷം നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽ നിന്നും 90 ലക്ഷം രൂപയ്ക്ക് 24.11.2017-ൽ ആർ.ഡി.4-1023/17 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും തദ്ദേശസ്വയംഭരണ വകുപ്പിനെ നിർമ്മാണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളതുമായ വൈപ്പിൻ നിയോജകമണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗവ. ന്യൂ എൽ.പി. സ്കൂളിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയുടെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കാലാവധി അവസാനിച്ചിട്ടുണ്ടെങ്കിൽ ഭരണാനുമതി പുതുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## <u>നിലമ്പൂർ മണ്ഡലത്തിലെ എടക്കര ബൈപ്പാസ് നിർമ്മാണം</u>

5630 **ശ്രീ. പി.വി.അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിലെ എടക്കര ബൈപ്പാസ് നിർമ്മാണത്തിന് എടക്കര ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുള്ള ചില റോഡുകളുടെ ഭാഗങ്ങൾ പൊതുമരാമത്ത് വകുപ്പിന് വിട്ട് നൽകിയിട്ടുണ്ടോ; ഈ ഭാഗങ്ങൾ കൈമാറണമെന്ന് പൊതുമരാമത്ത് വകുപ്പ് എടക്കര ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പും എടക്കര ഗ്രാമപഞ്ചായത്തിൽ കത്ത് ലഭിച്ച തീയതിയും ലഭ്യമാക്കാമോ;

(ബി) എടക്കര ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിന്റെ തീരുമാനങ്ങളുടെ പകർപ്പുകളും ഗ്രാമപഞ്ചായത്ത് സെക്രട്ടറി പൊതുമരാമത്ത് വകുപ്പിന് നൽകിയ കത്തുകളുടെയും മറുപടികളുടെയും പകർപ്പുകളും ലഭ്യമാക്കാമോ;

(സി) പൊതുമരാമത്ത് റോഡുകളുടെ അലൈൻമെന്റ് നിശ്ചയിക്കുന്നതിലും മാറ്റുന്നതിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ടോയെന്ന് അറിയിക്കാമോ; വിശദമാക്കാമോ;

(ഡി) പൊതുമരാമത്ത് നിശ്ചയിക്കുന്ന അലൈൻമെന്റുകൾ സ്വകാര്യ താൽപര്യാധിഷ്ഠിതമാണെന്ന് ഏതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കണ്ടെത്താനാകുക; ഇത്തരം പരിശോധനകൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങളോ ചട്ടങ്ങളോ രൂപീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ;

(ഇ) എടക്കര ബൈപ്പാസുമായി ബന്ധപ്പെട്ട നിലവിലുള്ള അലൈൻമെന്റിൽ വാസഗൃഹങ്ങളും കിണറും ശൗചാലയങ്ങളും നഷ്ടപ്പെടുമെന്ന് കാണിച്ച് എടക്കര ഗ്രാമപഞ്ചായത്തിൽ ആരുടെയെങ്കിലും സങ്കട ഹർജികൾ ലഭിച്ചിട്ടുണ്ടോ;

ഉണ്ടെങ്കിൽ നാളിതുവരെ ലഭിച്ച സങ്കട ഹർജികളുടെ പകർപ്പ് ലഭ്യമാക്കാമോ; മേൽ സങ്കട ഹർജികളിൽ ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(എഫ്) പൊതുതാൽപര്യമുള്ള എടക്കര ബൈപ്പാസ് പോലുള്ള വിഷയങ്ങളിൽ അധികാര പരിധിയിൽ വരാത്ത കാരണങ്ങൾ ചൂണ്ടിക്കാട്ടി പൊതുമരാമത്ത് വകുപ്പിന് സ്ഥലം വിട്ട് നൽകുന്നത് മനഃപൂർവ്വം താമസിപ്പിക്കുന്ന തരത്തിൽ കത്തുകളും മറുപടികളും നൽകുന്നതായി ആരോപിക്കപ്പെടുന്ന എടക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം നടത്തുമോ?

**ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി ജനകീയ സമിതികൾ**

5631 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) കാസർഗോഡ് ജില്ലയിൽ ജനകീയ സമിതികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ ഏതൊക്കെ നദികളും നീർച്ചാലുകളുമാണ് പുനരുജ്ജീവിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ഗ്രാമ പഞ്ചായത്തുകളിലെ പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ**

5632 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ പഞ്ചായത്തുകളിൽ പ്രായോഗികമല്ലാത്ത നിർദ്ദേശങ്ങൾ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥൻ ജീവനക്കാരുടെ പേരിൽ കഠിന നടപടികൾ സ്വീകരിക്കുന്നുവെന്നയാക്ഷേപം പരിശോധിക്കുമോ;

(സി) പഞ്ചായത്തുകളിൽ ഏതെങ്കിലും കാര്യം നടപ്പിലാക്കുന്നതിന് ആവശ്യമായ സമയം നൽകാതെ ജീവനക്കാരെ സമ്മർദ്ദത്തിലാക്കുന്നത് തടയുവാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) പഞ്ചായത്ത് ജീവനക്കാർ ഫോൺ മൂന്ന് റിങ്ങിനുള്ളിൽ എടുക്കണമെന്ന പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ജനപ്രതിനിധികൾ ഉൾപ്പെടെയുള്ളവർ ഫോൺ വിളിച്ചാൽ ഈ ഉദ്യോഗസ്ഥൻ ഫോൺ എടുക്കാറില്ലെന്ന ആക്ഷേപം അന്വേഷിക്കുമോ; ഈ വിഷയത്തിൽ സർക്കാർ നയം വ്യക്തമാക്കാമോ;

(ഇ) ഈ ഉദ്യോഗസ്ഥൻ ഫയലുകൾ വച്ച് താമസിപ്പിക്കുന്നതും തുടർച്ചയായി ഓഫീസ് വിട്ട് നിൽക്കുന്നതുമായ ആരോപണം അന്വേഷിച്ച് നടപടികൾ സ്വീകരിക്കുമോ?

**പഞ്ചായത്തുകളിൽ തനത് ഫണ്ട് വർദ്ധിപ്പിക്കാൻ നടപടി**

5633 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ,

ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തനത് ഫണ്ട് കുറവുള്ള പഞ്ചായത്തുകളിൽ പ്രസ്തുത ഫണ്ട് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികളെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) തനത് ഫണ്ട് കുറവുള്ള പഞ്ചായത്തുകളിൽ ആയത് വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് പഞ്ചായത്തുകളെ സ്വയം പര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

**<u>ബയോമെട്രിക് മസ്റ്ററിംഗ്</u>**

5634 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സാമൂഹികക്ഷേമ പെൻഷനുകൾ എത്ര പേർക്ക് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരുടെ ബയോമെട്രിക് മസ്റ്ററിംഗ് അടിയന്തരമായി നടത്തി അർഹതപ്പെട്ട എല്ലാപേർക്കും കുടിശ്ശികയടക്കമുള്ള പെൻഷൻ ലഭ്യമാക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ക്ഷേമ പെൻഷൻ വിതരണത്തിൽ വരുന്ന കാലതാമസം പരിഹരിക്കുന്നതിനായി സത്വര നടപടികൾ കൈകൊള്ളുമോ?

**<u>തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടി</u>**

5635 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രോൺ സർവ്വേ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളുടെ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കാമോ; ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നത് പ്രകാരം എന്തൊക്കെ പ്രയോജനങ്ങൾ ആണ് ലഭിക്കുന്നത് എന്നറിയിക്കാമോ; ഡിജിറ്റൈസ് ചെയ്ത ആസ്തികൾ യഥാസമയം അപ്ഡേറ്റ് ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ എത്ര തദ്ദേശ സ്ഥാപനങ്ങൾ ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(സി) ആസ്തികൾ ഡിജിറ്റൈസ് ചെയ്യുന്നതിന് ഏതൊക്കെ സർക്കാർ അംഗീകൃത ഏജൻസികൾ ആണ് നിലവിലുള്ളതെന്ന് വിശദവിവരങ്ങൾ സഹിതം അറിയിക്കാമോ?

**<u>കാസർഗോഡ് ജില്ലയിൽ ലൈഫ് ഭവന പദ്ധതി</u>**

5636 **ശ്രീ സി എച്ച് കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ലൈഫ് ഭവന പദ്ധതി പ്രകാരം നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് നൽകിയ വീടുകൾ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

## തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

5637 **ശ്രീ. ടി.സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ

5638 **ശ്രീ. യു.എ.ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകളിൽ എത്ര അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ ആണുള്ളത്; അസിസ്റ്റന്റ് സെക്രട്ടറി തസ്തികകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ എന്തുകൊണ്ടാണ് പ്രസ്തുത തസ്തികകൾ സൃഷ്ടിക്കാത്തത്;

(ബി) പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലർക്ക് ജൂനിയർ സൂപ്രണ്ട് അനുപാതം എത്രയാണ്;വ്യക്തമാക്കാമോ;

(സി) സർക്കാരിന് യാതൊരു അധിക സാമ്പത്തിക ബാധ്യതയും ഇല്ലാതെ പഞ്ചായത്തുകളിലെ ഹെഡ് ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി മാറ്റാവുന്നതാണെന്നിരിക്കെ നാളിതുവരെ ഇതുസംബന്ധിച്ച് ഒരു തീരുമാനം ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) അഞ്ച് ക്ലറിക്കൽ തസ്തികയ്ക്ക് ഒരു ജൂനിയർ സൂപ്രണ്ട് എന്ന അനുപാതം നിലനിൽക്കെ, അഞ്ച് ക്ലറിക്കൽ തസ്തികയിൽ കൂടുതലുള്ള പഞ്ചായത്തുകളിൽ പ്രസ്തുത അനുപാതം പാലിക്കാതെ വരുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിക്കുമോ; അനുകൂലമായ നടപടി സ്വീകരിക്കുമോ?

## അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ

5639 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകളുണ്ട് എന്ന് അറിയിക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഈ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അസിസ്റ്റന്റ് എഞ്ചിനീയർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കാനുള്ള ഉത്തരവ് നിലനിൽക്കുന്നുണ്ടോ; പ്രസ്തുത ഉത്തരവിലെ വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ;

(ഡി) ഈ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം നിയമിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് നിർവ്വഹണ ചുമതല ഏറ്റെടുക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് അറിയിക്കാമോ?

**തദ്ദേശസ്വയംഭരണ വകുപ്പിലെ ഓവർസിയർമാരുടെ തസ്തികകൾ**

5640 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ ഓവർസിയർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക വിഭാഗത്തിൽപ്പെട്ട ഓവർസിയർമാരുടെ സേവനം പദ്ധതി നിർവ്വഹണത്തിന് അത്യന്ത്യാപേക്ഷിതമായിരിക്കെ, ഒഴിവുള്ള മുഴുവൻ തസ്തികകളിലും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**പാലക്കാട് ജില്ലയിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ**

5641 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വകുപ്പിന് കീഴിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര തസ്തികകൾ ഒഴിവുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

**എൽ.ഡി ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കൽ**

5642 **ശ്രീ . പി . ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തിക സൃഷ്ടിക്കണമെന്നുള്ള പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയിൽ നടപടി കൈക്കൊള്ളണമെന്ന കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 10.09.2021 ലെ ഒ.എ.(ഇ.കെ.എം) 1115/2021 വിധിന്യായത്തിലെ നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയുടെ പേര് എൽ.ഡി. കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് ആക്കണമെന്ന പത്താം ശമ്പള കമ്മീഷന്റെ ശിപാർശ നടപ്പാക്കാൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇക്കാര്യത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

**നഗരസഭകളിലെ അക്കൗണ്ടന്റ് തസ്തിക**

5643 **ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലേതിന് സമാനമായി നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ച് ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) നഗരസഭകളിൽ അക്കൗണ്ടന്റ് തസ്തിക ഇല്ലാത്തതിനാൽ എ.എഫ്.എസ്., ധനവിനിയോഗ കണക്കുകൾ എന്നിവ തയ്യാറാക്കുന്നതിൽ പ്രയാസം നേരിടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) എ.എഫ്.എസ്., ഡബിൾ എൻട്രി അക്കൗണ്ടിംഗ് എന്നിവ കൈകാര്യം ചെയ്യുന്നതിന് ഏതെല്ലാം നഗരസഭകളിലാണ് പുറമേ നിന്നുള്ള വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തുന്നതെന്ന വിവരം ലഭ്യമാക്കാമോ?

## കാസർഗോഡ് ജില്ലയിൽ ഒഴിവുള്ള തസ്തികകൾ

5644 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിലും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തവ എത്രയെന്നും താല്ക്കാലികമായി നികത്തിയ ഒഴിവുകൾ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(സി) എൻജിനീയറിംങ് വിഭാഗത്തിലായി ജില്ലയിൽ ഏതൊക്കെ തസ്തികകളിൽ ഒഴിവുകൾ നിലനിൽക്കുന്നുണ്ടെന്നും ഈ ഒഴിവുകൾ എന്ന് മുതലാണ് നിലവിൽ വന്നതെന്നും വ്യക്തമാക്കാമോ?

## തൊഴിലുറപ്പ് പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് നടപടി

5645 **ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശസ്ഥലവും താമസസ്ഥലവും വ്യത്യസ്ത തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായതിനാൽ തൊഴിലുറപ്പ് പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കാത്തത് കാരണം കർഷകർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാരണങ്ങളാൽ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഗ്രാമീണ റോഡുകളുടെ പുന:നിർമ്മാണം

5646 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കനത്ത മഴയെത്തുടർന്നുണ്ടായ മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലും വെള്ളപ്പാച്ചിലിലും തകർന്ന ഗ്രാമീണ റോഡുകളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) തകർന്ന ഗ്രാമീണ റോഡുകൾ അടിയന്തിരമായി പുന:നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിൽ റോഡ് നിർമ്മാണം

5647 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ എത്ര കിലോമീറ്റർ റോഡിനുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2018-19 മുതൽ ആലപ്പുഴ ജില്ലയിൽ ഭരണാനുമതി ലഭിച്ച റോഡുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

## <u>കില-യുടെ പരിശീലന പാഠ്യപദ്ധതി</u>

5648 **ശ്രീ കെ ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എം.വിജിൻ**
**ശ്രീ. എൻ.കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധികാര വികേന്ദ്രീകൃത ഭരണം സാർത്ഥകമാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സമഗ്ര പരിശീലനം നൽകുന്നതിനായി സർക്കാർ തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) വികേന്ദ്രീകൃത ഭരണ പരിശീലന കേന്ദ്രമായ കില-യുടെ പരിശീലന പാഠ്യപദ്ധതിയുടെ അടിസ്ഥാന ഘടകങ്ങളും പാഠ്യപദ്ധതിയുടെ രൂപീകരണ പ്രക്രിയയും വിശദമാക്കാമോ;

(സി) മറ്റ് വികസന വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന പരിശീലന സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയും തമ്മിലുള്ള ഏകോപനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കില ക്ക് റീജിയണൽ സെന്റർ</u>

5649 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കില-യ്ക്ക് തൃശ്ശൂർ കൂടാതെ മറ്റെവിടെയെങ്കിലും സെന്റർ നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) ടി സ്ഥാപനത്തിന് റീജിയണൽ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) നെയ്യാറ്റിൻകര താലൂക്കിൽ റീജിയണൽ സെന്റർ സ്ഥാപിക്കാനായി സ്ഥലം ഏറ്റെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ;

(ഡി) മലബാർ മേഖലയിൽ ഒരു സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണത്തിലുള്ള ക്രമാതീതമായ വർദ്ധനവ്</u>

5650 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണം സംബന്ധിച്ച് സർക്കാർ ശേഖരിച്ച കണക്കുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിൽ മയക്കുമരുന്ന് പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട വിശദാംശം ലഭ്യമാക്കുമോ; മുൻവർഷത്തേക്കാൾ ഇതിന്റെ തോത് എത്രയാണെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് കുട്ടികളിലെ ലഹരി ഉപയോഗം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഇതു തടയുന്നതിനായി പ്രത്യേകമായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ ഉപയോഗവും, വിപണനവും തടയുന്നതിനായി നിലവിലെ സംവിധാനം അപര്യാപ്തമാണെന്നതിനാൽ കൂടുതൽ കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാർ പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക</u>

5651 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി സംബന്ധമായ കേസുകളുടെ എണ്ണം വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ എക്സൈസ് സേനയുടെ സംഖ്യാബലം കൂട്ടുന്നതിനാവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) സിവിൽ എക്സൈസ് ഓഫീസർ തസ്തികകളുടെ എത്ര ശതമാനമാണ് വനിതകൾക്കായി നീക്കി വച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ, വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തികകളിലെ അനുവദിക്കപ്പെട്ട അംഗബലം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വനിതാ സിവിൽ എക്സൈസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട F1/153/2021/TD നമ്പർ ഫയലിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>പുതുക്കാട് എക്സൈസ് ഓഫീസ് അനുവദിക്കുന്നതിന് നടപടി</u>

5652 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി, തോട്ടം, മലയോര ഗ്രാമങ്ങൾ ഉൾപ്പെടുന്ന വരന്തരപ്പിള്ളി, മറ്റത്തൂർ, തൃക്കൂർ ഉൾപ്പെടെ ഏഴ് പഞ്ചായത്തുകളുള്ള പുതുക്കാട് ഒരു എക്സൈസ് ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കെ.എസ്.ബി.സി. ജീവനക്കാർക്ക് ഹൗസ് ബിൽഡിംഗ് അഡ്വാൻസ്</u>

5653 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

പുന:സ്ഥാപിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ബി.സി. യിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് പുന:സ്ഥാപിക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കെ.എസ്.ബി.സി. യിലെ ജീവനക്കാർക്ക് നിലവിലുള്ള കാഷ്വൽ ലീവ്, സിക്ക് ലീവ് (sick leave) എന്നിവയ്ക്ക് പകരം ആകസ്മികാവധി, അർദ്ധവേതന അവധി എന്നിവ നടപ്പാക്കുന്നതിന് നിയമതടസ്സമുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിച്ച് മറ്റ് വകുപ്പുകളിലേതുപോലെ ലീവ് പാറ്റേൺ നടപ്പിലാക്കുമോ; വിശദമാക്കാമോ?

## വിദേശ മദ്യം ചില്ല് കുപ്പികളിൽ ലഭ്യമാക്കാൻ നടപടി

5654 **ശ്രീ സി എച്ച് കുഞ്ഞമ്പു**
**ശ്രീ ഐ ബി സതീഷ്**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ നിർമ്മിത വിദേശ മദ്യം ചില്ല് കുപ്പികളിൽ ലഭ്യമാക്കണമെന്ന ബിവറേജസ് കോർപ്പറേഷന്റെ നിർദ്ദേശം മറ്റ് കമ്പനികൾ നടപ്പാക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഭാവിയിലെ പ്ലാസ്റ്റിക്ക് നിരോധനം മുന്നിൽക്കണ്ട് വിദേശമദ്യം ചില്ല് കുപ്പിയിലേക്ക് മാറ്റുവാൻ വേണ്ട നിർദ്ദേശം നൽകുമോ; വ്യക്തമാക്കാമോ;

(സി) ബിവറേജസ് കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയുടെ മദ്യമാണ് വിറ്റഴിച്ചതെന്ന് വ്യക്തമാക്കാമോ?

## കുണ്ടറ പെരുമ്പുഴ ബിവറേജസ് ഔട്ട് ലെറ്റ്

5655 **ശ്രീ പി സി വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജനവാസ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റുകൾ മൂലം പൊതുജനം നേരിടുന്ന ബുദ്ധിമുട്ടുകളെ കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിന് വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുജനങ്ങൾക്കും സമീപവാസികൾക്കും ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം പ്രത്യേക പാർക്കിംഗ് ഏരിയ ക്രമീകരിക്കണമെന്ന ഹൈക്കോടതി ഉത്തരവ്, കുണ്ടറ നിയോജകമണ്ഡലത്തിലെ പെരുമ്പുഴയിൽ പ്രവർത്തിക്കുന്ന ബിവറേജസ് ഔട്ട് ലെറ്റിൽ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവ് പാലിച്ചിട്ടില്ലായെങ്കിൽ ആയത് പാലിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) മേൽപ്പറഞ്ഞ കുണ്ടറ പെരുമ്പുഴ ബിവറേജസ് ഔട്ട് ലെറ്റിന് പുറകു വശത്തുള്ള കല്ലുംപുറം പട്ടികജാതി കോളിനിയിൽ നിന്നും മതിയായ ദൂരപരിധി അളക്കണമെന്ന

നിർദ്ദേശം, പരാതിക്കാരുടെ സാന്നിധ്യത്തിലാണോ എക്സൈസ് അധികൃതർ നിർവ്വഹിച്ചിട്ടില്ലതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ലെങ്കിൽ പരാതിക്കാരുടെ സാന്നിധ്യത്തിൽ ദൂരപരിധി അളക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## മദ്യ നിരോധനം

5656 **ശ്രീ. യു.എ.ലത്തീഫ്**
**ശ്രീ എ കെ എം അഷ്‌റഫ്**
**ഡോ. എം.കെ . മുനീർ**
**ശ്രീ . മഞ്ഞളാംകുഴി അലി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യുന്ന ക്രിമിനൽ കേസ്സുകളുടെയും വർദ്ധിച്ചുവരുന്ന റോഡപകടങ്ങളുടെയും കാരണം മദ്യപാനമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് സാമാധാന അന്തരീക്ഷം നിലനിർത്തുന്നതിനും പൊതുജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനും മദ്യ നിരോധനം സഹായകരമാകുമെന്ന് കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ മദ്യ നിരോധനം ഏർപ്പെടുത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

## മയക്കുമരുന്ന് വ്യാപനം തടയാൻ സ്പെഷ്യൽ ഡ്രൈവ്

5657 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനം തടയാൻ സ്പെഷ്യൽ ഡ്രൈവ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി എന്തെല്ലാം ബോധവൽക്കരണ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ചാലക്കുടി എക്സൈസ് സർക്കിൾ ഓഫീസ്

5658 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി എക്സൈസ് സർക്കിൾ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(സി) ഇതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ ഉണ്ടെങ്കിൽ എവിടെയെന്ന് വെളിപ്പെടുത്തുമോ?

| | |
|---|---|
| കേരള നിയമസഭാ | അംഗീകരിച്ച തീയതി: 26-10-2021 |
| സെക്രട്ടേറിയറ്റ്, | എസ് വി ഉണ്ണികൃഷ്ണൻ നായർ, |
| തിരുവനന്തപുരം | സെക്രട്ടറി |

---

**പ്രത്യേക ശ്രദ്ധയ്ക്ക്:** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].